"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ


| | | |
|---|---|---|
| *Vol. XXXVI* | *2008 October* | *No. 9* |
| വാർഷിക വരിസംഖ്യ 120 രൂപ, | | ഒറ്റപ്രതി 10 രൂപ |

# ഉള്ളടക്കം


സർക്കുലർ........................................................................ 745
സർക്കുലർ........................................................................ 755
ഇടയലേഖനം ...................................................................... 758
പ്രോലൈഫ് ....................................................................... 766
രൂപതാ കച്ചേരി വാർത്തകൾ........................................... 776
പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് .................................. 780
ഫൊറോന കൗൺസിൽ നിയമാവലി ................................ 782
റീജിയണൽ വാർത്തകൾ .............................................. 786
ദൈവവചനവർഷം ......................................................... 788
മതബോധനരംഗം ........................................................... 791
ചെറുപുഷ്പമിഷൻലീഗ് ................................................. 794
കെ. സി. വൈ. എം. ........................................................... 804
കുടുംബപ്രേഷിതത്വം ........................................................ 811
സിയോൻ വാർത്തകൾ..................................................... 815
വിൻസെന്റ് ഡി പോൾ സൊസൈറ്റി ............................... 818
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി .............................. 820
സാമൂഹ്യസേവന രംഗം ................................................. 822
സ്മോൾ ക്രിസ്റ്റ്യൻ കമ്യൂണിറ്റി.......................................... 828
അറിയിപ്പുകൾ ................................................................. 829
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ......................................... 830
ബിഷപ്സ് പ്രോഗ്രാം ......................................................... 831

# ഇടയലേഖനം

## വിശുദ്ധ അൽഫോൻസാ സഹനത്തിലൂടെയും സ്നേഹത്തിലൂടെയും വിശുദ്ധിയിലേക്ക്

**വന്ദ്യവൈദികരേ, ബഹുമാനപ്പെട്ട സന്യസ്തരേ,**
**പ്രിയ സഹോദരീ സഹോദരന്മാരേ,**

ഭാരതത്തിലെ, പ്രത്യേകിച്ച് കേരളത്തിലെ, കത്തോലിക്കാ സഭയുടെ വലിയ അഭിമാന ഭാജനമാണ് വി. അൽഫോൻസാമ്മ. ഒക്ടോബർ 12-ന് സാർവത്രികസഭ ഔദ്യോഗികമായി അൽഫോൻസാമ്മയെ വിശുദ്ധയെന്ന് പ്രഖ്യാപിക്കുകയാണല്ലോ. ഇരുപത് നൂറ്റാണ്ട് പഴക്കമുള്ള കേരളസഭയ്ക്ക് ഇത് പുണ്യ മുഹൂർത്തമാണ്. കഠിനരോഗവും വേദനയും ക്രിസ്തുവിന്റെ കുരിശിനോട് ചേർത്തുസഹിച്ച് അവൾ വിശുദ്ധിയിൽ വളർന്നു. ലോകദൃഷ്ടിയിൽ വൻകാര്യങ്ങളൊന്നും ചെയ്തിട്ടില്ലെങ്കിലും മനുഷ്യന്റെ ഉള്ളുകാണുന്ന ദൈവം അവളുടെ സമർപ്പണത്തിന്റെയും വിശ്വസ്ഥതയുടെയും ആഴം കണ്ടു. അവളെ മഹത്വീകരിച്ചു. ദൈവമായ കർത്താവിന്റെ ശക്തമായ പ്രവൃത്തികളുടെ സാക്ഷ്യമായവൾ പ്രശോഭിക്കുന്നു (cf. സങ്കീ. 71:16-17)

കുടമാളൂരിലെ മുട്ടത്തുപാടത്ത് കുടുംബത്തിൽ യൗസേപ്പിന്റെയും മറിയത്തിന്റെയും നാലാമത്തെ സന്താനമായി അൽഫോൻസാ 1910 ആഗസ്റ്റ് 19-ന് ഭൂജാതയായി. എട്ടാം ദിവസം അന്ന എന്ന നാമത്തിൽ ജ്ഞാനസ്നാനം നൽകപ്പെട്ടു. മൂന്നാം മാസം അമ്മ മരിച്ചതുകൊണ്ട് മുട്ടുചിറയിലെ മുരിക്കൻ ഭവനത്തിൽ ആറുമാസക്കാലം അമ്മയുടെ മൂത്തസഹോദരി വളർത്തി. പിന്നീട് മുട്ടത്തുപാടത്ത് മൂന്നാം ക്ലാസ് പാസ്സാകുന്നതുവരെ വസിച്ചു.

തുടർന്നുള്ള വിദ്യാഭ്യാസം മുട്ടുചിറയിലെ സർക്കാർ സ്കൂളിൽ മുരിക്കൻ വീട്ടിൽ താമസിച്ചുകൊണ്ട് നടത്തി. സുന്ദരിയും സുശീലയുമായ അന്നക്കുട്ടി ഏവരുടെയും പ്രിയപ്പെട്ടവളായി വളർന്നു വന്നു.

ചെറുപ്പംമുതലേ അന്നക്കുട്ടി ആന്തരികമായ ശക്തിയും ക്ഷമാശീലവും സഹനശക്തിയും പ്രകടമാക്കിയിരുന്നു. പേരമ്മയുടെ മക്കൾ അന്നയെ കള്ളിയും ശ്രദ്ധയില്ലാത്തവളുമായി അവതരിപ്പിക്കുവാൻ ശ്രമിച്ചപ്പോഴും സ്കൂളിൽ കൂട്ടുകാർ അവളെ ഉന്തിയിട്ട് മുട്ട് പൊട്ടിച്ചപ്പോഴും പരാതി കൂടാതെ അവരോട് ക്ഷമിച്ച് ഉണ്ണീശോയ്ക്ക് "സുകൃതമാല കോർത്തത്" പിന്നീടുള്ള ജീവിതത്തിന് മുന്നൊരുക്കമായിരുന്നു. ഈശോയ്ക്കായി തന്റെ ജീവിതം സമർപ്പിക്കാൻ ചെറുപ്പത്തിലേ അവൾ തീരുമാനിച്ചു. ഒരു പാവപ്പെട്ട മഠത്തിൽ ചേരണമെന്നതായിരുന്നു അന്നക്കുട്ടിയുടെ തീവ്രാഭിലാഷം. പേരമ്മയ്ക്ക് അത് സമ്മതമല്ലായിരുന്നു. നല്ലൊരു പുരുഷനെക്കൊണ്ട് അവളെ വിവാഹം കഴിപ്പിക്കണമെന്നതായിരുന്നു അവരുടെ ആഗ്രഹം. അന്നക്കുട്ടി ധർമ്മസങ്കടത്തിലായി. ഒരു അഗ്നി പരീക്ഷണത്തിലൂടെയാണ് അവൾ തന്റെ ആഗ്രഹം സാധിച്ചെടുത്തത്. പാദങ്ങൾ തീയിൽ പൊള്ളിച്ചതും അതിന്റെ അനന്തരഫലങ്ങളെ സധൈര്യം സ്വീകരിച്ചതും അവളുടെ ഉറച്ച തീരുമാനത്തിന്റെ ബഹിർസ്ഫുരണങ്ങളായിരുന്നുവെന്ന് കാലം പിന്നീട് തെളിയിച്ചല്ലോ.

1928 ആഗസ്റ്റ് രണ്ടിന് അന്നക്കുട്ടി ഭരണങ്ങാനം ക്ലാരമഠത്തിൽ അർത്ഥിനിയായിച്ചേർന്ന്, അൽഫോൻസാ എന്ന പേര് സ്വീകരിച്ചു. തുടർന്ന് ചങ്ങനാശ്ശേരി വാഴപ്പള്ളിയിൽ എട്ടാം ക്ലാസിൽ മലയാളം ഹയർ പഠനത്തിന് അധികാരികൾ അയച്ചു. അനാരോഗ്യം കാരണം പഠനം പൂർത്തീകരിക്കാനായില്ല. 1930 മെയ് 19-ന് സഭാവസ്ത്രം സ്വീകരിച്ച അൽഫോൻസായെ 1932-ൽ വാകക്കാട് പ്രൈമറി സ്കൂളിൽ താല്ക്കാലിക അധ്യാപികയായി നിയമിച്ചു. രോഗം കലശലായതുമൂലം ഒരു വർഷം കഴിഞ്ഞപ്പോൾ ഭരണങ്ങാനത്തേക്ക് തന്നെ തിരിച്ചു പോരേണ്ടിവന്നു. 1935 ആഗസ്റ്റ് 12-ന് ചങ്ങനാശേരി ക്ലാരമഠത്തിൽ നോവ്യഷ്യേറ്റിൽ പ്രവേശിച്ചു.

താമസിയാതെ ശക്തമായ രക്തസ്രാവം തുടങ്ങി. നോവ്യഷ്യേറ്റ് ക്രമങ്ങൾ പാലിക്കാൻ സാധിക്കാത്തതുകൊണ്ട് അൽഫോൻസായെ പറഞ്ഞുവിടുവാൻ അധികാരികൾ ഒരുങ്ങി. അൽഫോൻസായുടെ ഹൃദയാഭിലാഷം മനസ്സിലാക്കിയ മാർ ജെയിംസ് കാളാശ്ശേരി പിതാവ് അവളെ പറഞ്ഞു വിടണ്ടാ എന്നു നിർദ്ദേശിച്ചു.അത് ദൈവികമായ ഒരിടപെടലായിരുന്നു. 1936 ആഗസ്റ്റ് 12-ന് നിത്യവ്രതം സ്വീകരിച്ച് അൽഫോൻസാ ഭരണങ്ങാനത്തേക്ക് മടങ്ങി.

പിന്നീട് മരിക്കുന്നതുവരെ രോഗശയ്യയിലായിരുന്നു. 1946 ജൂലൈ 28-ന് അൽഫോൻസാമ്മ ഇഹലോകവാസം വെടിഞ്ഞു. സ്കൂൾ കുട്ടികൾ അവളുടെ കബറിടത്തിൽ പോയി മാദ്ധ്യസ്ഥ്യം യാചിച്ച് അനുഗ്രഹങ്ങൾ നേടി. സാവധാനം മുതിർന്നവർക്കും അൽഫോൻസായോടുള്ള ഭക്തി വളർന്നു. തത്ഫലമായി 1953 ഡിസംബർ 2-ാം തീയതി ദൈവദാസിയായും 1984 നവംബർ 9-ന് ധന്യയായും അവൾ പ്രഖ്യാപിക്കപ്പെട്ടു. 1986 ഫെബ്രുവരി 28-ന് മഹാനായ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ അൽഫോൻസായെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു.

ദുരിതങ്ങളും രോഗങ്ങളും വ്യാധികളുമെല്ലാം നാഥന്റെ തലോടലുകളായി അൽഫോൻസാമ്മ സ്വീകരിച്ചു. കൂടുതൽ വേദനകൾ ദൈവത്തോട് ചോദിച്ചു വാങ്ങുകയും സഹിക്കാൻ വയ്യാതെ ജീവൻ പോകുമെന്ന അവസ്ഥ വരുമ്പോൾ അവയെ മാറ്റാൻ അപേക്ഷിക്കുകയും ചെയ്യുക അൽഫോൻസാമ്മയുടെ രീതിയായിരുന്നു. ദൈവമത് നിവർത്തിച്ചു കൊടുക്കുകയും ചെയ്തിരുന്നു. അൽഫോൻസായും ദൈവവും തമ്മിലുള്ള ഗാഢമായ ഒരു പാരസ്പര്യത്തെ അത് വെളിപ്പെടുത്തുന്നുണ്ട്. അൽഫോൻസായ്ക്ക് സഹിക്കേണ്ടിവന്ന രോഗങ്ങൾ നമ്മെ അത്ഭുതപ്പെടുത്തും. രക്തസ്രാവം, ഡബിൾ ന്യൂമോണിയ, ക്ഷയം, മലമ്പനി, കാലുകളിൽ വ്രണം, പാരവശ്യം, പാരവശ്യത്തെ തുടർന്നു വലിയ വിശപ്പും ദാഹവും, അപ്പോൾ കഴിക്കുന്ന ഭക്ഷണത്തിന്റെ ഫലമായി 60-70 പ്രാവശ്യം വരെ നീളുന്ന ഛർദ്ദി, ത്വക്കിന്റെ ചുക്കിച്ചുളിയൽ, ഉറക്കമില്ലായ്മ തുടങ്ങിയ ശാരീരികരോഗങ്ങളും

കൂടാതെ, മറ്റുള്ളവരിൽ നിന്നുണ്ടാകുന്ന വിമർശനങ്ങളുടെയും തെറ്റിദ്ധാരണകളുടെയും ഫലമായുള്ള മാനസികവ്യഥകളും പരിത്യക്തതയും എല്ലാം അവൾക്ക് അനുഭവിക്കേണ്ടിവന്നു. വേദനയിലും പ്രാർത്ഥന, പ്രായശ്ചിത്തം, പരോപകാരപ്രവൃത്തികൾ, മിഷനുവേണ്ടി സമർപ്പണം എന്നിവയ്ക്ക് ഒരു കുറവും അൽഫോൻസാ വരുത്തിയിരുന്നില്ല. പഴയനിയമത്തിലെ ജോബിനെപ്പോലെ സഹനങ്ങളെ അവൾ പ്രാർത്ഥനയും സ്തുതിഗീതങ്ങളുമായി മാറ്റി. പരാതിയോ ആവലാതിയോ അവൾ ഒരിക്കലും പ്രകടിപ്പിച്ചിട്ടില്ല. സഹനാഗ്നിയാൽ സ്ഫുടം ചെയ്തെടുത്ത ജീവിതമായിരുന്നു അൽഫോൻസായുടേത്. സഹിക്കുന്ന ഈശോയോടുള്ള സ്നേഹം, വീരോചിതമായി സഹിക്കാൻ അവൾക്ക് ശക്തിപകർന്നു. സഹിക്കാൻ ഒന്നുമില്ലാത്ത ദിവസം ശൂന്യമായി അവൾ കരുതിയിരുന്നു.

സഹനത്തെ രക്ഷാകരമാക്കാനുള്ള വിജ്ഞാനം അൽഫോൻസാ ദൈവവചനത്തിൽ നിന്ന് ആർജ്ജിച്ചു. "ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ, അത് വെറുതെ ഇരിക്കുന്നു. അഴിയുന്നെങ്കിലോ അത് വളരെ ഫലങ്ങൾ പുറപ്പെടുവിക്കും" (യോഹ. 12:24). ഈ തിരുവചനത്തെ ജീവിതം കൊണ്ട് വ്യാഖ്യാനിച്ചവളാണ് അൽഫോൻസാ. സ്വയം അഴിഞ്ഞ് ഇല്ലാതാകുമ്പോഴും നിസ്സാരയാക്കപ്പെടുമ്പോഴുമാണ് തന്റെ ജീവിതം സ്വർഗ്ഗത്തിൽ ഫലം ചൂടുന്നതെന്ന് അവൾക്ക് ഉറച്ച ബോധ്യമുണ്ടായിരുന്നു. റോസിന്റെ ചുവട്ടിൽ വളമായി ഇടുന്ന വട്ടയിലയും വെട്ടിയിലയുമാണ് താൻ എന്ന് അവൾ കൂടെക്കൂടെ പറഞ്ഞിരുന്നല്ലോ. "കർത്താവിന്റെ കുരിശിന്റെ ഓഹരി എനിക്കുണ്ട്. ഞാൻ കർത്താവിനോടുകൂടെ കുരിശിലാണ്. ഈ ഭാഗ്യം എല്ലാവർക്കും കിട്ടുന്നതാണോ?" എന്ന് അൽഫോൻസാ ചോദിക്കുമ്പോൾ സഹിക്കുന്നതിൽ ഭാഗ്യം താൻ കണ്ടെത്തിയിരിക്കുന്നു എന്നാണർത്ഥം.

മരിക്കുന്നതിന് ഏതാനും മാസം മുമ്പ് അൽഫോൻസാമ്മ തന്റെ സഹനാനുഭവം എഴുതി; "തീജ്വാലയിൽ കിടക്കുന്ന കീടത്തിനു സമമാണ് ഇപ്പോഴത്തെ എന്റെ അവസ്ഥ. എന്റെ വിഷമതകളെല്ലാം എന്റെ നല്ല ദൈവം നോക്കികൊണ്ടിരിക്കുകയും എന്നെ

ആശ്വസിപ്പിക്കുകയും ചെയ്യുന്നുണ്ട്. എനിക്ക് ഒരിക്കലും ഉണ്ടായിട്ടില്ലാത്ത വിധത്തിലുള്ള പല വിഷമതകളും സഹിക്കുവാൻ ദൈവം അനുവദിക്കുന്നുണ്ട്. സമാധാനക്കേട് ഒട്ടുമില്ല. ഞാൻ സന്തോഷിക്കുകയും ദൈവത്തിനു നന്ദി പറയുകയും ചെയ്യുന്നു".

സ്വർഗ്ഗത്തെക്കുറിച്ചുള്ള ബോധ്യവും ദൈവത്തോടൊത്ത് നിത്യം വസിക്കണമെന്ന ആഗ്രഹവും ആണ് അൽഫോൻസായ്ക്ക് സഹനശക്തി പകർന്നു കൊടുത്തത്. അവളുടെ വാക്കുകൾ വ്യക്തമാണ്: "സഹനവും ത്യാഗവും ആകുന്ന കല്ലുകൾ കൊണ്ടാണ് സ്വർഗ്ഗത്തിൽ നമുക്കായി മാളികകൾ പണിയുന്നത്." തന്റെ ഭൗമിക കൂടാരം നശിച്ചുപോയാലും നിത്യം നിലനിൽക്കുന്ന ദൈവത്തിൽ നിന്നുള്ള ഒരു ഭവനം ഉണ്ടെന്ന ഉറപ്പും അവൾക്കുണ്ടായിരുന്നു (cf. 2 കോറി. 5:1). സ്ഥിരമായ പിതൃദേശം ഇവിടെയല്ല, ഭാവിയിലാണെന്ന കാര്യത്തിൽ അവൾക്ക് തെല്ലും സംശയമുണ്ടായിരുന്നില്ല (ഹെബ്രാ 11:13-16; ഫിലി. 3:20). ദൈവം സുനിശ്ചിതമായി തന്നെ സ്നേഹിക്കുന്നു. എന്തു സംഭവിച്ചാലും അവിടുന്ന് തന്നെ കൈവിടില്ല, അവിടുന്ന് തന്നോട് കൂടെ ഉണ്ട് എന്ന വിശ്വാസം അവളിൽ ദൃഢപ്പെട്ടിരുന്നു. ത്യാഗത്തിനും സഹനത്തിനും അങ്ങനെ അവൾ അർത്ഥം കണ്ടെത്തി. വേദനയുടെ മുമ്പിൽ നമുക്കും വേണ്ടത് ഈ ഉറപ്പും ബോധ്യവും ആണ്.

ജീവിതം ഉൾക്കൊള്ളുന്ന സഹനത്തിനു മുമ്പിൽ ഒളിച്ചോടുകയോ വഴിമാറി നടക്കുകയോ അല്ല നാം ചെയ്യേണ്ടത്. മറിച്ച് അതിനെ സ്വീകരിക്കാനുള്ള കഴിവു നേടുകയാണ്. അൽഫോൻസാമ്മ നമുക്ക് തരുന്ന പാഠമാണിത്. അനന്തമായ സ്നേഹം കൊണ്ട് സഹനം ഏറ്റെടുത്ത ക്രിസ്തുവിനോടുള്ള ഐക്യത്തിൽ സഹനത്തിന്റെ അർത്ഥം നാം കണ്ടെത്തണം. സഹനത്തിന്റെ വിശുദ്ധീകരണശക്തിയും പക്വതയിലേക്കു നയിക്കുന്ന രീതിയും പ്രത്യാശയിലേക്കുള്ള യാത്രയും നാം നവമായി അൽഫോൻസായിൽ നിന്ന് പഠിക്കണം (cf. പ്രത്യാശയിൽ രക്ഷ, 37-38).

അവൾ സ്നേഹിച്ച ദൈവം അവൾക്ക് അവർണ്ണനീയമായ മാധുര്യമായപ്പോൾ യാതൊരു ലൗകികകാര്യങ്ങൾക്കും അവളെ

വശീകരിക്കാനായില്ല. ഈശോയുടെ വാക്കുകൾ അവൾക്ക് വഴി കാട്ടിയായി. സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചുവച്ചിരിക്കുന്ന നിധിയാണെന്ന് അവിടുന്ന് പറഞ്ഞിട്ടുണ്ടല്ലോ. വിവേകമതിയായ അൽഫോൻസാ തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങി, നിധി കണ്ടെത്തി (cf. മത്താ. 13:44). മണവാളനെ സ്വീകരിക്കാൻ വിളക്കിൽ എണ്ണയുമെടുത്ത് കാത്തിരുന്ന വിവേകമതിയായ കന്യകയായി അവൾ (cf. മത്താ. 25:1-13). ചിതലും പുഴുവും നശിപ്പിക്കാത്തതും കള്ളന്മാർ മോഷ്ടിക്കാത്തതുമായ സ്വർഗ്ഗരാജ്യത്തിലേക്ക് നിക്ഷേപം ശേഖരിച്ചവളുമാണ് അൽഫോൻസാ (cf. മത്താ. 6:19-20) ജീവിതം കൊണ്ട് സുവിശേഷത്തിന് ഭാഷ്യം രചിച്ച അൽഫോൻസാമ്മ നമുക്ക് മാതൃകയാകണം. പ്രത്യേകിച്ചും ഭൗതികതയ്ക്കും സുഖലോലുപതയ്ക്കും അടിപ്പെട്ടുകൊണ്ടിരിക്കുന്ന ആധുനികലോകത്തിന് അവൾ വഴികാട്ടിയാണ്.

സ്നേഹമായിരുന്നു അൽഫോൻസായുടെ ജീവിതം. അതു തന്നെയാണ് വിശുദ്ധിയും. അവൾ ദൈവത്തെയും മറ്റുള്ളവരെയും സ്നേഹിച്ചു. അവൾ പറയുന്നു: "എല്ലാവരോടും എനിക്ക് സ്നേഹമാണ്. ആരെയും വെറുക്കാൻ എനിക്ക് സാധിക്കുകയില്ല. എന്റെ മുഴുവൻ സ്നേഹത്തിന്റെയും പരിഹാരത്തിന്റെയും ഒരു ബലിവസ്തുവായി ഈശോയ്ക്ക് എന്നെത്തന്നെ സമർപ്പിക്കുന്നു. സ്നേഹത്തെ പ്രതി ദുരിതങ്ങൾ സഹിക്കുക, അതിൽ സന്തോഷിക്കുകയും ചെയ്യുക. അതു മാത്രമേ ഇഹത്തിൽ ഞാൻ ആഗ്രഹിക്കുന്നുള്ളൂ".

ദൈവത്തെയും മനുഷ്യനെയും സ്നേഹിക്കാൻ തയ്യാറാകുമ്പോൾ അതിൽ സഹനമുണ്ട്. കാരണം, അവിടെ നമ്മുടെ അഹംഭാവവും സ്വാർത്ഥതയും ഇല്ലാതാകണം. വെട്ടിയൊരുക്കപ്പെടാനും മുറിവേല്ക്കപ്പെടാനും നാം തയ്യാറാകണം. സ്വയം പരിത്യജിക്കുന്നതിലെ വേദന സ്വീകരിക്കാതെ സ്നേഹത്തിന് നിലനിൽക്കാനാവില്ല. "എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ച് അനുദിനം തന്റെ കുരിശുമെടുത്ത് എന്റെ പിന്നാലെ വരട്ടെ'' (ലൂക്ക. 9:23) എന്ന ഈശോയുടെ വാക്കുകൾ അൽഫോൻസാമ്മയുടെ കാതുകളിൽ നിരന്തരം മുഴങ്ങിയിരുന്നു.

അത് ജീവിക്കാൻ അവൾ പ്രതിജ്ഞാബദ്ധയുമായിരുന്നു. അതവളെ വിശുദ്ധയാക്കി.

2008 ഒക്ടോബർ 12-ന് റോമിലെ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ രാവിലെ 9.30 ന് ആരംഭിക്കുന്ന വിശുദ്ധ കുർബാന മദ്ധ്യേ പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ അൽഫോൻസാമ്മയെ വിശുദ്ധയായി പ്രഖ്യാപിക്കുന്ന വിവരം എല്ലാവർക്കും അറിയാവുന്നതാണല്ലോ. കേരളത്തിൽ നിന്ന് മെത്രാന്മാരും വൈദികരുടെയും സമർപ്പിതരുടെയും അല്മായരുടെയും പ്രതിനിധികളും അടങ്ങുന്ന അനേകം പേർ ആ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്നതാണ്. അൽഫോൻസാ വിശുദ്ധയായി പ്രഖ്യാപിക്കപ്പെടുന്ന ഇന്ത്യൻസമയം ഉച്ചകഴിഞ്ഞ് 1.30-ന് കൃതജ്ഞതയുടെയും ആനന്ദത്തിന്റെയും അടയാളമായി കേരളത്തിലെ എല്ലാ ദേവാലയങ്ങളിലും മണികൾ മുഴക്കേണ്ടതാണ്. വിശ്വാസികളെല്ലാവരും മൗനമായി ഏതാനും നിമിഷം ആ സമയം പ്രാർത്ഥിക്കുകയും വേണം.

2008 നവംബർ 9-ന് ഉച്ചകഴിഞ്ഞ് 2.30-ന് അൽഫോൻസാമ്മയുടെ കബറിടം സ്ഥിതിചെയ്യുന്ന ഭരണങ്ങാനത്ത് പൗരസ്ത്യ സഭാകാര്യാലയത്തിന്റെ പ്രീഫെക്ട് കർദ്ദിനാൾ ലെയനാർദോ സാന്ദ്രി അധ്യക്ഷതവഹിക്കുന്ന പൊതുസമ്മേളനം ഇന്ത്യയുടെ ബഹുമാന്യനായ മുൻ രാഷ്ട്രപതി അബ്ദുൾകലാം ഉദ്ഘാടനം ചെയ്യും. ഇന്ത്യയിലെ അപ്പസ്തോലിക് ന്യുൻഷിയോ പേദ്രോ ലോപ്പസ് ക്വിന്താനയും കർദ്ദിനാൾമാരായ ടെലസ്ഫോർ ടോപ്പോ, ഓസ്വാൾഡ് ഗ്രേഷ്യസ് ആൻജലോ, മാർ വർക്കി വിതയത്തിൽ എന്നിവരും ആർച്ചുബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിലും മാർ ജോസഫ് പവ്വത്തിലും പ്രസംഗിക്കുന്നതാണ്. തുടർന്ന് 4.15-ന് ഇന്ത്യയിലെ എല്ലാ മെത്രാന്മാരും പങ്കെടുക്കുന്ന കൃതജ്ഞതാബലി സീറോമലബാർ സഭയുടെ പരമാധ്യക്ഷൻ ശ്രേഷ്ഠ മെത്രാപ്പോലീത്ത അത്യുന്നത കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടക്കുന്നതാണ്. മലങ്കര കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ വചനസന്ദേശം നൽകുന്നതുമാണ്.

കഴിയുന്നിടത്തോടം ആളുകൾ വിശുദ്ധ ബലിയിലും പൊതു സമ്മേളനത്തിലും പങ്കെടുത്ത് അൽഫോൻസാമ്മയോടുള്ള ഭക്തിയും സ്നേഹവും പ്രകടിപ്പിക്കുകയും വിശുദ്ധയുടെ മാതൃകയെ പിഞ്ചെന്ന് വിശുദ്ധിയിൽ വളരാൻ പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ദൈവം നിങ്ങളെയെല്ലാവരെയും വി. അൽഫോൻസാമ്മയുടെ മാധ്യസ്ഥത്താൽ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി

**1. ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ**
(കെ.സി.ബി.സി. പ്രസിഡണ്ട്)

**2. മാർ വർക്കി കർദ്ദിനാൾ വിതയത്തിൽ**
(മേജർ ആർച്ചുബിഷപ്പ് സീറോ മലബാർസഭ)

**3. ബസേലിയോസ് മാർ ക്ലീമിസ്**
(ശ്രേഷ്ഠ കാതോലിക്കാബാവ, മലങ്കരസഭ)

**4. മാർ ജോസ് പൊരുന്നേടം**
(മാനന്തവാടിരൂപതാ മെത്രാൻ)

പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ
കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആസ്ഥാനകാര്യാലയം

കൊച്ചി-682025
08-08-2008

*NB:- ഈ ഇടയലേഖനം 2008 ഒക്ടോബർ മാസം 5-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.*

# സർക്കുലർ

***Circular Letter No. 11/2008***
***Prot. No. 7236/2008***

**കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,**

ഭാരതത്തിലെ ക്രൈസ്തവർ തങ്ങളുടെ വിശ്വാസത്തിന്റെ പേരിൽ ഒരു പീഡനത്തിൽ കൂടി കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണല്ലോ. ക്രൈസ്തവർക്ക് പീഡനങ്ങൾ പുതുമയല്ല. ആദിമ നൂറ്റാണ്ടുകളിൽ റോമാ സാമ്രാജ്യത്തിൽ ക്രിസ്ത്യാനികൾ സഹിച്ച പീഡനങ്ങൾ വർണ്ണനാതീതമാണ്. പഴയ പേർഷ്യൻ സാമ്രാജ്യത്തിലും ക്രിസ്ത്യാനികൾക്ക് അവരുടെ വിശ്വാസത്തിന്റെ പേരിൽ സഹിക്കേണ്ടിവന്നു. എന്നാൽ അവിടെയെല്ലാം മരിച്ചുവീണ രക്തസാക്ഷികളുടെ രക്തമായിരുന്നു ആ പ്രദേശങ്ങളിലെ സഭയുടെ വളർച്ചയ്ക്ക് നിദാനമായത് എന്നതും വാസ്തവമാണ്. തന്റെ പിന്നാലെ വരുന്നവർ തങ്ങളുടെ വിശ്വാസത്തെപ്രതി പീഡനങ്ങൾ ഏറ്റുവാങ്ങേണ്ടിവരും നമ്മുടെ കർത്താവ് വളരെ വ്യക്തമായി നമുക്ക് മുന്നറിയിപ്പ് തന്നിട്ടുമുണ്ട്. അതിനാൽ ഭാരതത്തിൽ ഇന്നു നാം കടന്നുപോകുന്ന സഹനങ്ങളിൽ നാം ആകുലരാകുകയോ ആശങ്കപ്പെടുകയോ ചെയ്യേണ്ടതില്ല. അവ നമ്മെ വിശ്വാസത്തിൽ കൂടുതൽ ശക്തിപ്പെടുത്തും എന്നുതന്നെ വിശ്വസിക്കാം. അതേ സമയം സഹിക്കുന്നവർക്ക് വിശ്വാസം ഉപേക്ഷിക്കാതിരിക്കാനുള്ള ശക്തി കൊടുക്കണമെ എന്നും എത്രയുംവേഗം സമാധാനപൂർണ്ണമായ ജീവിതം നയിക്കാനുള്ള സാഹചര്യം അവർക്കുണ്ടാക്കി കൊടുക്കണമെ എന്നും നാം കർത്താവിനോട് പ്രാർത്ഥിക്കുകയും ചെയ്യണം.

പ്രത്യേകമായി നാം നമ്മുടെ പീഡകർക്കുവേണ്ടിയും പ്രാർത്ഥിക്കണം. തന്നെ പീഡിപ്പിച്ചവരോടും കുരിശിൽ തറച്ച് കൊന്നവരോടും തന്റെ സ്വർഗ്ഗീയപിതാവിനോടും ക്ഷമ ചോദിച്ചവനാണ് നമ്മുടെ ഗുരു. പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥി

ക്കാനാണ് അവിടുന്ന് നമ്മെ പഠിപ്പിച്ചത്. *ചോരയ്ക്ക് പകരം ചോര, ജീവനു പകരം ജീവൻ* എന്ന് പറഞ്ഞ് ഒറീസ്സായിലെ ഭുവനേശ്വർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ റാഫേൽ ചീനാത്ത് പിതാവിന് ചിലർ ഭീഷണിക്കത്ത് അയച്ചതായി നിങ്ങൾ പത്രത്തിൽ വായിച്ചുകാണും. അവരോടും ക്ഷമിക്കണമെ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം അഭിവന്ദ്യ പിതാവിനേയും അദ്ദേഹത്തിന്റെ ജനത്തേയും നമുക്ക് പ്രാർത്ഥനയിൽ സ്മരിക്കാം.

നാം ആരോടും വൈരാഗ്യമോ വിദ്വേഷമോ വച്ചുപുലർത്തരുത് എന്നും നിങ്ങളെ ഓർമ്മപ്പെടുത്തട്ടെ. നമ്മുടെ ഗുരുവിന്റെ മാതൃകയല്ലാതെ മറ്റൊന്നും നമുക്കില്ല. ഇന്ത്യയിൽ തന്നെ തന്റെ ഭർത്താവിനെയും പ്രിയ മക്കളെയും ചുട്ടുകൊന്നവരോട് യാതൊരു വൈരാഗ്യവും വച്ചുപുലർത്താതെ അവരോട് ക്ഷമിച്ച ശ്രീമതി ഗ്ലാഡിസ് സ്റ്റെയിൻസ് നമ്മുടെ കൺമുമ്പിലുണ്ട്. പലരും പറയുന്നത് കേൾക്കാം *ഈ ചെയ്തതെല്ലാം മറ്റേതെങ്കിലും സമുദായത്തോടാണ് ചെയ്തതെങ്കിൽ ഫലം കാണാമായിരുന്നു എന്ന്.* എന്നാൽ അടിക്കുന്നവനെ തിരിച്ചടിയ്ക്കുകയില്ല എന്ന തത്വം തന്നെയാണ് നമ്മുടെ വിശ്വാസത്തിന്റെ ശക്തിയും എന്നു നാം മറക്കരുത്. തന്നെ പിടിച്ചുകെട്ടാൻ വന്നവരിൽ ഒരാളുടെ ചെവി ഛേദിച്ച പത്രോസിനോട് കർത്താവ് പറഞ്ഞത് നാം ഓർമ്മ വയ്ക്കണം. *പത്രോസേ നിന്റെ വാൾ ഉറയിലിടുക; വാളെടുക്കുന്നവൻ വാളാൽ മരിക്കും.* ഒറീസ്സായിൽ അതിക്രൂരമായ അക്രമങ്ങൾക്കും പീഡനത്തിനും ഇരയായ ക്രൈസ്തവരെ നാം ശ്രദ്ധിക്കുക. അവരാരും തിരിച്ചടിച്ചില്ല. അതാണ് ക്രൈസ്തവ ശൈലി. അവർ നമുക്ക് മാതൃകയാകട്ടെ.

ഹിന്ദുത്വത്തിന്റെ പേരിൽ നടത്തുന്ന അക്രമങ്ങൾ യഥാർത്ഥ ഹിന്ദുക്കൾ ഒരിക്കലും അംഗീകരിക്കുകയില്ല എന്നു നമുക്കറിയാം. കാരണം അനീതിയും അക്രമവും ഒന്നും പ്രോത്സാഹിപ്പിക്കുന്ന മതമല്ല ഹൈന്ദവരുടേത്. മതത്തിലെ വഴിതെറ്റിയ കുറേപ്പേരുടെ പ്രവർത്തനമാണ് ഈ അക്രമങ്ങൾ. അവരുടെ തെറ്റായ പ്രവർത്തനത്തിന് ഹിന്ദു സമൂഹത്തെയാകെ പഴിക്കുന്നതും ശരിയല്ല. ഒറീസ്സായിൽ തന്നെ പീഡിപ്പിക്കപ്പെടുന്ന ക്രിസ്ത്യാനികളെ സംരക്ഷിക്കുന്നത് മിക്ക സന്ദർഭങ്ങളിലും അവരുടെ ഹിന്ദു അയൽക്കാരാണ്. ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങളും അവർ ഏതു മതത്തിലോ

ജാതിയിലോ വർഗ്ഗത്തിലോ പെട്ടവരായാലും പരസ്പര സ്പർദ്ധയ്ക്കും അക്രമത്തിനും എതിരാണെന്നുള്ളതിന് യാതൊരു സംശയവും വേണ്ട. പക്ഷേ അക്രമം അവരെയും തേടി വന്നേക്കാം എന്ന ഭയമുള്ളതുകൊണ്ട് അവരത് പുറത്ത് പ്രകടിപ്പിക്കുന്നില്ല എന്നു മാത്രം.

ദൈവം ഇതെല്ലാം കാണുന്നില്ലേ എന്നത് ന്യായമായും ഒരു വിശ്വാസിയുടെ മനസ്സിൽ ഉദിക്കുന്ന ചോദ്യമാണ്. തീർച്ചയായും ദൈവം അറിയാതെ ഈ ലോകത്തിൽ ഒന്നും സംഭവിക്കുന്നില്ല. നാമത് ഉറച്ചുവിശ്വസിക്കുന്നു. ദൈവത്തിന്റെ വഴികൾ നിഗൂഢങ്ങളാണ്. ഈ സംഭവങ്ങളിലൂടെയെല്ലാം ദൈവം നമ്മോട് എന്തോ പറയുന്നുണ്ട്. അത് തിരിച്ചറിയാനുള്ള കഴിവിനായി നാം പ്രാർത്ഥിക്കണം. പഴയനിയമത്തിൽ ജോബിന്റെ ചരിത്രം നമ്മൾ വായിക്കുന്നുണ്ട്. നീതിമാനായിരുന്ന ജോബിന് എന്തുകൊണ്ട് കഷ്ടനഷ്ടങ്ങളും സഹനവും ഉണ്ടായി? ദൈവം അദ്ദേഹത്തിന്റെ വിശ്വാസത്തെ പരീക്ഷിക്കുകയായിരുന്നു എന്നു മാത്രമേ ഉത്തരമുള്ളു. പരീക്ഷയിൽ വിജയിച്ച ജോബിന് സഹനങ്ങൾക്കൊടുവിൽ നഷ്ടപ്പെട്ടതെല്ലാം തിരിച്ച് കിട്ടി എന്നു നാം മറക്കരുത്. ജോബിനുണ്ടായിരുന്നതുപോലെയുള്ള വിശ്വാസം നമുക്കും ഉണ്ടാകാനായി പ്രാർത്ഥിക്കാം. എന്തെല്ലാം കഷ്ടനഷ്ടങ്ങളുണ്ടായാലും നമ്മുടെ ക്രൈസ്തവ വിശ്വാസം അതിന്റെ തനിമയിൽ നാം കാത്തു സൂക്ഷിക്കണം.

മതവൈരാഗ്യവും അതിന്റെ പേരിലുള്ള കൂട്ടക്കൊലകളും ഭാരതത്തിൽ ഇതിന് മുമ്പും ഉണ്ടായിട്ടുണ്ട്. ഭാരതം സ്വതന്ത്രയാകുന്ന സമയത്ത് നടന്ന സമുദായ കൂട്ടക്കൊലകൾ നാം മറന്നിട്ടില്ല. അതിന്റെ തുടർച്ചയെന്നോണം നിലനിന്നിരുന്ന മതസ്പർദ്ധയുടെ ഏതാനും വർഷം മുമ്പ് ഗുജറാത്തിലും മറ്റ് സംസ്ഥാനങ്ങളിലും ഉണ്ടായ അക്രമങ്ങൾ നാം കണ്ടും കേട്ടും മനസ്സിലാക്കിയതാണ്. അവിടെ അനേകായിരം സഹോദരർ അതിക്രൂരമായി കൊല ചെയ്യപ്പെട്ടു. പതിനായിരക്കണക്കിന് കുടുംബങ്ങൾ വഴിയാധാരമായി. അതിനുള്ള പകരം വീട്ടലാണെന്ന് പറയുന്നു ഇടയ്ക്കിടെ ഇന്ത്യയിൽ പലപ്പോഴായി ഉണ്ടാകുന്ന സ്ഫോടനങ്ങൾ. ഇതെല്ലാം കാണുമ്പോൾ ദൈവമേ ഇതാണോ മതം എന്ന് നാം അറിയാതെ ചോദിച്ചുപോകുന്നു.

ഗുജറാത്തിൽതന്നെ ഡാങ് ജില്ലയിൽ ഒരു ക്രിസ്മസ് ദിനത്തിൽ ക്രൈസ്തവരും വേട്ടയാടപ്പെട്ടു. പിന്നീട് ഒറീസ്സയിൽ ആസ്ത്രേലിയൻ മിഷനറി ഗ്രഹാം സ്റ്റെയ്ൻസും അദ്ദേഹത്തിന്റെ രണ്ടു നിഷ്കളങ്ക മക്കളും അഗ്നിക്കിരയാക്കപ്പെട്ടു. അശരണരും നിരാലംബരും സമൂഹത്തിൽ നിന്ന് ആട്ടിയോടിക്കപ്പെട്ടവരുമായ കുഷ്ഠരോഗികളെ സംരക്ഷിച്ച് അവരെ ക്രിസ്തുമതത്തിലേക്ക് ആകർഷിക്കുന്നു എന്നതായിരുന്നു അദ്ദേഹത്തിന്റെമേൽ ആരോപിക്കപ്പെട്ട കുറ്റം. മതം മാറ്റാനല്ലെങ്കിൽ പിന്നെ എന്തിന് അദ്ദേഹം കുഷ്ഠരോഗികളെ സംരക്ഷിക്കണം എന്നതായിരുന്നു അദ്ദേഹത്തിന്റെ കൊലയാളിയുടെ ചോദ്യം. അതല്ലെങ്കിൽ അതിലൂടെ എന്തെങ്കിലും ഭൗതിക ലാഭം അദ്ദേഹത്തിനുണ്ടാകണം. അതില്ലായിരുന്നു താനും. ജാതിമതഭേദമെന്യേ എല്ലാവരും ദൈവത്തിന്റെ മക്കളാണെന്നും മനുഷ്യരെല്ലാവരും സഹോദരീസഹോദരന്മാരാണെന്നും അതിനാൽ അവർ പരസ്പരം സഹായിക്കണം എന്നും ശത്രുവിനെപ്പോലും സ്നേഹിക്കണം എന്നും മറ്റുമുള്ള ക്രൈസ്തവ പ്രബോധനങ്ങൾ നിർഭാഗ്യവശാൽ ഗ്രഹാം സ്റ്റെയ്ൻസിന്റെ കൊലയാളിയ്ക്കും കൂട്ടാളികൾക്കും മനസ്സിലാക്കാൻ പറ്റാതെപോയി.

ഏതാനും ആഴ്ചകൾക്ക് മുമ്പ് ഒറീസ്സായിലും മധ്യപ്രദേശിലും ഛത്തിസ്ഘറിലും ഈയടുത്ത ദിവസങ്ങളിൽ കർണ്ണാടകത്തിലും തമിഴ്നാട്ടിലും ഇപ്പോൾ കേരളത്തിലും നമ്മുടെ പള്ളികൾക്കും സന്യാസഭവനങ്ങൾക്കും സ്കൂളുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും നേരെ ആക്രമണമുണ്ടായി. പള്ളിയിൽ വിശുദ്ധ കുർബാനയിൽ പങ്കെടുത്തുകൊണ്ടിരുന്ന വിശ്വാസികളാണ് മംഗലാപുരത്ത് ആക്രമിക്കപ്പെട്ടത്. അക്രമത്തെ പ്രതിരോധിച്ച വിശ്വാസികളെ പോലീസും ചേർന്നാണ് മർദ്ദിച്ചത്. സംരക്ഷിക്കാൻ ഉത്തരവാദപ്പെട്ടവർതന്നെ സംഹാരദൂതരായി മാറി എന്നത് സംസ്കാരസമ്പന്നരെന്ന് അഭിമാനിക്കുന്ന ഭാരതജനതയ്ക്ക് ഒരു തീരാകളങ്കം തന്നെയാണ്. പല സ്ഥലത്തും ക്രൈസ്തവവേട്ട ഇപ്പോഴും നിർബാധം തുടരുകയാണ്. ഒറീസ്സായിൽ മൂന്ന് ഡസ്സനിലധികം ക്രൈസ്തവർ കൊലചെയ്യപ്പെട്ടു. ക്രൈസ്തവ സ്ഥാപനങ്ങളിൽ സേവനം ചെയ്തിരുന്ന ചില അക്രൈസ്തവ സഹോദരങ്ങൾക്കും ജീവൻ നഷ്ടപ്പെട്ടു. അനേകായിരങ്ങൾക്ക് വീടും ജീവനോപാധി

കളും ഇല്ലാതായി. ഇനിയും അക്രമം ഭയന്ന് ഇന്നും അവർ സമീപത്തുള്ള കാടുകളിൽ തന്നെ കഴിയുന്നു.

നമ്മുടെ രൂപതയിൽത്തന്നെയുള്ള സംഗമേശ്വരപ്പേട്ട പള്ളിയിൽ അക്രമികൾ വിളഞ്ഞാടി. പള്ളിയുടെ വാതിലുകളും ജനലുകളും തകർക്കുകയും സക്രാരിയും വിശുദ്ധ കുർബാനയും അൾത്താര വിരികളും വലിച്ച് നിലത്തിടുകയും ചെയ്തു. നമ്മുടെ അയൽപക്കത്തുള്ള മംഗലാപുരം, ബൽത്തങ്ങാടി രൂപതകളിലും ആക്രമണമുണ്ടായി. മറ്റ് പല സ്ഥലങ്ങളിലും വിവിധ തരത്തിലുള്ള ഭീഷണികൾ നേരിട്ടുകൊണ്ടിരിക്കുന്നു. ഒരുപക്ഷേ ഇതിലും ഹീനമായത് നാം പ്രതീക്ഷിക്കണം. പച്ചമരത്തോട് ഇതാണ് ചെയ്തതെങ്കിൽ ഉണക്കമരത്തോട് ഇതിൽ കൂടുതലും ചെയ്യും എന്ന കർത്തൃവചനം നാം മറക്കണ്ട.

ഒറീസ്സായിൽ നടന്ന ക്രൈസ്തവവേട്ടയുടെ കാരണം അവിടെ പ്രവർത്തിച്ചിരുന്ന ഒരു സ്വാമിജിയുടെ കൊലയാണെന്ന് ആരോപിക്കപ്പെടുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് ദൈവം നിത്യശാന്തി നൽകട്ടെ. മനുഷ്യജീവൻ, അതാരുടേതായാലും പരിപാവനമാണ്. ദൈവത്തിനല്ലാതെ മറ്റാർക്കും അതെടുക്കാൻ അവകാശമില്ല. സ്വാമിജിയുടെ ജീവനെടുത്തവർ ആരായാലും അവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുകയും മാതൃകാപരമായി ശിക്ഷിക്കുകയും വേണം. അവരുടെ ആ പ്രവർത്തി അപലപിയ്ക്കപ്പെടേണ്ടത് തന്നെയാണ്. അങ്ങനെയൊന്ന് ഇനിയും ആവർത്തിക്കപ്പെടാതിരിക്കട്ടെ. സ്വാമിജിയെ കൊന്നത് ക്രൈസ്തവരാണെന്നാണ് ആരോപണം. അതിനാലാണത്രെ ക്രൈസ്തവരെ പീഡിപ്പിക്കുന്നത്. കൊലയാളികൾ തങ്ങളാണെന്ന് ഒരു കൂട്ടർ ഏറ്റുപറഞ്ഞിട്ടും അക്രമികൾ അത് അംഗീകരിക്കുന്നില്ല. ക്രിസ്ത്യാനികളാണ് അത് ചെയ്തതെന്ന നിലപാടിൽ അവർ ഉറച്ച് നിൽക്കുന്നു. കൊലയാളികൾ ക്രൈസ്തവരോ അക്രൈസ്തവരോ എന്നു നോക്കാതെ അവരെ അറസ്റ്റ് ചെയ്യുകയാണ് വേണ്ടത്. അങ്ങനെ ചെയ്തതായി നമുക്ക് അറിഞ്ഞുകൂടാ. മാത്രമല്ല പരാതിയുള്ളവർ രാജ്യത്ത് നിലവിലിരിക്കുന്ന നിയമസംവിധാനം ഉപയോഗപ്പെടുത്തി പരിഹാരം തേടുകയാണ് വേണ്ടത്. എന്നാൽ അതിനുപകരം നിയമം കയ്യിലെടുക്കാനും വിരോധമുള്ളവരോട് പകരംവീട്ടാനും ശ്രമിക്കുന്നത് ഒരു പരിഷ്കൃത ജനതയ്ക്ക് ഒരിക്കലും യോജിച്ച

തല്ല. അതനുവദിക്കുന്ന ഭരണാധികാരികൾക്കും അത് ഭൂഷണമല്ല. നിർഭാഗ്യവശാൽ അതാണിവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ആരോപണങ്ങൾ ഉന്നയിച്ചവർ തന്നെ ഭരണാധികാരികളുടെ ഇടപെടലിലൊന്നും കാത്തുനിൽക്കാതെ ശിക്ഷയും നടപ്പാക്കുന്നു എന്ന ഭീകരമായ കാഴ്ചയാണ് നാമിവിടെ കാണുന്നത്.

കൊലയാളി ക്രൈസ്തവനാണെങ്കിൽത്തന്നെ മറ്റ് ക്രൈസ്തവർ അതിനുത്തരം പറയണം എന്ന് പറയുന്നതിന്റെ യുക്തിയും മനസ്സിലാക്കാൻ പറ്റാത്തതാണ്. എന്നുമാത്രമല്ല, അതിന് ഈ രാജ്യത്തുള്ള എല്ലാ ക്രൈസ്തവരേയും ക്രൈസ്തവ സ്ഥാപനങ്ങളെയും അക്രമിക്കുന്നതെന്തിന് എന്നു നമുക്ക് മനസ്സിലാകുന്നില്ല. അതിന് കാരണമായി പറയുന്നു ക്രൈസ്തവർ നിർബന്ധിച്ച് ഹിന്ദുക്കളെ മതം മാറ്റുന്നുവെന്ന്. അതുകൊണ്ടാണ് അവരെ ആക്രമിക്കുന്നതെന്ന്. അപ്പോൾ സ്വാമിജിയുടെ കൊലയല്ല ഇപ്പോഴത്തെ ആക്രമണങ്ങൾക്ക് കാരണം എന്ന് മനസ്സിലാക്കണം. പ്രത്യുത മറ്റേതെങ്കിലും ലക്ഷ്യമായിരിക്കണം അതിന്റെ പിന്നിലുള്ളത്. നമ്മുടെ ഭരണഘടന അനുസരിച്ചും ക്രൈസ്തവ വിശ്വാസമനുസരിച്ചും നിർബന്ധിത മതപരിവർത്തനം പാടുള്ളതല്ല. നിർബന്ധിച്ച് മതം മാറ്റുന്നവരെ ശിക്ഷിക്കാൻ ഈ നാട്ടിൽ നിയമങ്ങളുണ്ട്. അത് പ്രയോഗിക്കാവുന്നതേയുള്ളൂ. അവയനുസരിച്ച് എന്തെങ്കിലും നടപടിയെടുക്കാൻ അക്രമം നടക്കുന്ന സംസ്ഥാനങ്ങളിലെ സർക്കാരുകൾ തുനിയുന്നുമില്ല. കാരണം അങ്ങനെ നടക്കുന്നില്ല എന്ന് അവർക്ക് തന്നെ അറിയാം.

എന്നാൽ സുവിശേഷ പ്രഘോഷണം എന്ന പേരിൽ മറ്റു മതങ്ങളെയും അവരുടെ ആരാധനാമൂർത്തികളെയും അവഹേളിക്കുന്ന രീതിയിൽ പ്രസംഗിക്കുകയും ലഘുലേഖകളും മറ്റും വിതരണം ചെയ്യുകയും ചെയ്യുന്ന ചില ക്രിസ്തീയ വിഭാഗങ്ങളും ഇന്ത്യയിൽ പ്രവർത്തിക്കുന്നുണ്ട് എന്നും നാം മനസ്സിലാക്കണം. അവരുമായി നമുക്ക് യോജിക്കാൻ പറ്റില്ല എന്നും ഇത്തരുണത്തിൽ വ്യക്തമാക്കാൻ ഞാൻ അഗ്രഹിക്കുകയാണ്. പ്രകോപനപരമായി അവർ ചെയ്യുന്ന ആ പ്രവർത്തികൾ കത്തോലിക്കാ വിശ്വാസവുമായി ചേർന്നു പോകുന്നതല്ല. എങ്കിലും അവരുടെ പ്രവർത്തനങ്ങളുടെ പേരിൽ കത്തോലിക്കരേയും അവരുടെ സ്ഥാപനങ്ങ

ളെയും ആക്രമിക്കുന്നതിൽ യുക്തിയില്ല എന്നും നാം പറയേണ്ടി യിരിക്കുന്നു.

ഇതിന്റെയെല്ലാം പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ മുക ളിൽ പറഞ്ഞ ആരോപണങ്ങൾ നുണയാണെന്നും *നീയല്ലെങ്കിൽ നിന്റെ അച്ഛൻ വെള്ളം കലക്കിയിട്ടുണ്ട്* എന്ന് പറഞ്ഞ് ആട്ടിൻകുട്ടിയെ തിന്നാൻ ശ്രമിച്ച ചെന്നായുടെ അടവാണ് ഇവിടെ പ്രയോഗിക്കപ്പെടുന്നതെന്നും കാണാം. ഏതു പ്രകാരത്തിലും അധികാരത്തിൽ എത്താനുള്ള ഒരു രാഷ്ട്രീയ ഹീന ശ്രമത്തിന്റെ ഭാഗമാണ് നാമിവിടെ കണ്ടുകൊണ്ടിരിക്കുന്നത് എന്നു വേണം കരുതാൻ. തൊഴിൽ രഹിതരും വിദ്യാഭ്യാസമില്ലാത്തവരും മസ്തിഷ്കപ്രക്ഷാളനം നടത്തി മാനുഷികമായ എല്ലാ നല്ല ഭാവ ങ്ങളും ഇല്ലാതാക്കി മതമൗലികവാദികളും ഭീകരരൂപികളുമാക്കി മാറ്റിയ ചെറുപ്പക്കാരുടെ ഒട്ടനവധി സംഘടനകൾ ഇന്ത്യയിലെ വിവിധ രാഷ്ട്രീയ പാർട്ടികൾ വളർത്തിയെടുത്തിട്ടുണ്ട്. തങ്ങൾ തങ്ങളുടെ മതത്തിന്റെ സംരക്ഷകരാണെന്ന തെറ്റായ തോന്നലും അവർക്കുണ്ടാക്കി കൊടുത്തിട്ടുണ്ട്. മതതത്വങ്ങൾ തെറ്റായി വ്യാഖ്യാനിച്ച് കൊടുത്ത് അവരെ വഴി തെറ്റിയ്ക്കുകയാണവർ. ആവശ്യത്തിലേറെ പണവും അധമവികാരങ്ങൾ യഥേഷ്ടം പ്രകടിപ്പിക്കാനുള്ള അവസരവും അക്രമം നടത്തിയാൽ നിയമ ത്തിന്റെ പിടിയിൽ പെടാതിരിക്കാനുള്ള സംരക്ഷണവും പാർട്ടികൾ ഇവർക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. ഇടതെന്നോ വലതെന്നോ അതിൽ വ്യത്യാസവുമില്ല. പാർട്ടികൾ തങ്ങളുടെ രാഷ്ട്രീയലക്ഷ്യങ്ങൾക്കായി തെറ്റായ മതതത്വ വ്യാഖ്യാനത്തി ലൂടെ വഴിതെറ്റിയ ഈ യുവാക്കളെ ഉപയോഗിക്കുകയാണ് ചെയ്യു ന്നത്. രാഷ്ട്രീയാധികാരമേത്, മതാധികാരമേത് എന്ന് തിരിച്ചറി യാൻ കഴിയുന്നില്ല എന്നതാണ് ഇവിടുത്തെ കാതലായ പ്രശ്നം.

സഭയുടെ ചരിത്രത്തിലും രാഷ്ട്രീയാധികാരവും മതാധി കാരവും ഒരേ വ്യക്തികൾ കൈകാര്യം ചെയ്തിരുന്ന അവസ്ഥയു ണ്ടായിട്ടുണ്ട്. അന്ന് രാഷ്ട്രീയാധികാരമുപയോഗിച്ച് സ്വന്തം മതം നിർബ്ബന്ധമായി തന്റെ പ്രജകളെക്കൊണ്ട് അംഗീകരിപ്പിക്കാൻ ഭര ണാധികാരികൾ ശ്രമിച്ചിട്ടുമുണ്ട്. അവരുടെ രാഷ്ട്രീയാധികാരം നിലനിർത്താൻ അതാവശ്യമായിരുന്നു. ക്രിസ്തുമതം സ്വീകരിച്ച കോൺസ്റ്റെൻന്റെൻ ചക്രവർത്തി അതാണ് ചെയ്തത്. പ്രൊട്ട

സ്റ്റന്റ് വിപ്ലവകാലത്ത് ജർമ്മനിയിൽ ഇത് സംഭവിച്ചിട്ടുണ്ട്. ഈ അവസ്ഥയ്ക്ക് മാറ്റം വന്നത് സഭാധികാരവും രാഷ്ട്രീയാധികാരവും വേർതിരിച്ചതിന് ശേഷമാണ്. പിന്നീട് ക്രിസ്തീയ മതതത്വങ്ങളെപ്പറ്റിയും ദൈവവിശ്വാസത്തെപ്പറ്റിയും പഠിപ്പിക്കാൻ ക്രിസ്തീയ സഭാനേതൃത്വത്തിന് മാത്രമായി അവകാശം. സഭാനേതൃത്വം പഠിപ്പിക്കുന്നത് എല്ലാ വിശ്വാസികളും അംഗീകരിക്കണം എന്ന കാര്യത്തിലും സംശയമുണ്ടായില്ല. ക്രിസ്തീയ സഭകളിൽ പ്രത്യേകിച്ച് കത്തോലിക്കാ സഭയിൽ വ്യക്തമായ ഒരു അധികാര ശ്രേണി ഉള്ളതുകൊണ്ട് കാര്യങ്ങൾ കൂടുതൽ എളുപ്പമായി. നിർഭാഗ്യവശാൽ മറ്റ് മതങ്ങളുടെ കാര്യത്തിൽ ഈ പരിണാമം സംഭവിച്ചില്ല. അതുകൊണ്ട് തന്നെ ക്രിസ്തീയസഭയും മറ്റ് മതങ്ങളും തമ്മിൽ ഒരു സംവാദത്തിനോ ചർച്ചയ്ക്കോ വരുമ്പോൾ ആ മതങ്ങളെ ആര് പ്രതിനിധാനം ചെയ്യണം എന്ന കാര്യത്തിൽ വ്യക്തതയില്ല. മാത്രമല്ല ചർച്ചയിൽ ഉരുത്തിരിയുന്ന ധാരണകൾ എങ്ങനെ ആ മതത്തിലുള്ള എല്ലാവരെയും അറിയിക്കും എന്നതും പ്രശ്നമാണ്. അറിയിച്ചാൽ തന്നെയും ആ ധാരണകൾ അനുസരിച്ച് പെരുമാറാൻ അവർ തയ്യാറാകുമോ അതിനവർ ബാധ്യസ്ഥരാണോ തുടങ്ങിയ കാര്യങ്ങളും പ്രശ്നപരിഹാരം ഉണ്ടാക്കുന്നതിൽ വിലങ്ങുതടികളാകുന്നു. ഇന്നത്തെ നിലയിൽ ചർച്ചയ്ക്ക് വരുന്നവർ വ്യക്തമായ രാഷ്ട്രീയ പദ്ധതികൾ ഉള്ളവരാണ്. അതിനാൽ അവരുടെ അധികാരം നിലനിർത്തുന്നതിലായിരിക്കും അവരുടെ പ്രധാന ശ്രദ്ധ. മാത്രമല്ല പല കക്ഷികളുടെയും സംഘടനകളുടെയും പ്രതിനിധികൾ വരുന്നതുകൊണ്ട് ഓരോരുത്തരും അവരവരുടെ ലക്ഷ്യപ്രാപ്തിക്കായി വാദിക്കുകയും ചെയ്യും. അങ്ങനെ പ്രശ്നങ്ങൾ ഒരിക്കലും പരിഹരിക്കപ്പെടാതെ പോകുന്നു. മതത്തിന്റെ മേൽ മാത്രം അധികാരമുള്ള ഒരു സംവിധാനം മറ്റു മതങ്ങൾക്ക് ഉണ്ടാകുകയും അവർ ക്രൈസ്തവസഭാ നേതൃത്വവുമായി ചർച്ച നടത്തി ധാരണകൾ ഉണ്ടാക്കുകയും ചെയ്യാത്തിടത്തോളം കാലം ഇന്നു കാണുന്ന രീതിയിലുള്ള അക്രമങ്ങൾ ശമിക്കാൻ പ്രയാസമാണ്.

ഇന്ത്യയിൽ വോട്ടു നേടാനുള്ള ഏറ്റവും പറ്റിയ മാർഗ്ഗം ജാതി-മത-വർഗ്ഗ സ്പർദ്ധ വളർത്തി ഓരോ സമുദായത്തിലെയും ആളുകളെ ഒന്നിപ്പിക്കുകയാണ് എന്ന വസ്തുത ഒട്ടെല്ലാ രാഷ്ട്രീയ പാർട്ടികളും അംഗീകരിച്ചപോലെ തോന്നുന്നു. പൊതു തെരഞ്ഞെ

ടുപ്പുകൾ അടുത്തു വരുമ്പോൾ മേൽപ്പറഞ്ഞ തരം അക്രമങ്ങൾ അഴിച്ചുവിടുന്നത് ഇന്ന് സാധാരണമായിത്തീർന്നിരിക്കുന്നു. അതു പോലെ തന്നെ തങ്ങളുടെ ഭരണവൈകല്യങ്ങൾ പൊതുജന ത്തിന്റെ കണ്ണിൽനിന്ന് മറയ്ക്കാനുള്ള എളുപ്പ വഴിയായും രാഷ്ട്രീയ പാർട്ടികൾ ഇത്തരത്തിലുള്ള അക്രമങ്ങളെ കാണുന്നു ണ്ടാകണം. എന്നാൽ ഈവക വിധ്വംസക പ്രവർത്തനങ്ങൾ നമ്മുടെ സമൂഹത്തെ അധഃപതനത്തിലേക്കും ശൈഥില്യത്തിലേ ക്കുമേ നയിക്കൂ എന്ന വസ്തുത എല്ലാവരും മനസ്സിലാക്കേണ്ട തുണ്ട്. അതുപോലെ തന്നെ പൂർണ്ണമായ അരാജകത്വത്തിലേക്കും. നമ്മുടെ രാഷ്ട്രീയ പാർട്ടികൾക്കും താത്ക്കാലിക ലാഭങ്ങൾക്കായി അവരുടെ പിന്നാലെ പോകുന്നവർക്കും ഭരണാധികാരികൾക്കും ക്രമസമാധാന പാലനത്തിന് ചുമതലപ്പെട്ട പോലീസിനും ദൈവം നേർവഴി കാണിച്ചുകൊടുക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

ക്രൈസ്തവരുടെ നിസ്വാർത്ഥപ്രവർത്തനങ്ങളുടെ ഫലമായി നൂറ്റാണ്ടുകളായി അജ്ഞതയിലും ദാരിദ്ര്യത്തിലും കഴിഞ്ഞിരുന്ന അനേകായിരങ്ങൾ സാമ്പത്തികമായി മുന്നേറുകയും മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളിൽ എത്തിച്ചേരുകയും ചെയ്തിട്ടുണ്ട്. ഇതിൽ മുമ്പിൽ നിൽക്കുന്നത് ക്രൈസ്തവ വിശ്വാസം സ്വീകരിച്ച വർ തന്നെയാണ് എന്നതും സത്യമാണ്. തങ്ങളുടെ സ്വത്തായി കരുതപ്പെട്ടിരുന്ന കീഴ്ജാതിക്കാർ സമ്പന്നരാകുന്നതും ഉദ്യോഗ ങ്ങൾ നേടുന്നതും മേൽജാതിക്കാർക്ക് അസ്വസ്ഥത സൃഷ്ടിക്കു ന്നുണ്ട് എന്ന് നമുക്കറിയാം. അതുപോലെ തന്നെ ഇപ്രകാരം ഉയ രാൻ പറ്റാത്ത കീഴ്ജാതിക്കാർക്കും അസ്വസ്ഥതയും അസൂയയും ഉണ്ടെന്നതും വസ്തുതയാണ്. ഈ അസ്വസ്ഥതയും അസൂയയും രാഷ്ട്രീയക്കാർ സമർത്ഥമായി മുതലെടുത്ത് ക്രൈസ്തവർക്കെ തിരേയുള്ള അക്രമത്തിന് കാരണമാക്കുന്നു എന്ന് ന്യായമായും ഊഹിക്കാം.

പീഢനങ്ങളിൽ നാമൊരിക്കലും നിരാശപ്പെടുകയോ നഷ്ട ധൈര്യരാകുകയോ ചെയ്യരുത്. ശരീരത്തെ മാത്രം കൊല്ലാൻ കഴി യുന്നവരെ ഭയപ്പെടാതെ ശരീരത്തേയും ആത്മാവിനേയും കൊന്ന് നരകത്തിൽ തള്ളാൻ കഴിയുന്നവനെയാണ് നാം ഭയപ്പെടേണ്ടത്. കർത്താവ് നമ്മോടു കൂടിയുണ്ട്. നമ്മുടെ വിശ്വാസം പരീക്ഷിക്ക പ്പെടുന്ന ഈ നിമിഷത്തിൽ നാം അതിൽ ഉറച്ചവരാണ് എന്ന്

കാണിച്ച് കൊടുക്കാനുള്ള അവസരമാണിത്. നമ്മെ കണ്ടിട്ട് മറ്റുള്ളവർ പറയട്ടെ, *കണ്ടോ ക്രിസ്ത്യാനികളുടെ ക്ഷമയും സഹന ശക്തിയും* എന്ന്. അതവർക്ക് ക്രിസ്തു ആരാണെന്നും അവിടുത്തെ പ്രബോധനങ്ങൾ എന്താണെന്നും തിരിച്ചറിയാൻ സഹായിക്കും. ഒരുപക്ഷെ അനേകം വർഷത്തെ മിഷണറി പ്രവർത്തനത്തേക്കാൾ ഫലവത്തായിരിക്കും അത്.

നമ്മെ വിളിച്ചവൻ വിശ്വസ്ഥനാണ്. അക്കാര്യത്തിൽ നമുക്ക് സംശയം വേണ്ട. ഏതൊരു പ്രതിസന്ധിയും തരണം ചെയ്യാൻ അവൻ നമ്മെ സഹായിക്കും. ഒരുമിച്ച് ചേർന്ന് നമ്മുടെ പ്രാർത്ഥനകളെ കർത്താവിങ്കലേയ്ക്കുയർത്താം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ഈ പ്രതിസന്ധിഘട്ടത്തിൽ പരിശുദ്ധ അമ്മ നമുക്കായി തന്റെ പുത്രന്റെ പക്കൽ മാദ്ധ്യസ്ഥം അപേക്ഷിയ്ക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2008 സെപ്റ്റംബർ മാസം 20-ന് നൽകപ്പെട്ടത്



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

*NB:- ഈ സർക്കുലർ 2008 ഒക്ടോബർ മാസം 12-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.*

# സർക്കുലർ

***Circular Letter No. 12/2008***
***Prot. No. 7237/2008***

**കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,**

നമ്മുടെ രൂപതയുടെ സാമൂഹ്യ പ്രവർത്തന വിഭാഗമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന ഒരു പ്രാദേശിക റേഡിയോ നിലയത്തെ പ്പറ്റി അറിയിക്കാനാണീ കത്ത്. രൂപതയ്ക്കെന്തിനാണ് ഒരു റേഡിയോ നിലയം എന്ന് നിങ്ങൾ ചിന്തിച്ചേക്കാം. ഏതൊരു സാമൂഹ്യ പ്രവർത്തനവും പോലെ ഒരു പ്രവർത്തനമാണ് ഇതു കൊണ്ടും ഉദ്ദേശിക്കുന്നത്. മാറി വരുന്ന സാഹചര്യങ്ങളിൽ നമ്മുടെ പ്രവർത്തന ശൈലിയും നാം മാറ്റേണ്ടതിനെപറ്റി ചിന്തിച്ചപ്പോ ഴാണ് ഇങ്ങനെയൊരു ആശയം ഉദിച്ചത്.

ഇതുകൊണ്ട് നമുക്കെന്താണ് നേട്ടം എന്ന ചോദ്യം ന്യായ മായും ഉദിക്കാം. ഒരു റേഡിയോ നിലയം തുടങ്ങിയതുകൊണ്ട് നമുക്ക് പ്രത്യേകിച്ച് നേട്ടമൊന്നും ഇല്ല എന്നു മാത്രമല്ല സാമ്പ ത്തികമായി കോട്ടവും ഉണ്ടാക്കിയേക്കാം. നാം സാമൂഹ്യ പ്രവർത്ത നങ്ങൾ നടത്തുന്നത് സാമ്പത്തിക നേട്ടം പ്രതീക്ഷിച്ചല്ലല്ലോ. ക്രൈസ്തവ വിശ്വാസത്തിന്റെ അവിഭാജ്യ ഘടകമാണ് പരസ്നേ ഹപ്രവർത്തികൾ. ആ പരസ്നേഹ പ്രവർത്തികൾ എളുപ്പമാക്കാ നുള്ള ഒരു ആധുനിക ഉപാധിയായി മാത്രം ഈ റേഡിയോ നിലയത്തെ കണ്ടാൽ മതി.

വരും കാലങ്ങളിൽ സാമൂഹ്യപ്രവർത്തനങ്ങൾ നടത്താൻ നമുക്ക് ആവശ്യമായ ആളും അർത്ഥവും ഇന്നത്തേതുപോലെ ഉണ്ടാ കണമെന്നില്ല. എങ്കിലും നമുക്ക് കർത്താവ് ഏൽപിച്ച് തന്നിരി ക്കുന്ന ബാധ്യതയും ഉത്തരവാദിത്വവും നിറവേറ്റാതിരിക്കാനാവു കയില്ല. കുറഞ്ഞ ചെലവിൽ കൂടുതൽ പേർക്ക് സേവനം ചെയ്യാ നുള്ള ഒരു ഉപാധിയാണ് ഇലക്ട്രോണിക്ക് മാധ്യമങ്ങൾ. ഇനിയത്തെ കാലത്ത് ഇലക്ട്രോണിക് മാദ്ധ്യമങ്ങൾക്കുള്ള പ്രസ

ക്തിയും സാംഗത്യവും നമുക്ക് ഊഹിക്കാൻ പോലും കഴിഞ്ഞെന്ന് വരുകയില്ല.

ഈ അടുത്ത കാലംവരെ സർക്കാരിനു മാത്രമേ റേഡിയോ നിലയങ്ങൾ തുടങ്ങാൻ അവകാശമുണ്ടായിരുന്നുള്ളു. എന്നാൽ മൂന്നു നാല് വർഷം മുമ്പ് ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന വാണിജ്യ നിലയങ്ങൾ സ്ഥാപിക്കാൻ സ്വകാര്യ സംരംഭകർക്ക് അനുവാദം നൽകുന്ന നിയമം നടപ്പിൽ വന്നു. അതോടൊപ്പം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മറ്റും ക്യാമ്പസ് റേഡിയോ എന്ന പേരിൽ അവർക്കാവശ്യമുള്ളവ പ്രക്ഷേപണം ചെയ്യാനായി നിലയങ്ങൾ സ്ഥാപിക്കാൻ അനുവദിച്ചുകൊണ്ട് സർക്കാർ പുതിയ നിയമം ഉണ്ടാക്കി. ഇതിന്റെ പിൻഗാമി എന്ന നിലയിൽ പ്രാദേശിക സമൂഹങ്ങൾക്ക് അവരുടെ പ്രാദേശിക നന്മയ്ക്ക് ഉതകുന്ന കാര്യങ്ങൾ പ്രക്ഷേപണം ചെയ്യാൻ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ എന്ന പേരിൽ നിലയങ്ങൾ തുടങ്ങാനും നിയമമുണ്ടായി. ഇത്തരമൊരു നിലയമാണ് നമ്മൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത്.

കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ അത് നിലകൊള്ളുന്ന പ്രദേശത്തെ ജനങ്ങളുടെ സഹകരണത്തോടെ അവരുടെ പ്രയോജനത്തിനു വേണ്ടി നടത്തുന്നതാണ്. കൃഷി, വിദ്യാഭ്യാസം, കലകൾ, കാലാവസ്ഥ, ചികിത്സാകാര്യങ്ങൾ, സാമൂഹ്യ പ്രശ്നങ്ങൾ, ടാക്സി ജോലിക്കാർ, കർഷകതൊഴിലാളികൾ, വിദ്യാർത്ഥികൾ തുടങ്ങിയ വിഭാഗങ്ങളിൽ പെടുന്നവരുടെ പ്രശ്നങ്ങൾ, തൊഴിലറിയിപ്പുകൾ എന്നിങ്ങനെ ഒട്ടേറെ കാര്യങ്ങൾ ഈ നിലയത്തിലൂടെ പ്രക്ഷേപണം ചെയ്യാൻ കഴിയും. എന്നാൽ വാർത്തകളും വാർത്താധിഷ്ടിത പരിപാടികളും ഈ നിലയം വഴി പ്രക്ഷേപണം ചെയ്യാൻ അനുവാദമില്ല. അതിന് നാം മറ്റ് നിലയങ്ങളെ തന്നെ ആശ്രയിക്കണം.

പ്രാദേശിക സമൂഹങ്ങൾക്ക് വേണ്ടിയുള്ളതായതുകൊണ്ട് അധികം ദൂരേയ്ക്ക് കിട്ടത്തക്കവിധം പ്രക്ഷേപണം നടത്താൻ നമുക്ക് അനുവാദമില്ല. ഏകദേശം 15 കിലോ മീറ്റർ ചുറ്റളവിൽ പ്രക്ഷേപണം കിട്ടത്തക്ക വിധമുള്ള യന്ത്രങ്ങൾ സ്ഥാപിക്കാനാണ് നമുക്ക് അനുവാദമുള്ളത്. നിലയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പ്രദേശമായ ദ്വാരക കേന്ദ്രമാക്കി 15 കിലോ മീറ്ററിനുള്ളിലായിരിക്കും പരിപാടികൾ ലഭ്യമാകുന്നത്.


നാമുദ്ദേശിക്കുന്ന രീതിയിൽ നിലയം നടത്തിക്കൊണ്ടു

പോകണമെങ്കിൽ നല്ല ചെലവ് വരും. പലരുടേയും സഹായം കൊണ്ടാണ് നാമിത് സ്ഥാപിക്കുന്നത്. അനുദിന ചെലവുകൾ, പരിപാടികൽ ഉണ്ടാക്കാനുള്ള ചെലവ് എന്നിവ വളരെ കൂടുതലായതുകൊണ്ട് സന്നദ്ധ സംഘടനകളുടേയും സന്നദ്ധസേവകരുടേയും സേവനം പ്രയോജനപ്പെടുത്തി ഏറ്റവും ചെലവ് കുറഞ്ഞ രീതിയിൽ പരിപാടികൾ പ്രക്ഷേപണം ചെയ്യണം എന്നതാണ് സർക്കാരിന്റെ നയം. അതുകൊണ്ട് പരസ്യത്തിലൂടെ വരുമാനമുണ്ടാക്കുന്നതിനും നിയന്ത്രണങ്ങളുണ്ട്. മറ്റു വാക്കുകളിൽ പറഞ്ഞാൽ ഒരു തൊഴിൽ ദായക സംരംഭമല്ല ഈ റേഡിയോ നിലയം.

നിലയം തുടങ്ങാൻ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്ന് അനുവാദം കിട്ടേണ്ടതുണ്ട്. 2007 മാർച്ച് മാസത്തിലാണ് നാം അതിനുള്ള അപേക്ഷ സമർപ്പിച്ചത്. ഇതിനകം രണ്ട് മൂന്ന് വകുപ്പുകളുടെ അനുവാദം കിട്ടിയിട്ടുണ്ട്. ഇനിയും പലതും കിട്ടാനുണ്ട്. അവയെല്ലാം ഏതാനും മാസങ്ങൾക്കുള്ളിൽ കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനുശേഷം മാത്രമേ പ്രക്ഷേപണം ആരംഭിക്കാൻ കഴിയുകയുള്ളു.

നമ്മുടെ ഈ പുതിയ സംരംഭത്തിന് നിങ്ങളുടെ ഏവരുടേയും സഹായ സഹകരണങ്ങൾ ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇത് നമ്മുടെയെല്ലാവരുടേതുമാണ്. നാം എല്ലാവരും ഒത്തുചേർന്ന് പരിശ്രമിച്ചാൽ അതിനെ വിജയത്തിലെത്തിക്കാൻ കഴിയും. യേശുവിന്റെ കരുണാർദ്ര സ്നേഹം നമ്മുടെ സഹോദരരിൽ എത്തിക്കാനുള്ള ഈ സംരംഭത്തെ ഞാൻ പരിശുദ്ധ അമ്മയ്ക്ക് സമർപ്പിക്കുകയാണ്. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2008 സെപ്റ്റംബർ മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

*NB:- ഈ സർക്കുലർ 2008 ഒക്ടോബർ മാസം 19-ന് ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.*

# പ്രൊലൈഫ് -
# ജീവന്റെ സംരക്ഷണത്തിനും
# സമൃദ്ധിയ്ക്കും വേണ്ടി

അഖില കേരള പ്രൊലൈഫ് സമിതിയുടെ നിർദ്ദേശം ചിലർ വിവാദമാക്കാൻ ശ്രമിക്കുന്നത് ശ്രദ്ധിക്കാനിടയായി. പ്രോലൈഫ് പ്രവർത്തകർ മനുഷ്യസമൂഹത്തെ ഒന്നായിട്ടാണ് കാണുന്നത്. എല്ലാ മനുഷ്യരിലുമുള്ള ജീവൻ ദൈവത്തിന്റെ മഹനീയമായ ദാനമാണ്. ഈശ്വരാംശമാണ് മനുഷ്യനിലുള്ള ജീവൻ. സ്വാമി വിവേകാനന്ദൻ 'ജീവാത്മാവിന്റെ ക്ഷേത്രമായ മനുഷ്യശരീരത്തെ നരകപ്രായമാക്കരുത്' എന്ന് പറയുന്നു. ശരീരം ജീവാത്മാവിന്റെ ആലയമാണെന്ന് വ്യക്തമാക്കുന്നു. ഹൈന്ദവൻ ക്ഷേത്രമെന്നും ക്രൈസ്തവർ ദൈവാലയമെന്നും മുസ്ലീം മോസ്ക്കെന്നും വിളിക്കുന്ന ഈശ്വരന്റെ ആലയമാണ് മനുഷ്യശരീരം. അതിന്റെ വിശുദ്ധിയെക്കുറിച്ചുള്ള അവബോധം ഇന്ന് നഷ്ടപ്പെട്ടിരിക്കുന്നതാണ് സമൂഹത്തിൽ ഇന്ന് വളരുന്ന എല്ലാ തിന്മകൾക്കും നിദാനം. ലൈംഗിക പീഡനം മുതൽ എയ്ഡ്സ് രോഗം പടർന്നു പന്തലിക്കാൻ വരെ ഇത് കാരണമായി. ദൈവാലയമായ ശരീരത്തെ നശിപ്പിക്കാൻ പാടില്ല. യു.എൻ-ന്റെ ജനീവ കോൺഫ്രൻസ് ഓഫ് ഹ്യൂമൻ റൈറ്റ്സിൽ 'അണ്ഡ ബീജ സങ്കലന നിമിഷം 46 ക്രോമസോമുള്ള മനുഷ്യ ജീവൻ ആരംഭിച്ചു' എന്ന് പ്രസ്താവിക്കുന്നു. അതിനാൽ അണ്ഡവാഹിനികുഴലിൽ അണ്ഡബീജസങ്കലന നിമിഷം മുതൽ സ്വാഭാവികമായി ഒരു വ്യക്തി മരിക്കുന്നതുവരെ ഈ ജീവനെ സംരക്ഷിക്കണമെന്നാണ് ലോകം മുഴുവനുമുള്ള പ്രൊലൈഫേഴ്സ് പഠിപ്പിക്കുന്നത്. ഈ ജീവനെ ജാതി-മത-വർഗ്ഗ- രാഷ്ട്രീയ വ്യത്യാസത്തിൽ കാണാൻ സാധിക്കുകയില്ല. ജീവന് വില നൽകാതെ

നശിപ്പിക്കുന്ന എല്ലാ തിന്മകളും അവസാനിപ്പിക്കണമെന്ന് പ്രൊലൈഫേഴ്സ് വാദിക്കുന്നു.

ഈ ജീവന്റെ സമഗ്രപോഷണത്തിനായി നിൽക്കേണ്ടവനാണ് മനുഷ്യൻ. ജീവനെതിരായി ഇന്നു നിലവിലിരിക്കുന്ന ഭീഷണികൾ : ദാരിദ്ര്യം, വിശപ്പ്, സാംക്രമിക രോഗങ്ങൾ, അക്രമം, യുദ്ധം, കൊലപാതകം, വർഗ്ഗവിഛേദം, ഗർഭച്ഛിദ്രം, കാരുണ്യവധം, ആത്മഹത്യ, ശിശുപീഡനം, ബലാത്സംഗം, മദ്യപാനം, പുകവലി, മയക്കുമരുന്നുകൾ, പാൻമസാല, സോഫ്റ്റ് ഡ്രിംഗ്സ്, വധശിക്ഷ, ഗർഭനിരോധന പ്രവർത്തനങ്ങൾ, സൈബർ സെക്സ്, ബ്ലൂ ഫിലിം, അശ്ലീലസാഹിത്യം, വൃദ്ധരെ അവഗണിക്കൽ, പരിസര മലിനീകരണം, വെറുപ്പ്, വിദ്വേഷം, മായം ചേർക്കൽ...

മനുഷ്യവ്യക്തിയുടെ പൂർണ്ണതയെ നശിപ്പിക്കുന്നതെന്തും... അംഗവിഛേദനം, ശരീരത്തിലോ മനസിലോ ഏൽപ്പിക്കുന്ന ദാരുണ പീഡനങ്ങൾ, മാനസിക പീഡനം, മനസിനെ അടിച്ചമർത്താനുള്ള ശ്രമങ്ങൾ, സ്വഭാവഹത്യ, അപവാദം പറച്ചിൽ സ്വാർത്ഥപരമായി മക്കളുടെ എണ്ണം കുറയ്ക്കൽ, സ്വന്തം സുഖത്തിനായി മറ്റുള്ളവരെ ദുരുപയോഗിക്കൽ ഇവയും ജീവനെതിരായ തിന്മകൾ തന്നെ.

മനുഷ്യമാഹാത്മ്യത്തെ അധിക്ഷേപിക്കുന്നതെന്തും അതായത് മനുഷ്യോചിതമല്ലാത്ത ജീവിത സാഹചര്യങ്ങൾ, അന്യായമായ തടവുശിക്ഷ, നാടുകടത്തൽ, അടിമത്വം, വേശ്യാവൃത്തി, സ്വവർഗ്ഗ ലൈംഗിക വൈകൃതങ്ങൾ, സ്ത്രീകളെയും കുഞ്ഞുങ്ങളെയും വിൽക്കൽ, ബാലവേല ഇവയും ജീവന്റെ സമഗ്രപോഷണത്തിന് തടസ്സമാണ്.

യേശുവന്നിരിക്കുന്നത് "നമുക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധമായുണ്ടാകുവാനുമാണ്" എന്ന് യോഹ 10:10 ൽ ഉദ്ബോധിപ്പിക്കുന്നു. ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ പ്രൊലൈഫിന്റെ ലക്ഷ്യം- (a) ജീവനുണ്ടാകണം, അത് സംരക്ഷിക്കണം. (b) അത് സമൃദ്ധമായുണ്ടാകണം എന്നതാണ്. ദൈവം കുടുംബത്തെ രൂപപ്പെടുത്തിയതിന്റെ ലക്ഷ്യവും മറ്റൊന്നല്ലല്ലോ. ദമ്പതികൾ പരസ്പരം സ്വാർത്ഥത വെടിഞ്ഞ് സ്നേഹിക്കണം. സ്നേഹത്തിന്റെ പൂർണ്ണതയിൽ അതിന്റെ ഫലം രൂപപ്പെടുന്നു. അതാണ് മക്കൾ ഒന്നു ചേർന്ന് കുടുംബമായി സ്നേഹിച്ചുവളരുക.

ജീവന്റെ ശുശ്രൂഷയുടെ പ്രധാനലക്ഷ്യം ജീവന്റെ സംരക്ഷണമാണ്. ജീവനെതിരായ തിന്മകൾ വളരുന്ന ഈ കാലഘട്ടത്തിൽ പട്ടുനൂൽപുഴുവിനും കോഴിമുട്ടയ്ക്കും സിംഹവാലൻ കുരങ്ങനും ഒക്കെ സംരക്ഷണം വേണമെന്ന് വാദിക്കാൻ നിരവധി പേരുണ്ട്. സൃഷ്ടിയുടെ മകുടമായ (സങ്കീ. 8) മനുഷ്യജീവനെ സംരക്ഷിക്കാൻ മാത്രം ആരുമില്ല. വൃദ്ധരെ സംരക്ഷിക്കാതെയും കുട്ടികളെക്കൊണ്ട് അമിതമായി ജോലി ചെയ്യിച്ചും ജീവനെതിരായ തിന്മകൾ വളരുകയാണ്.

ലൈംഗികതിന്മയിൽ ഏർപ്പെടുന്ന വ്യക്തി വിലപ്പെട്ട ജീവനാണ് നഷ്ടപ്പെടുത്തുന്നത് (സുഭാഷിതങ്ങൾ 7:23) ലൈംഗികതയെ ദുരുപയോഗിക്കുന്ന വ്യക്തി ജീവനെതിരായി തിന്മ ചെയ്യുന്നു. ഭക്ഷ്യവസ്തുക്കൾക്ക് മായം ചേർത്ത് ആന്തരികാവയവങ്ങൾക്ക് ക്ഷതം സംഭവിപ്പിക്കുന്ന കർഷകനും കച്ചവടക്കാരനും ജീവനെ ആദരിക്കുന്നില്ല. പ്ലാസ്റ്റിക്കുകളും ഉപയോഗശൂന്യമായ വസ്തുക്കളും തെരുവിൽ വലിച്ചെറിഞ്ഞ് പരിസരത്തെ മലിനപ്പെടുത്തുന്നവരും പുകവലിച്ച് ആ പുക സമൂഹത്തിലേയ്ക്ക് വിട്ട് കുടുംബത്തിലും മറ്റുമുള്ള നിഷ്കളങ്കരെ രോഗികളാക്കുന്നവരും ജീവന്റെ വിനാശകരായി മാറുന്നു. നിസഹായരായ കുട്ടികളെ കൊണ്ട് കഠിന ജോലി ചെയ്യിക്കുന്നതിനും പഠിച്ച് മാനസിക പക്വതയിൽ വളരേണ്ട കൊച്ചുപ്രായത്തിൽ അതിനവസരം നൽകാത്തവരും ജീവനെ മാനിക്കാത്തവർ തന്നെ.

ഗർഭപാത്രത്തിൽ ഉരുവാകുന്ന കുഞ്ഞിനെ ഭൂമി കാണാൻ അനുവദിക്കാതെ കൊല ചെയ്യുന്ന ഗർഭഛിദ്രത്തെ പുതിയ തലമുറ വളരെ ലാഘവത്തോടെ കാണുന്നു. ഒരു നിസാര പ്രവൃത്തിയായി പലരും ഇതിനെ കാണുന്നതിനാൽ ആറും ഏഴും ഗർഭഛിദ്രം ചെയ്തവർ പോലും നമ്മുടെ സമൂഹത്തിലുണ്ട്. കോടിക്കണക്കിന് കുഞ്ഞുങ്ങളെ കൊല്ലുന്ന ഗർഭഛിദ്രത്തിനെതിരായി ബോധവത്ക്കരണവും പ്രാർത്ഥനയും ഒക്കെ ശക്തമാക്കേണ്ടത് ഈ കാലഘട്ടത്തിന്റെ പരമപ്രധാന ആവശ്യമാണ്.

ഇന്ന് നമ്മുടെ സമൂഹത്തിൽ 2 കുട്ടികളെ കയ്യിൽപിടിച്ച് ഒരു ഗർഭിണി നടക്കുന്നതു കണ്ടാൽ ജനം അവരെ പുഛിക്കാനും വേദനിപ്പിക്കാനും തുടങ്ങും. രവീന്ദ്രനാഥടാഗോർ പറയുന്നത് ഓരോ ഗർഭിണിയും ദൈവം ഇപ്പോഴും ലോകത്തെ സ്നേഹി

ക്കുന്നു എന്നതിന്റെ അടയാളമാണെന്നാണ്. ദൈവത്തിന്റെ രക്ഷാകരപദ്ധതി തലമുറകളിൽ തുടരുന്നതിന് ദൈവം അയയ്ക്കുന്ന കുഞ്ഞുങ്ങളെ സ്വീകരിക്കാൻ വിമുഖത പ്രകടിപ്പിക്കുന്നത് ദൈവത്തെ നിഷേധിക്കുന്നതിന് തുല്യമാണ്. ദൈവപദ്ധതിയെ തകർക്കാനുള്ള സാത്താന്റെ പദ്ധതി തിരിച്ചറിയാതെ മക്കൾക്ക് ജന്മം കൊടുക്കാതിരിക്കുന്നത് വലിയ തെറ്റാണെന്ന് തിരിച്ചറിയണം. കേരളത്തിൽ നായർ സമൂഹത്തിലും സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിലുമാണ് ജീവന്റെ കുറവ് ഏറ്റവും അധികമായി കാണുന്നത്. കുടുംബത്തിന്റെ ദൈവീകപദ്ധതികൾ മറന്നുകൊണ്ട് ധനസമ്പാദനത്തിനും സുഖത്തിനും സ്വാർത്ഥതയ്ക്കും അധിക പ്രാധാന്യം നൽകുന്നതിലൂടെ തകർച്ചയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്.

നമ്മുടെ സമൂഹത്തിൽ പലർക്കും ഇതിന്റെ പ്രാധാന്യം മനസിലാകുന്നില്ല. സുറിയാനി കത്തോലിക്കരുടെ ഇടയിൽ 10 വർഷത്തിനു മുൻപ് ജനന നിരക്ക് 1.5 ആയിരുന്നു. ഇന്ന് അത് 1.4 വരെയായി എന്നും കേൾക്കുന്നു. ഈ കണക്കിന് മുന്നോട്ടുപോയാൽ 3 തലമുറ കഴിയുമ്പോൾ ഈ സമൂഹങ്ങൾ അന്യം നിന്നുപോകും.

| | |
|---|---|
| ഇന്ന് ദമ്പതികൾ | 1,00,000 |
| അവരിൽ 10% ത്തിന് മക്കളില്ല | 10,000 |
| ബാക്കി ദമ്പതികൾ | 90,000 |
| അവർക്ക് 1 1/2 കുഞ്ഞുങ്ങൾ വീതം | 1,35,000 കുട്ടികൾ |
| അവർ വിവാഹിതരാകുമ്പോൾ | 67500 ദമ്പതികൾ |
| | 1-ാം തലമുറ |
| അവരിൽ മക്കളില്ലാത്തവർ 10% | 7500 |
| ബാക്കി ദമ്പതികൾ | 60,000 |
| അവർക്ക് 1.4 കുട്ടികൾ വീതം | 84,000 - കുട്ടികൾ |
| അവർ വിവാഹിതരാകുമ്പോൾ | 42,000 - ദമ്പതികൾ |
| | 2-ാം തലമുറ |
| മക്കളില്ലാത്തവർ | 4,000 |
| ബാക്കി ദമ്പതികൾ | 27,000 |
| അവർക്ക് 1.3% | 41,000 കുട്ടികൾ |
| അവർ വിവാഹിതരാകുമ്പോൾ | 20500 - ദമ്പതികൾ |
| | 4-ാം തലമുറ |

4 തലമുറയിലെത്താൻ പരമാവധി 100 വർഷം മതിയാകും. സമീപഭാവിയിൽ തന്നെ സംഭവിക്കാനിരിക്കുന്ന ഈ വിപത്തിനെ കണ്ടില്ലെന്ന് വയ്ക്കരുത്.

സുറിയാനി കുടുംബങ്ങളിലുള്ള മക്കൾ ജോലി തേടി പുറത്തേയ്ക്ക് പോകുന്നതിനാൽ വീടുകൾ വൃദ്ധർ മാത്രം കഴിയുന്ന കോൺക്രീറ്റ് സൗധങ്ങളായി മാറ്റപ്പെടും. കുട്ടികൾ തീരെ കുറഞ്ഞും വൃദ്ധർ വളരെ കൂടുതലുമുള്ള വ്യത്യസ്തമായ സുറിയാനി കുടുംബങ്ങളായിരിക്കും ഭാവിയിൽ നമ്മെ കാത്തിരിക്കുക. വൃദ്ധരുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാതെ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന സാഹചര്യം ഉണ്ടാകും. അപ്പോൾ ദയാവധത്തിന് താല്പര്യമെടുക്കും.

നമ്മുടെ പെൺകുട്ടികൾ കൂടുതൽ പഠിക്കുവാൻ താൽപര്യമെടുക്കുന്നതിനാൽ, അതുകഴിഞ്ഞ് ജോലിയിൽ പ്രവേശിച്ചു കഴിഞ്ഞ് മാത്രം വിവാഹാലോചനയിലേക്ക് വരുന്നതിനാൽ വിവാഹ പ്രായം വളരെ കടന്നുപോകുന്നു. അതിന്റെ പ്രത്യാഘാതങ്ങളും വലുതായി മാറുന്നു.

ഇന്നത്തെ കുടുംബങ്ങളിൽ ഭാര്യാഭർത്തൃബന്ധം വേണം. എന്നാൽ ആ സ്നേഹപ്രവർത്തിയുടെ ഫലമായ മക്കൾ വേണ്ട എന്ന മനോഭാവം വളരുന്നു. കോണ്ട്രാസെപ്റ്റീവ് മെന്റാലിറ്റി - ഐപിൻ പോലുള്ള ഗുളികകളുടെ വരവോടെ സ്ത്രീപുരുഷ ശരീരങ്ങൾ വെറും ആസ്വാദനത്തിനുമാത്രമുള്ളതായി മാറി. അവരുടെ സ്ത്രീകൾ സ്വാഭാവിക ബന്ധങ്ങൾക്ക് പകരം പ്രകൃതി വിരുദ്ധബന്ധങ്ങളിലേർപ്പെട്ടു. (റോമാ 1:26) കൃത്രിമ മാർഗ്ഗങ്ങളായ ഉറ തുടങ്ങിയ ഗർഭനിരോധനത്തെക്കാൾ പ്രകൃതിവിരുദ്ധമാർഗ്ഗങ്ങളിലൂടെ സുഖാന്വേഷണം മാത്രം ലക്ഷ്യമായി മാറി. സുഖാന്വോഷണകരായതിനാൽ സുഖം നൽകാനുള്ള കഴിവ് നഷ്ടപ്പെട്ടുകഴിഞ്ഞാൽ അസ്വസ്ഥരായി വെറുപ്പിലും പകയിലും വളർന്ന് പൊട്ടിത്തെറിയിലേക്ക് നീങ്ങുന്നു.

പഴയ കുടുംബങ്ങളിൽ മക്കൾ അധികം ഉണ്ടായിരുന്നതുകൊണ്ട് അവിടെ പരസ്പര സ്നേഹം, പങ്കുവയ്ക്കൽ, കൂട്ടായ്മ, ഐക്യം, ആനന്ദം തുടങ്ങിയ മാനുഷിക ബന്ധങ്ങളെ വളർത്തുന്ന, ശക്തിപ്പെടുത്തുന്നവ ദർശിക്കാൻ സാധിക്കുമായിരുന്നു. കൂടുമ്പോൾ ഇമ്പമുണ്ടാകുന്നതാണല്ലോ കുടുംബം. ഇമ്പമുണ്ടാകണ

മെങ്കിൽ അവിടെ കൂടാൻ ആളുവേണം. ഇന്ന് നമ്മുടെ കുടുംബ ങ്ങൾ അണുകുടുംബങ്ങളായി മാറിയതോടെ ഇപ്പറഞ്ഞ സ്നേഹ വികാരങ്ങൾ നഷ്ടമായി. ഒന്നും രണ്ടും കുഞ്ഞുങ്ങൾ മാത്രമുള്ള കുടുംബങ്ങളിൽ സ്വാർത്ഥത മാത്രം നിറഞ്ഞുനിൽക്കുന്നു. അവര വരുടെ സുഖവും സന്തോഷവും മാത്രം ലക്ഷ്യം! സഹോദരങ്ങളെ കരുതുകയോ, പരിഗണിക്കുകയോ, ബഹുമാനിക്കുകയോ, സ്നേഹിക്കുകയോ ചെയ്യാറില്ല. ഓരോരുത്തർക്കും അവരവരുടെ ലോകം മാത്രം. അപരനെ കരുതാൻ പറ്റുന്നില്ല. അധിക മക്കളുള്ള കുടുംബങ്ങളിൽ അവർ തമ്മിൽ അടിയും വഴക്കും ഒക്കെ ഉണ്ടാ കുന്നതിലൂടെ ബന്ധങ്ങൾ വളരാറുണ്ടായിരുന്നു. പണ്ട് ഒരു മിഠായി കിട്ടിയാൽ എല്ലാവർക്കും പങ്കുവച്ചിരുന്നെങ്കിൽ ഇന്ന് ആരും അറി യാതെ ഒറ്റയ്ക്ക് കഴിക്കുന്നു.

ഇന്നത്തെ ജനസംഖ്യ താഴാതിരിക്കണമെങ്കിൽ 2.2 മക്കൾ കുടുംബങ്ങളിൽ ശരാശരി ഉണ്ടായിരിക്കണമെന്ന് യു.എൻ. നിഷ്കർഷിക്കുന്നു. ഇന്ന് മക്കളില്ലാത്ത ദമ്പതികളുടെ എണ്ണം 10% മേൽ ഉയർന്നിരിക്കുന്നതിനാൽ മക്കളുള്ള കുടുംബങ്ങളിൽ 3 കുട്ടി കളെങ്കിലും ഉണ്ടായെങ്കിലേ ഇത് സാധിക്കൂ. ഇന്ന് ലോകത്ത് 76 രാജ്യങ്ങളിൽ ഇത് 2.2 ന്റെ താഴെ എത്തിയിരിക്കുകയാണ്. റഷ്യ യിൽ ജനനനിരക്ക് 1.3 ആണ്. അതിന്റെ ഫലം അവിടെ അനുഭ വിച്ചുകഴിഞ്ഞിരിക്കുന്നു. 1991 ൽ 148 മില്ല്യണായിരുന്ന റഷ്യയിലെ ജനസംഖ്യ 2001 ൽ 143 മില്ല്യണായി താഴ്ന്നിരിക്കുന്നു. 2050 ആകു മ്പോൾ അത് 100 മില്യൻ വരെ താഴാൻ സാധ്യതയുണ്ടെന്ന് അനു മാനിക്കുന്നു. അതിനാൽ സെപ്തംബർ 12 ന് അന്നത്തെ റഷ്യൻ പ്രസിഡണ്ട് പുടീൻ ഒരു പ്രത്യേക പീരീഡിൽ ജനിക്കുന്ന കുഞ്ഞു ങ്ങൾക്ക് കാർ, ഫ്രിഡ്ജ് തുടങ്ങിയ സമ്മാനങ്ങൾ വാഗ്ദാനം ചെയ്തിരിക്കുകയാണ്. 'റഷ്യയുടെ ഏറ്റവും വലിയ പ്രശ്നം ജന സംഖ്യയിൽ വന്ന തകർച്ചയാണ്' പുടീൻ പറയുന്നു. മക്കളുടെ എണ്ണം 2 ൽ താഴെയാക്കി കുറച്ചു തലമുറകൾ കഴിയുമ്പോൾ ലോകം അവസാനിച്ചുകൊള്ളും.

ലോകത്തെ ഏറ്റവും വലിയ ശക്തി മനുഷ്യശക്തിയാണ്. അത് അധികമായി കഴിഞ്ഞതലമുറയിലുണ്ടായിരുന്നതിനാലാണ് ചൈനയും ഇന്ത്യയും ഇന്ന് വലിയ പുരോഗതി നേടുന്നത്. എന്നാൽ ജനം കുറഞ്ഞ അമേരിക്ക, യൂറോപ്പ് രാജ്യങ്ങൾ ഇന്ന്

വൻതകർച്ചയെ അഭിമുഖീകരിക്കുന്നതിന് കാരണം വ്യക്തമായല്ലോ.

ഇന്ന് ഒന്നും രണ്ടും മക്കളുള്ള കുടുംബങ്ങളിലെ അമ്മമാരുടെ ഇടയിൽ ഉത്കണ്ഠ, ആകുലത, ഭയം തുടങ്ങിയ വികാരങ്ങളാലുണ്ടാകുന്ന മാനസികാസ്വസ്ഥതകൾ കൂടി മാനസികരോഗാവസ്ഥയിൽ വരെ എത്തുന്നതായി പറയുന്നു. ഒന്നും രണ്ടും മക്കളുള്ള കുടുംബങ്ങളിലെ കുട്ടികൾ അപകടങ്ങളിലൊക്കെയായി മരിക്കുന്ന വാർത്തവായിക്കുമ്പോൾ ഇവർ അസ്വസ്ഥരാകുന്നു. കൂടാതെ അധികമക്കൾ മാതാപിതാക്കളുമായി ഒന്നിച്ചു വളരുന്ന കുടുംബങ്ങളിലുള്ളവർക്ക് ലഭിക്കുന്ന മാനസികവളർച്ച അണു കുടുംബങ്ങളിലുള്ള കുട്ടികൾക്ക് ലഭിക്കുന്നില്ല.

മക്കളുടെ എണ്ണം കുറച്ചാൽ അടുത്ത തലമുറയിൽ സാമ്പത്തികഭാരം ഉണ്ടാകും എന്നും പഠനം പറയുന്നു. ഇന്ന് കുട്ടികൾ കുറഞ്ഞും വൃദ്ധർ കൂടിയും വരുകയാണ്. 1991 ൽ കേരളത്തിൽ 14 വയസിന് താഴെയുള്ള കുട്ടികൾ 100 ൽ 30.36 ആയിരുന്നു. 2001 ആയപ്പോൾ അത് 23.39 ആയി. 10 വർഷം കൊണ്ട് 7 കുട്ടികളുടെ കുറവാണ് സംഭവിച്ചത്. 1991 ലെ സെൻസസിൽ 60 വയസിനു മേലുള്ളവർ 8.75 ആയിരുന്നത് 2001 ആയപ്പോൾ 11 ആയി വർദ്ധിച്ചു. (2000 ഡിസംബർ 4 ലെ മാതൃഭൂമിയിൽ വന്ന ലേഖനത്തിൽ നിന്ന്) കുട്ടികൾ കുറഞ്ഞും വൃദ്ധർ കൂടുതലുമുള്ള വ്യത്യസ്തമായ മലയാളി കുടുംബങ്ങളായിരിക്കും 21 -ാം നൂറ്റാണ്ടിൽ നാം കാണേണ്ടിവരിക.

ജനപ്പെരുപ്പമാണ് ഇന്ത്യയുടെ ശാപം എന്ന നിഗമനം കാലഹരണപ്പെട്ടെന്നും ജനസംഖ്യയെ നേട്ടമാക്കി മാറ്റാനുള്ള അവസരമാണ് കൈവന്നിരിക്കുന്നതെന്നും പ്രമുഖ സാമ്പത്തിക വിദഗ്ദ്ധന്മാർ മോഹൻ ഗുരുസ്വാമി അഭിപ്രായപ്പെട്ടു. (മലയാള മനോരമ - 2006 മാർച്ച് 7).

'നാം രണ്ട് നമുക്ക് രണ്ട്' എന്ന മുദ്രാവാക്യമില്ല. മക്കളുടെ എണ്ണം പറഞ്ഞുള്ള കുടുംബാസൂത്രണവുമില്ല. ജനസംഖ്യ ബാധ്യതയല്ല, ആസ്തിയാണെന്നു ചിന്തിക്കാൻ ദേശീയ ജനസംഖ്യാ കമ്മീഷൻ യോഗത്തിൽ പ്രധാനമന്ത്രി ശ്രീ. മൻമോഹൻസിംഗ് ആഹ്വാനം ചെയ്തു. മക്കൾ എത്ര വേണമെന്ന് തീരുമാനിക്കാൻ രാജ്യത്തെ പൗരന്മാർക്ക് മൗലികമായ അവകാശമുണ്ടെന്ന തിരി

ച്ചറിവാണ് നിർബന്ധിത കുടുംബാസൂത്രണത്തിൽ നിന്നു പിന്തിരിയാൻ കേന്ദ്രത്തെ പ്രേരിപ്പിച്ചത്. (മാതൃഭൂമി - 2005 മെയ് 26)

സാമ്പത്തിക വളർച്ച ത്വരിതമാക്കാനുതകുമാറ് ഇന്ത്യയ്ക്ക് വലിയ ജനപ്പെരുപ്പമാണ്. മറ്റ് രാജ്യങ്ങളിൽ ആവശ്യത്തിന് തൊഴിലാളികളില്ല. ഉയർന്ന വളർച്ചാനിരക്ക് നേടാൻ നാം ജനസംഖ്യ കുറയ്ക്കണം എന്നാണ് ഇന്നുവരെ കേട്ടിരുന്നത്. ജനപ്പെരുപ്പം സാമ്പത്തിക വളർച്ചയിലേയ്ക്ക് നയിക്കുമെന്ന് ഇപ്പോൾ കേൾക്കുന്നു. സാമ്പത്തിക വളർച്ച കൈവരിക്കാൻ ഉയർന്ന ജനസംഖ്യ സഹായകമാണ്. (ഡോ. ഭരത് ജുൻ ജുൻ വാല - മാതൃഭൂമി 2004 ജൂൺ 24).

ജനസംഖ്യ കുറയുമ്പോൾ കുട്ടികൾ കുറയുന്നു. കുട്ടികളുടെ എണ്ണം കുറച്ച് രാജ്യത്തെ രക്ഷിക്കണമെന്നാണല്ലോ ചിലർ മുറവിളി കൂട്ടുന്നത്. എന്നാൽ നാളെ നിങ്ങളുടെസ്ഥാനത്ത് ഇവിടെ നിൽക്കേണ്ടിവരുന്നത് ഈ കുട്ടികളാണ്. കുട്ടികൾ അടുത്ത ഘട്ടത്തിൽ യുവജനങ്ങൾ പിന്നെ അവർ വിവാഹിതരാകും. ഒടുവിൽ വൃദ്ധരായി മാറുന്നു. ഇന്ന് കുട്ടികൾ കുറഞ്ഞാൽ നാളെ ജോലി ചെയ്യാനുള്ളവരാണ് കുറയുന്നതെന്ന് നാമറിയുന്നില്ല.

ഇന്ന് ജനസംഖ്യ മൊത്തത്തിൽ എടുത്തുനോക്കിയാൽ കുട്ടികൾ 25 മദ്ധ്യവയസ്കർ 50, വൃദ്ധർ 25 എന്ന കണക്കിലാണ്. എന്നാൽ 25 വർഷം കഴിഞ്ഞ് അടുത്ത തലമുറയിൽ കുട്ടികൾ 15, മദ്ധ്യവയ്ക്കർ 25, വൃദ്ധർ 60 എന്ന കണക്കിനാകും. ജോലി ചെയ്യാൻ കഴിവുള്ള 25 പേർ വൃദ്ധരുടെയും കുട്ടികളുടെയും ചെലവ് മുഴുവൻ വഹിക്കേണ്ടിവരും. ജനനനിരക്കിലെ കുറവ് സാമ്പത്തികവും മറ്റുമായ തകർച്ചയ്ക്ക് കാരണമാകുമെന്ന് മാതൃഭൂമി 2008 മാർച്ച് 26 ൽ ഡോ. ഭരത് ജുൻ ജുൻ വാലയുടെ ലേഖനത്തിൽ സമർത്ഥിക്കുന്നുണ്ട്.

ഈ അടുത്ത കാലത്ത് കുട്ടനാട്ടിൽ സംഭവിച്ചതെന്താണ്. നെല്ലുമുഴുവൻ വിളഞ്ഞ് കിടന്നിട്ട് അത് കൊയ്യാൻ തൊഴിലാളി ഇല്ലാതായ അവസ്ഥ. തേങ്ങ ഇടാൻ ആളില്ല, തേങ്ങ പൊഴിഞ്ഞ് നശിക്കുന്നു. ഒരു കുടുംബത്തിൽ 2 കുട്ടികളാക്കിയപ്പോൾ അവർ രണ്ടുപേരെയും വലിയ പഠനത്തിലേക്ക് അയയ്ക്കുന്നു. നാട്ടിൽ മുഴുവനും ഡോക്ടറും എഞ്ചിനീയറും കംപ്യൂട്ടറുകാരും മാത്രമായി മാറിയാൽ സംഭവിക്കുന്നത് എന്താണ്. പ്രകൃതിയിൽ എല്ലാ തലത്തിലുമുള്ള പ്രവർത്തകർ ആവശ്യമാണ്. അത് നിലനിൽപ്പി

നാവശ്യമാണ്. ശാസ്ത്രീയ നേട്ടം മൂലം ഉല്പാദനം നമ്മുടെ സമൂഹത്തിൽ കുടിയിരിക്കുകയാണ്. എന്നാൽ ഉല്പാദിപ്പിക്കപ്പെട്ട വസ്തുക്കൾ വാങ്ങാൻ ആളുകൾ അതനുസരിച്ച് കൂടുന്നില്ല. അതിനാൽ ഉല്പാദകന് ന്യായമായ വില ലഭിക്കാതെ വരുന്നു. ഇന്ന് താങ്ങുവിലയിലേക്ക് വരുന്നതിന്റെ കാരണമതാണ്.

ഒരു കുട്ടി ഗർഭത്തിൽ ഉരുവാകുന്ന നിമിഷം മുതൽ ആ കുഞ്ഞിലൂടെ എത്രപേർക്ക് തൊഴിലവസരങ്ങളും വരുമാനമാർഗ്ഗങ്ങളും ലഭിക്കുന്നു. ആശുപത്രികൾ, ഡോക്ടർ, നഴ്സ്, തയ്യൽക്കാരൻ, കളിപ്പാട്ടക്കാരൻ, ഭക്ഷണം, സ്ക്കൂൾ എല്ലാ തലത്തിലും ഈ കുഞ്ഞ് ചിലർക്ക് ജീവിതമാർഗ്ഗമായി മാറുന്നു. കുട്ടികളുടെ കുറവ് സമൂഹത്തിലുണ്ടാക്കുന്ന പ്രത്യാഘ്യാതങ്ങൾ പലരും ശ്രദ്ധിക്കാറില്ല. ഇന്ന് സ്കൂളിൽ ഡിവിഷൻ ഫോൾ മൂലം അധ്യാപകരുടെ ജോലി നഷ്ടപ്പെടാറില്ലെ. അധ്യാപകർക്കുണ്ടാകുന്ന പ്രശ്നം പ്രത്യക്ഷമായി നാം കാണുന്നു. എന്നാൽ നമ്മൾ ശ്രദ്ധിക്കാത്ത എത്രയേറെ മേഖലകളിൽ ഈ തകർച്ച ഇന്നു സംഭവിച്ചുകഴിഞ്ഞിരിക്കുന്നു.

ചിലർ നമ്മുടെ നാട്ടിൽ ഇപ്പോഴും ജനസംഖ്യ വർദ്ധിക്കുകയാണെന്ന് പറയുന്നു. പണ്ട് കുടുംബങ്ങളിൽ അധികം മക്കൾ ഉണ്ടായിരുന്നതുകൊണ്ടാണ് ഇന്ന് ജനസംഖ്യാവർദ്ധനവ് കാണിക്കുന്നത്. അടുത്ത തലമുറയിൽ കുട്ടികൾ 2-ൽ താഴെ വന്നിരിക്കുന്നതിനാൽ വളർച്ചാനിരക്ക് കുറഞ്ഞുകൊണ്ടിരിക്കുന്നത് കാണാം. കേരളത്തിലെ ജനസംഖ്യ 2031 മുതൽ കുറയാൻ തുടങ്ങുമെന്ന് വിദഗ്ധർ പറയുന്നു.

ഇന്ത്യയിൽ 110 കോടി ജനങ്ങളുണ്ടെന്ന് പറയുന്നവർ ശ്രദ്ധിക്കുക. ജനസംഖ്യയല്ല ജനസാന്ദ്രതയാണ് നാം നോക്കേണ്ടത്. 3,287,263 ചതുരശ്ര കിലോമീറ്റർ ഭൂപ്രദേശം ഉള്ള ഇന്ത്യയിലാണ് ഈ ജനങ്ങൾ താമസിക്കുന്നതെന്ന സത്യം നാം വിസ്മരിക്കുന്നു. ജനസാന്ദ്രത ഇന്ത്യയിൽ 336 ആണ്. ഒരു ചതുരശ്ര കിലോമീറ്റർ ഭൂപ്രദേശത്ത് 336 പേർ മാത്രമേ താമസിക്കുന്നുള്ളു. ജനസാന്ദ്രതയിൽ 22-ാം സ്ഥാനമാണ് ഇന്ത്യയ്ക്ക്. ലോകത്തിൽ ജനസംഖ്യയിൽ 1-ാം സ്ഥാനത്ത് നിൽക്കുന്ന ചൈനയിലെ ജനസാന്ദ്രത 138 ഉം 55-ാം സ്ഥാനവുമാണുള്ളത്. ജനം തിങ്ങി നിറയുന്നു എന്ന് പറയുന്നവർ യഥാർത്ഥമായ ഈ കണക്ക് അവഗണിക്കുന്നു.

ഇന്ന് കേരളത്തിൽ മക്കളുടെ എണ്ണം ഏറ്റവും അധികം കുറ

ഞ്ഞുകൊണ്ടിരിക്കുന്നത് സുറിയാനി ക്രൈസ്തവരുടെയും നായർ സമൂഹത്തിലുമാണെന്ന് കേൾക്കുന്നു. ഈ കണക്കിന് പോയാൽ തലമുറകൾ കഴിയുമ്പോൾ ഇവർ സമൂഹത്തിൽ കാണില്ല. പാർസി കൾ മക്കളുടെ എണ്ണം കുടുംബങ്ങളിൽ കുറയ്ക്കാൻ പണ്ട് തീരു മാനിച്ചതിന്റെ ഫലം ഇന്നവരനുഭവിക്കുകയാണ്. പാർസികൾ ഇന്ത്യ യിൽ നാമാവശേഷമായിരിക്കുന്നു. ഈ ദുരവസ്ഥ ഒരു മനുഷ്യ രുടെ ഇടയിലും ഉണ്ടാകാൻ ഇടയാകരുത്.

കേരളത്തിലെ സെൻസസിൽ ക്രൈസ്തവരുടെ വളർച്ചാ നിരക്ക് 1971 ൽ 25.28%, 1981 ൽ 16.46%, 1991 ൽ 7.41% വും ഹൈന്ദ വരുടെ വളർച്ചാനിരക്ക് 1971 ൽ 23.35%, 1981 ൽ 16.7%, 1991 ൽ 12.62% വും മുസ്ലീങ്ങളുടെ വളർച്ചാനിരക്ക് 1971 ൽ 37.49%, 1981 ൽ 29.86%, 1991 ൽ 25.49% വും ആയി കുറയുന്നത് കാണാം. ഏറ്റവും അധികം കുറവ് ഹൈന്ദവരിലും ക്രൈസ്തവരിലുമാണ് കാണുന്നത്.

കേരള കത്തോലിക്ക സഭയിൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന 'ലാർജ് ഫാമിലി' എന്ന ചിന്ത എല്ലാ മതസ്ഥരുടെ ഇടയിലും രൂപ പ്പെടണം. മനുഷ്യകുലത്തിനു തന്നെ ഭീഷണിയായേക്കുന്ന ഈ വിപത്തിനെ ജാതിമതചിന്തയില്ലാതെ നേരിടാൻ നാം ഒന്നിച്ച് ചിന്തിച്ച് പ്രവർത്തിക്കുകയാണ് കരണീയമായിട്ടുള്ളത്.

തിന്മനിറഞ്ഞ സംവിധാനങ്ങളും ജീവനെ നശിപ്പിക്കുന്ന മരണകാരണങ്ങളാണ്. ഇത്തരം സാഹചര്യങ്ങളിൽ ജീവനാകാ നാണ് ദൈവത്തിന്റെ ജീവനിൽ നമ്മൾ ജീവിക്കുന്നത്. എല്ലാ വിധ ത്തിലും ദൈവീകജീവൻ കുടികൊള്ളുന്ന മനുഷ്യശരീരത്തിനെ തിരായ തിന്മകൾ വർദ്ധിക്കുമ്പോൾ നമുക്ക് കയ്യും കെട്ടിനിൽക്കാൻ എങ്ങനെ സാധിക്കും. അജ്ഞത നിമിത്തം എന്റെ ജനം നശി ക്കുന്നു. (ഹോസിയ 4:6) നമ്മുടെ സമൂഹത്തിൽ വ്യവസ്ഥിതിയുടെ ഭാഗമായി അധർമ്മം വളരുന്നുണ്ടെങ്കിൽ നമുക്കെഴുന്നേൽക്കാൻ സമയമായിരിക്കുന്നു. എഴുന്നേറ്റ് വിശുദ്ധീകരിക്കപ്പെടാം. എഴുന്നേറ്റ് ജനത്തെ വിശുദ്ധീകരിക്കുക (ജോഷ്വ 7:10-12).

**എബ്രഹാം പുത്തൻകളം**
പ്രൊലൈഫ് കോ-ഓർഡിനേറ്റർ
ചങ്ങനാശ്ശേരി അതിരൂപത സെക്രട്ടറി,
അഖില കേരള പ്രൊലൈഫ് സമിതി.

# രൂപതാകച്ചേരി വാർത്തകൾ

**ഒക്ടോബർ മാസാചരണം**

ജപമാലഭക്തിയിലൂടെ ആദ്ധ്യാത്മികതയിൽ വളരാനും പരി. അമ്മയുടെ മാദ്ധ്യസ്ഥം നേടാനുമുള്ള അവസരമാണല്ലോ ഒക്ടോബർ മാസം. ചില സ്ഥലങ്ങളിൽ 10 ദിവസവും മറ്റു ചില ഇടങ്ങളിൽ 30 ദിവസവും ആഘോഷമായ ജപമാല ചൊല്ലിക്കൊണ്ട് അമ്മയിലൂടെ ഈശോയിലേക്ക് വളരാനുള്ള പരിശ്രമങ്ങൾ നടക്കുന്നത് വളരെ സന്തോഷമുളവാക്കുന്നതാണ്. നിരീശ്വരത്വവും, ഫാസിസവും, ഭീകരപ്രവർത്തനങ്ങളും പെരുകിവരുന്ന ഈ കാലഘട്ടത്തിൽ ക്രൈസ്തവവിശ്വാസത്തെ സ്ഥിരീകരിക്കാനും വളർത്താനും പരി. അമ്മയുടെ മാദ്ധ്യസ്ഥം നമ്മെ സഹായിക്കുമാറാകട്ടെ.

**മിഷൻ ഞായർ**

ഒക്ടോബർ 19-ാം തീയതിയാണ് ഇക്കൊല്ലത്തെ മിഷൻ ഞായറായി ആഘോഷിക്കുന്നത്. വിശ്വാസത്തിന്റെയും പ്രേഷിത പ്രവർത്തനങ്ങളുടെയും പേരിൽ ക്രൈസ്തവർ പീഡിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ മിഷൻഞായർ ആഘോഷത്തിന് പ്രത്യേക പ്രസക്തിയുണ്ട്. ഒറീസ്സ, കർണ്ണാടക സംഭവങ്ങൾ നമ്മുടെ കണ്ണു തുറപ്പിക്കണം... മിഷനറിമാർക്കുവേണ്ടിയും പലവിധത്തിൽ മതമർദ്ദനം അനുഭവിക്കുന്നവർക്കുവേണ്ടിയും കൂടുതൽ തീക്ഷ്ണതയോടെ നമുക്ക് പ്രാർത്ഥിക്കാം.

ഇന്നത്തെ യഥാർത്ഥ സാഹചര്യങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണം എല്ലാ മേഖലകളിലും നടക്കണം. പ്രശസ്ത പത്രപ്രവർത്തകനായ കരൺഥാപ്പർ ആഗസ്റ്റ് 31-ലെ ഹിന്ദുസ്ഥാൻ ടൈംസിലെഴുതി. "നിങ്ങളുടെ വിശ്വാസപ്രമാണങ്ങളിലുള്ള പ്രതി

ബദ്ധതയും രാഷ്ട്രീയ സാധ്യതകളും തമ്മിൽ ഏറ്റുമുട്ടുന്ന സാഹ ചര്യം വരുമ്പോൾ ഏതു തിരഞ്ഞെടുക്കും എന്ന ചോദ്യത്തിന് അവസരമില്ല". ഇവിടെ വിശ്വാസത്തോടെയുള്ള പ്രതിബദ്ധതയും നിരവധി ഇതരസാധ്യതകളും തമ്മിൽ ഏറ്റുമുട്ടുന്ന സാഹചര്യ ത്തിൽ സംശയലേശമെന്യേ മതവിശ്വാസത്തിൽ ഉറച്ചുനിൽക്കാനും ആ വിശ്വാസത്തിന് ജീവൻ നൽകിപ്പോലും സാക്ഷ്യം വഹിക്കാനും ഓരോ ക്രൈസ്തവനും കഴിയട്ടെ. ശക്തമായ ബോധ്യങ്ങളാകുന്ന പാറമേൽ ഭവനം പണിത് വിവേകമതികളായി മാറാൻ ഈ മിഷൻഞായർ നമ്മെ സഹായിക്കട്ടെ. തന്റെ ഏകജാതനെ നൽകാൻ മാത്രം നമ്മെ സ്നേഹിച്ച പിതാവിനെയും തന്റെ ജീവരക്തം കൊണ്ട് നമ്മുടെ പാപങ്ങൾക്ക് പരിഹാരം ചെയ്ത പുത്രനേയും നമ്മോടൊത്തു വസിക്കുന്ന പരി. ആത്മാവിനെയും എല്ലാ മനു ഷ്യരും അറിയാൻ ഇടയാകണം. അതിനായി പ്രവർത്തിക്കാനുള്ള ശക്തിയും ധൈര്യവും നമുക്കുണ്ടാകാൻ ഈ മിഷൻ ഞായർ അവ സരമാകട്ടെ.

അന്നത്തെ പ്രത്യേക സ്തോത്രക്കാഴ്ച മിഷൻ പ്രവർത്തന ങ്ങളെ സഹായിക്കാനുള്ള നമ്മുടെ ആത്മസമർപ്പണത്തിന്റെ പ്രതീ കമാകട്ടെ. അന്നു പിരിഞ്ഞുകിട്ടുന്ന തുക കഴിവതും നേരത്തെ രൂപതാകേന്ദ്രത്തിൽ എത്തിച്ചു തരുമല്ലോ.

**സകലമരിച്ചവരുടേയും തിരുനാൾ**

നമ്മുടെ രൂപതയിൽ നവംബർ 2-ാം തീയതിയാണല്ലോ സകലമരിച്ചവരുടേയും തിരുനാൾ ആചരിച്ചുവരുന്നത്. ഈ വർഷം 2-ാം തീയതി ഞായറാഴ്ച ആയതുകൊണ്ട് 3-ാം തീയതി തിങ്ക ളാഴ്ചയാണ് ഈ തിരുനാൾ ആചരിക്കേണ്ടത്.

**മോൺ. തോമസ് മൂലക്കുന്നേൽ - സ്നേഹാനുസ്മരണം**

നമ്മുടെ രൂപതയുടെ ആദ്യ വികാരി ജനറാളും രൂപതയുടെ വളർച്ചയിലും ഉയർച്ചയിലും നിർണ്ണായകമായ പങ്കുവഹിച്ച വ്യക്തി യുമായ മോൺ. തോമസ് മൂലക്കുന്നേലച്ചന്റെ ചരമദിനം നവം ബർ 3-ാം തീയതിയാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിലും കുർബ്ബാനകളിലും പ്രത്യേകം അനുസ്മരിക്കാം. നവംബർ 3-ാം തീയതി തിങ്കളാഴ്ച രാവിലെ 7 മണിക്ക് സിയോൻ ചാപ്പലിൽ അച്ചനുവേണ്ടി വി. കുർബ്ബാനയും ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്.

**ഭദ്രാവതി രൂപതയ്ക്കും രൂപതാദ്ധ്യക്ഷനും ആശംസകൾ**

ഒക്ടോബർ 25-ാം തീയതി മാനന്തവാടി രൂപതയുടെ പുത്രിയായ ഭദ്രാവതിരൂപതയുടെ 1-ാം വാർഷികവും രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് അരുമച്ചാടത്തിന്റെ മെത്രാഭിഷേകത്തിന്റെ പ്രഥമ വാർഷികവുമാണ്. രൂപതയ്ക്കും രൂപതാദ്ധ്യക്ഷനും മാതൃരൂപതയുടെ പ്രാർത്ഥനകളും സ്നേഹാശംസകളും.

**ബഹു. വൈദികരുടെയും പള്ളിജീവനക്കാരുടെയും അലവൻസ്**

തലശ്ശേരി അതിരൂപതയിൽപ്പെട്ട മലബാറിലെ രൂപതകളിലെ ബഹു. വൈദികരുടെ അലവൻസ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതനുസരിച്ച് ഒക്ടോബർ മാസം മുതൽ 4000 ക. ആയിരിക്കും ബഹു. വൈദികരുടെ മാസ അലവൻസ്.

അതോടൊപ്പം കപ്യാർ, അക്കൗണ്ടന്റ് എന്നിവരുടെയും ശമ്പളം വർദ്ധിപ്പിക്കുകയാണ്. രൂപത നിയമാവലിയിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള വാർഷിക ഇൻക്രിമെന്റ് ഈ വർഷത്തേക്കുമാത്രം 5 ഇരട്ടിയായി വർദ്ധിപ്പിക്കുന്നു. അതനുസരിച്ച് A ഗ്രേഡിലുള്ള പള്ളികളിലെ കപ്യാർമാർക്ക് 250 ക.യും, E ഗ്രേഡുകാർക്ക് 50 ക.യും അധിക ശമ്പളം ലഭിക്കും. രൂപതാ നിയമാവലി നിർദ്ദേശിക്കുന്നതനുസരിച്ചുള്ള ജോലികൾ എല്ലാം നിറവേറ്റുന്ന അക്കൗണ്ടന്റുമാർക്കും A ഗ്രേഡിൽ 125 കയും E ഗ്രേഡിൽ 50.കയും അധിക ശമ്പളം ലഭിക്കും. വരും വർഷങ്ങളിലെ ഇൻക്രിമെന്റ് നിയമാവലിയിൽ പറഞ്ഞിട്ടുള്ള പ്രകാരമായിരിക്കും. ഒക്ടോബർ മാസം മുതൽ ഈ വർദ്ധനവ് പ്രാബല്യത്തിൽ വരുന്നതാണ്.

## Young Priests Course

യുവവൈദികർക്കുവേണ്ടിയുള്ള സെമിനാർ ഈ വർഷം നവംബർ 24-ാം തീയതി വൈകുന്നേരം 7 മണിമുതൽ 27-ാം തീയതി ഉച്ചവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. 1999-2000 മുതൽ തിരുപ്പട്ടം സ്വീകരിച്ച എല്ലാ രൂപതാവൈദികരും കോഴ്സിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## Transfer & Appointment

| | |
|---|---|
| Rev. Fr. Sebastian Elavanappara | - Manager Jordania Estate |
| Rev. Fr. James Peedikappara | - Vicar, Marakavu |
| Rev. Fr. Sebastian Puthen | - Vicar, Arinchermala |

## New Phone Numbers

Pookottumpadam Church - 04931 - 212333
S.H. Convent, Njarappadam - 04931 - 216011
Rev. Fr. Joseph Nechikatt - 9447308079

**ആശംസകൾ**

റോമിൽ ഉപരിപഠനത്തിനായി പോയിരിക്കുന്ന ബഹു. ലൂക്ക് തടത്തിലച്ചനും, മാത്യു മഞ്ഞക്കുന്നേലച്ചനും, ദൈവശാസ്ത്ര പഠനത്തിനായി പോയിരിക്കുന്ന ബ്രദർ ജെയ്നേഷ് പുതുക്കാട്ടിൽ, ബ്രദർ മനോജ് കവളക്കാടൻ എന്നിവർക്കും മംഗളാശംസകൾ. അവരുടെ അഡ്രസ്സ് ചുവടെ ചേർക്കുന്നു.

**Rev. Fr. Bineesh George Thadathil**
Instituto degli Oblati di Maria Vergine
Via Casilina, n. 205. 00176 Roma
Tel. 0039. 06. 70306174, Fax : 0039.06.70397269
Mob: 0039-3496252751
E-mail:binlukas@gmail.com

**Rev. Fr. Joshy Devasia Manjakunnel**
Collegium Lateranense
"Beato Giovanni XIII
Viale Alessandrino 675, 00172 ROMA
Tel. 0039-06-25101538, 0039-06-251011,
Fax. 0030-06-2184251, Mob. 0039-3463510353
E-mail: frjoshym@gmail.com

**Bro. Jainesh James Puthukkattil**
Ecclesiastico Internazionale "Sedes Sapientiae"
Via Dei Genovesi 30
00153 Roma, ITALY
0039.06.58333756, Fax: 0039-06-58333772
Mob: 0039 - 3474080901
E-mail: jaineshpj@gmail.com

**Bro. Manoj Joseph Kavalakkadan**
Pontificio Collegio Internazionale
"Maria Mater Ecclesiae"
Via Aurelia 737, 00165 Rome, Italy
Tel: 0039-06-665261, Fax: 0039-06-66-6621392
Mob: 0039-3474050239
E-mail:brmanoj@hotmail.com

**മോൺ. ജോർജ് മൂലയിൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# പാസ്റ്ററൽ കൗൺസിൽ-റിപ്പോർട്ട്

പുതുതായി രൂപീകരിച്ച 2008-2011 വർഷത്തെ രൂപത പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമ സമ്മേളനം, 2008 സെപ്റ്റംബർ 6-ാം തീയതി 10 മണിക്ക് മാനന്തവാടി രൂപതാ മൈനർ സെമിനാരിയായ മൗണ്ട് മേരി കോളേജിൽ ചേരുകയുണ്ടായി. രൂപതാ മെത്രാൻ മാർ ജോസ് പൊരുന്നേടം അധ്യക്ഷത വഹിച്ച യോഗം, എഫ്.സി.സി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിതാ തോമസ് നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോർജ് മൂലയിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് എല്ലാവരും സത്യപ്രതിജ്ഞ ചൊല്ലി പാസ്റ്ററൽ കൗൺസിൽ അംഗമായി സ്ഥാനം ഏറ്റെടുത്തു. തുടർന്ന് അഭിവന്ദ്യ പിതാവ് സംസാരിച്ചു. രൂപതയിലെ എല്ലാ ഭാഗങ്ങളെയും പ്രതിനിധാനം ചെയ്യുന്ന പാസ്റ്ററൽ കൗൺസിലിന് വലിയ ഉത്തരവാദിത്വം ഉണ്ടെന്ന് പിതാവ് സൂചിപ്പിച്ചു. പുതിയ ആശയങ്ങൾ ചർച്ച ചെയ്യുക, താഴെ ഘടകങ്ങളിലേയ്ക്ക് എത്തിക്കുക, നയപരമായ കാര്യങ്ങൾ അന്വേഷിക്കുക, അറിയുക, നിർദ്ദേശങ്ങൾ വയ്ക്കുക തുടങ്ങിയവ അംഗങ്ങളുടെ ഉത്തരവാദിത്വത്തിൽപ്പെടുന്ന കാര്യങ്ങളാണെന്നും, രൂപതയെക്കുറിച്ചും സഭയെക്കുറിച്ചുമൊക്കെ ശരിയായി അറിയണമെന്നും എങ്കിൽ മാത്രമേ തെറ്റിദ്ധാരണകൾ വരുമ്പോൾ ശരിയായ കാര്യങ്ങൾ മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുവാൻ സാധിക്കുകയുള്ളൂ എന്നും സൂചിപ്പിച്ചു. തുടർന്ന് രൂപതാ ചാൻസലർ ഫാ. ജോസഫ് പരുവുമ്മേൽ ഫൊറോനാ കൗൺസിൽ നിയമാവലിയുടെ ഡ്രാഫ്റ്റ് അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ അംഗങ്ങൾ സജീവമായി പങ്കെടുത്തു. ആറു മാസത്തിലൊരിക്കലെങ്കിലും ഫൊറോന കൗൺസിൽ വിളിച്ചു കൂട്ടുക, പ്രായപരിധി 75 വയസ്സായി ഉയർത്തുക, 35 വയസ്സിൽ താഴെ പ്രതിനിധി യുവാവോ യുവതിയോ ആകാവുന്നതാണ്, എന്നീ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു.

തുടർന്ന് മാനന്തവാടി രൂപതാ വിദ്യാഭ്യാസ നയത്തിന്റെ കരടു രേഖയെക്കുറിച്ച് കോർപ്പറേറ്റ് മാനേജർ ബഹു. റോബിൻ വടക്കഞ്ചേരിയച്ചൻ സംസാരിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ അംഗങ്ങൾ സജീവമായി പങ്കെടുക്കുകയും ക്രിയാത്മകമായ പല നിർദ്ദേശങ്ങളും വയ്ക്കുകയും ചെയ്തു. തുടർന്നു നടന്ന തെരഞ്ഞെടുപ്പിൽ രൂപതാ വിദ്യാഭ്യാസ കൗൺസിലിലേയ്ക്ക് ശ്രീ. തോമസ് ഏറണാട്ടും, ശ്രീ. മൈക്കിൾ മൂക്കനോലിലും കോർപ്പറേറ്റ് വിദ്യാഭ്യാസ ബോർഡിലേയ്ക്ക് ശ്രീ. എം.സി. ജോസഫ് മഞ്ചിമ, ശ്രീമതി ത്രേസ്യാമ്മ ബേബി പനംപറമ്പിൽ എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് ഒറീസ സംഭവത്തിൽ പ്രതിഷേധിച്ചുകൊണ്ടുള്ള പ്രമേയം ശ്രീ. സണ്ണി ചാലിലും വിദ്യാഭ്യാസ പ്രമേയം ശ്രീ. അനീഷ് ഓമക്കരയും അവതരിപ്പിച്ചു. ചില ഭേദഗതികളോടെ പ്രമേയം യോഗം അംഗീകരിച്ചു. തുടർന്ന് നടന്ന പൊതു ചർച്ചയിൽ ഇടവക കൂട്ടായ്മ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും, ചില പെന്തക്കോസ്തൽ സഭകളുടെ പ്രവർത്തനം കത്തോലിക്കാ സഭയെതന്നെ തെറ്റിദ്ധരിക്കാൻ ഇടയാകുന്നതിനെക്കുറിച്ചും സഭ എപ്പോഴും ജാഗരൂകതയോടുകൂടി വർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുമൊക്കെ അംഗങ്ങൾ പലരും സംസാരിച്ചു. തുടർന്ന് സെപ്റ്റംബർ 13-ാം തീയതി നടക്കുന്ന വിദ്യാഭ്യാസ കൺവെൻഷനെക്കുറിച്ച് കോർപ്പറേറ്റ് സ്കൂൾ സ്റ്റാഫ് കോർഡിനേഷൻ കമ്മിറ്റി സെക്രട്ടറി ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ അറിയിക്കുകയും ഏവരേയും കൺവെൻഷനിലേയ്ക്ക് ക്ഷണിക്കുകയും ചെയ്തു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഫാ. ജോസഫ് പരുവുമ്മേൽ നടത്തിയ നന്ദിപ്രകടനത്തോടെ ഉച്ച കഴിഞ്ഞ് 2.25 ന് യോഗം അവസാനിച്ചു.

**ഫാ. ജോസഫ് പരുവുമ്മേൽ**
പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി

## ഇടവകമാറ്റക്കുറി

**ഇംഗ്ലീഷിലുള്ള ഇടവകമാറ്റക്കുറി തയ്യാറായിട്ടുണ്ട് കോപ്പികൾ ബിഷപ്സ് ഹൗസിൽ ലഭ്യമാണ്.**

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

# ഫൊറോന കൗൺസിൽ നിയമാവലി

**നിർവചനം**

1. ഫൊറോനയിലെ അജപാലനപരമായ കാര്യങ്ങളിൽ ബഹു. ഫൊറോന വികാരിയെ സഹായിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടി രൂപീകരിച്ചിരിക്കുന്ന സമിതിയാണ് ഫൊറോന കൗൺസിൽ.

**ലക്ഷ്യവും ചുമതലകളും**

2. രൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുക. രൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്ക് 3 അൽമായ പ്രതിനിധികളെയാണ് ഫൊറോന കൗൺസിലിൽ നിന്നും തെരഞ്ഞെടുക്കേണ്ടത്. അവരിൽ ഒരാൾ വനിതയും മറ്റൊരാൾ 35 വയസ്സിൽ കവിയാത്തയാളും മൂന്നാമതൊരാൾ 35 വയസ്സ് കഴിഞ്ഞ ഒരു പുരുഷനുമായിരിക്കണം.
3. ഒരു ഫൊറോനയിലെ ഇടവകകൾ തമ്മിൽ പരസ്പരം സൗഹാർദ്ദവും ഐക്യവും സഹകരണവും വർദ്ധിപ്പിക്കുക.
4. ഫൊറോനയിലെ ദൈവജനത്തിന്റെ ആത്മീയജീവിതം, കുട്ടികളുടെയും മുതിർന്നവരുടെയും വിശ്വാസപരിശീലനം, ഭക്തസംഘടനകളുടെ പ്രവർത്തനങ്ങൾ, വിശ്വാസത്തിനെതിരെ ഉയരുന്ന വെല്ലുവിളികൾ, വിദ്യാഭ്യാസപരവും സാംസ്ക്കാരികവും സാമൂഹ്യവുമായ പ്രവർത്തനങ്ങൾ തുടങ്ങി ദൈവജനത്തിന്റെ ആത്മീയവും ഭൗതീകവുമായ വളർച്ചയ്ക്കുതകുന്ന കാര്യങ്ങൾ ചർച്ച ചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും, നടപ്പിലാക്കുകയും, ആവശ്യമെന്ന് തോന്നുന്നതും പ്രധാനപ്പെട്ടതുമായ തീരുമാനങ്ങൾ രൂപതാ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും, അവിടെ നിന്ന് ലഭിക്കുന്ന നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക.

**അംഗങ്ങൾ**

5. ഒരു ഫൊറോനയുടെ കീഴിലുള്ള ഓരോ ഇടവകയിൽ നിന്നും പൊതുയോഗത്താൽ തെരഞ്ഞെടുക്കപ്പെടുന്ന 3 അത്മായ പ്രതിനി

ധികൾ. അവരിൽ ഒരാൾ വനിതയും (18 നും 75 നും ഇടയിൽ പ്രായമുള്ള വ്യക്തി) മറ്റൊരാൾ 35 വയസ്സിൽ കവിയാത്ത യുവാവോ യുവതിയോ, മൂന്നാമതൊരാൾ 35 വയസ്സിൽ കൂടുതലുള്ളതും 75 വയസ്സ് കഴിയാത്തതുമായ ഒരു പുരുഷനുമായിരിക്കണം. ഫൊറോന കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ അവരുടെ കാലാവധി തീരുന്നതുവരെ അവരുടെ ഇടവകയിലെ പാരിഷ് കൗൺസിൽ അംഗങ്ങൾ കൂടി ആയിരിക്കും.

6. രൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ കാലാവധി തീരുന്നതുവരെ ഫൊറോന കൗൺസിലിലെ അംഗങ്ങളായും തുടരുന്നതാണ്.
7. ബഹു. വൈദികരുടെ മാസധ്യാനത്തിൽവച്ച് തെരഞ്ഞെടുക്കപ്പെടുന്ന ഇടവക വൈദികരുടെ മൂന്നു പ്രതിനിധികൾ.
8. ബഹു. ഫൊറോന വികാരി തീരുമാനിക്കുന്ന രീതിയിൽ തെരഞ്ഞെടുക്കപ്പെടുന്നതോ, ഫൊറോന വികാരി നാമനിർദ്ദേശം ചെയ്യുന്നതോ ആയ സന്യാസ വൈദികരുടെ 2 പ്രതിനിധികൾ.
9. ബഹു. ഫൊറോന വികാരി ഫൊറോനയിലെ സന്യാസിനി സമൂഹങ്ങളുടെ ലോക്കൽ സുപ്പീരിയേഴ്സിനെ വിളിച്ചുകൂട്ടി 4 പേരെ തെരഞ്ഞെടുക്കേണ്ടതാണ്.
10. ഫൊറോന കൗൺസിലിന്റെ ചെയർമാൻ ബഹു. ഫൊറോന വികാരിയായിരിക്കും.
11. ഫൊറോന കൗൺസിലിൽ നിന്നും കേവലഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെടുന്ന അത്മായനായിരിക്കും ഫൊറോന കൗൺസിൽ സെക്രട്ടറി.

**അയോഗ്യതയും തർക്കങ്ങളും**

12. താഴെ പറയുന്നവർ ഫൊറോന കൗൺസിൽ അംഗങ്ങളായിരിക്കുവാൻ യോഗ്യരല്ല.

12.1 മാതൃകാപരമായ ക്രിസ്തീയജീവിതം നയിക്കാത്തവരും സഭയുടെ വിശ്വാസത്തെയും പ്രബോധനത്തെയും പരസ്യമായി എതിർക്കുന്നവരും.

12.2 ഏതെങ്കിലും പള്ളിമുടക്കിൽപ്പെടുന്നവർ

12.3 പരസ്യപാപികൾ

12.4 മന:പൂർവ്വം പള്ളിനിയമങ്ങൾ ലംഘിക്കുന്നവർ

12.5 യുക്തിവാദം, നിരീശ്വരവാദം, ഭൗതികവാദം, വർഗ്ഗസമരം, സായുധ വിപ്ലവം, ഏതെങ്കിലും ജനവിഭാഗത്തിന്റെ സർവ്വാധിപത്യം തുടങ്ങിയ

പ്രത്യയശാസ്ത്രങ്ങളിൽ അടിസ്ഥാനമിട്ടിരിക്കുന്ന സംഘടനയിലോ പ്രസ്ഥാനത്തിലോ അംഗമായിരിക്കുന്നവരും, അവയോട് അനുഭാവം പുലർത്തുന്നവരും.

12.6 പതിനെട്ട് വയസ്സ് പൂർത്തിയാകാത്തവരും എഴുപത്തിയഞ്ച് വയസ്സ് കഴിഞ്ഞവരും.

13. മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും അയോഗ്യത ഒരാൾ അംഗ മായികഴിഞ്ഞതിനുശേഷം മാത്രം വെളിപ്പെടുകയോ അംഗമായതി നുശേഷം അയോഗ്യത ഉണ്ടാവുകയോ ചെയ്താൽ ഫൊറോന കൗൺസിൽ അംഗത്വം നഷ്ടപ്പെടുന്നതായിരിക്കും. ഇക്കാര്യം ഫൊറോനാ വികാരി രേഖാമൂലം അംഗത്വം നഷ്ടപ്പെട്ട വ്യക്തിയെ അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ തർക്കം ഉണ്ടായാൽ രൂപതാ കച്ചേരിയിൽനിന്നുള്ള തീരുമാനം അന്തിമമായി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

**സമ്മേളനങ്ങളുടെ നടപടിക്രമങ്ങൾ**

14. ബഹു. ഫൊറോന വികാരിയോ, ഫൊറോന വികാരിയുടെ നിർദ്ദേശ പ്രകാരം ഫൊറോന കൗൺസിൽ സെക്രട്ടറിയോ ആണ് ഫൊറോന കൗൺസിൽ വിളിച്ചു ചേർക്കേണ്ടത്. ആവശ്യം വരുന്ന സന്ദർഭങ്ങ ളിലും ചുരുങ്ങിയത് ആറുമാസത്തിൽ ഒരിക്കലെങ്കിലും ഫൊറോന കൗൺസിൽ വിളിച്ചുകൂട്ടേണ്ടതാണ്.

15. ഫൊറോന വികാരിയോ അദ്ദേഹത്തിന്റെ അഭാവത്തിൽ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന വൈദികനോ ആണ് യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുക.

16. രൂപതാദ്ധ്യക്ഷനു നേരിട്ടോ അദ്ദേഹത്തിന്റെ പ്രതിനിധിക്കോ യോഗാ ദ്ധ്യക്ഷനായിരിക്കുവാൻ അവകാശം ഉണ്ടായിരിക്കും.

17. ചർച്ചചെയ്യേണ്ട വിഷയം കാണിച്ച് കൗൺസിൽ കൂടണമെന്ന് അംഗ ങ്ങളിൽ കേവല ഭൂരിപക്ഷം രേഖാമൂലം ഫൊറോന വികാരിയോട് ആവശ്യപ്പെട്ടാൽ യോഗം കൂടേണ്ടതാണ്.

18. ഫൊറോന കൗൺസിലിന്റെ ക്വോറം അംഗങ്ങളുടെ നാലിൽ ഒന്നാണ്. എന്നാൽ ഒരിക്കൽ നിറുത്തിവച്ച യോഗം വീണ്ടും ചേരു മ്പോൾ ക്വോറം ആവശ്യമില്ല.

19. എല്ലാ മീറ്റിങ്ങുകളുടെയും മിനിട്സ് ഒരു ബുക്കിൽ രേഖപ്പെടുത്തു കയും അംഗങ്ങൾ അതിൽ ഒപ്പിടുകയും ചെയ്യേണ്ടതാണ്. മിനിറ്റ്സിന്റെ അവസാനം യോഗാധ്യക്ഷനും ഫൊറോന കൗൺസിൽ സെക്രട്ടറിയും ഒപ്പു വയ്ക്കേണ്ടതുമാണ്.

20. ഫൊറോന കൗൺസിൽ യോഗത്തിന്റെ റിപ്പോർട്ട് സെക്രട്ടറി രൂപതാ കച്ചേരിയിലേയ്ക്ക് അയച്ചുകൊടുക്കേണ്ടതാണ്.
21. രൂപതാദ്ധ്യക്ഷന്റെ കല്പനകൾക്കോ, നിർദ്ദേശങ്ങൾക്കോ, സഭയുടെ ഔദ്യോഗിക പ്രബോധനത്തിനോ കാനൻനിയമങ്ങൾക്കോ എതിരായ പ്രസ്താവനയോ തീരുമാനമോ യോഗത്തിൽ പാടില്ല. അങ്ങനെ എടുക്കുന്ന തീരുമാനങ്ങൾ അതിനാൽതന്നെ അസാധുവായിരിക്കും.
22. യോഗങ്ങളിൽ അച്ചടക്കവും മാന്യമായ പെരുമാറ്റവും എല്ലാവരും പാലിക്കണം. അദ്ധ്യക്ഷന്റെ റൂളിംഗ് എല്ലാവരും അംഗീകരിക്കണം.
23. യോഗത്തിൽ ആരെങ്കിലും യോഗമര്യാദകൾ ലംഘിച്ച് പ്രവർത്തിച്ചാൽ അദ്ധ്യക്ഷന് അയാളെ ആ യോഗത്തിൽ നിന്ന് പുറത്താക്കാവുന്നതാണ്. യോഗമര്യാദയ്ക്ക് വിരുദ്ധമായി പ്രവർത്തിച്ചവിവരവും പുറത്താക്കുന്ന വിവരവും മിനിട്സ് ബുക്കിൽ രേഖപ്പെടുത്തണം. അദ്ധ്യക്ഷന്റെ അനുവാദത്തോടുകൂടെ മാത്രമേ തുടർന്നുള്ള യോഗങ്ങളിൽ പങ്കെടുക്കാവൂ.
24. തീരുമാനങ്ങൾ കഴിയുന്നതും ഐക്യകണ്ഠ്യേനയോ, പൊതുസമ്മതത്തോടെയെങ്കിലുമോ ആയിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ തീരുമാനങ്ങളുടെ സാധുതയ്ക്ക് യോഗത്തിൽ ഹാജരായിരിക്കുന്ന അംഗങ്ങളുടെ കേവലഭൂരിപക്ഷം മതിയാകുന്നതാണ്.
25. ഫൊറോന കൗൺസിൽ വിളിച്ചുകൂട്ടുമ്പോൾ വരുന്ന ചെലവ് ഫൊറോന പള്ളിയിൽ നിന്നും വഹിക്കേണ്ടതാണ്.


**കാലാവധി**

26 ഫൊറോന കൗൺസിലിന്റെ കാലാവധി 3 വർഷമായിരിക്കും.

**ഭേദഗതി**

27 ഈ നിയമാവലിയിൽ ആവശ്യമായിരിക്കുന്ന ഭേദഗതികൾ വരുത്തുവാൻ രൂപതാദ്ധ്യക്ഷന് അധികാരമുണ്ടായിരിക്കും.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ



# റീജിയണൽ വാർത്തകൾ

## എൻ. ആർ. പുര റീജിയൻ

**ബഹു. ബർക്കുമാൻസച്ചന് പ്രണാമം**

എൻ. ആർ പുര കുടിയേറ്റ പ്രദേശത്തിന്റെ പ്രഥമ വികാരി യായിരുന്ന ബഹു. ബെർക്കുമാൻസച്ചന്റെ മരണവാർഷികം ഓഗസ്റ്റ് 6-ന് ബഹു. വിൻസെന്റ് പുതുശ്ശേരി അച്ചന്റെ മുഖ്യകാർമ്മികത്വ ത്തിൽ ചെറുപുഷ്പ ദേവാലയത്തിൽ വച്ച് ആചരിച്ചു. അന്നേ ദിവസം സിമിത്തേരി സന്ദർശനം നടത്തി പൂർവ്വികരെ അനു സ്മരിച്ചു. ധാരാളം വ്യക്തികൾ വി. ബലിയിൽ പങ്കെടുത്ത് അച്ചനോടുള്ള സ്നേഹാദരവുകൾ പുതുക്കി.

**നേഴ്സിംഗ് കോഴ്സ്**

എൻ.ആർ പുര പുഷ്പ ഹോസ്പിറ്റലിൽ സി.എം.സി. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ പെൺകുട്ടികൾക്കു വേണ്ടി നേഴ്സിംഗ് കോഴ്സ് നടത്തി വരുന്നു. ഇതുവരെ 5 ബാച്ചുകളി ലായി 200 നിർധനരായ പെൺകുട്ടികൾ പഠിച്ചിറങ്ങി ജോലിയിൽ പ്രവേശിച്ചു. സെപ്റ്റംബർ 10 ന് ക്ലാസുകൾ ആരംഭിക്കുന്നു.

**മാസധ്യാനം**

ഓഗസ്റ്റ് 23-ന് റീജിയനിലെ സമർപ്പിതരുടെ മാസധ്യാനം വർക്കട്ട എസ്.എ.ബി.എസ്. കോൺവെന്റിൽ വച്ച് നടത്തി. മോൺ ജോർജ് ഞരളക്കാട്ടച്ചനാണ് ധ്യാനം നയിച്ചത്. റീജിനൽ ഡയറ ക്ടർ ബഹു. അഗസ്റ്റിൻ ആമ്പശ്ശേരി അച്ചൻ മീറ്റിംഗിന് നേതൃത്വം നൽകി. എല്ലാ മഠങ്ങളിൽ നിന്നുമായി 23 സിസ്റ്റേഴ്സ് ധ്യാനത്തിൽ സംബന്ധിച്ചു.

**സ്വാഗതം**

റീജിയണൽ മിഷൻലീഗ് ഡയറക്ടറായും സംഗമേശ്വര പേട്ട്

ഇടവകാ വികാരിയായും സാരഥ്യം ഏറ്റെടുത്ത് റീജിയണിലേയ്ക്ക് കടന്നുവന്നിരിക്കുന്ന വിജിൽ കിഴക്കരേക്കാട്ട് അച്ചന് സ്വാഗതം... ഒപ്പം പ്രാർത്ഥനാനിർഭരമായ ആശംസകൾ.

**റീജിയണൽ മീറ്റിംഗ്**

എൻ.ആർ.പുര. റീജിയണിൽ സേവനം ചെയ്യുന്ന ബഹു. വൈദീകരുടെയും, സമർപ്പിതരുടെയും സമ്മേളനം 28-8-08 ന് എൽ. എഫിൽ വച്ച് നടത്തി. റീജിയണിലെ എല്ലാ പ്രവർത്തനങ്ങളെയും വിലയിരുത്തുകയും, സംഘടനകളുടെ പ്രവർത്തന വിജയത്തിനായി ഇയർപ്ലാൻ തയ്യാറാക്കുകയും ചെയ്തു. റീജിയണൽ ഡയറക്ടർ ബഹു. അഗസ്റ്റിൻ ആമ്പശ്ശേരി അച്ചന്റെ നാമഹേതുക തിരുനാൾ സമുചിതമായി ആഘോഷിച്ചു.

**സെന്റ് നോർബർട്ട് സ്കൂൾ കൊപ്പ**

സെന്റ് നോർബർട്ട് സ്കൂളിൽ വച്ച് ക്ലസ്റ്റർ തലത്തിൽ നടന്ന "പ്രതിഭ കാരഞ്ചി" മൽസരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റു നേടി സെന്റ് നോർബർട്ട് സ്കൂൾ ഓവർ ഓൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. പ്രിൻസിപ്പൽ റവ.ഫാ. പോൾ വല്ലാട്ടിനും, അഡ്മിനിസ്ട്രേറ്റർ റവ. ഫാ. തോമസ് അറക്കലിനും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ.

**പരിശുദ്ധ അമ്മയുടെ പിറവിതിരുനാൾ**

കുടിയേറ്റത്തിന്റെ കഷ്ടതകളിലും, ദുരിതങ്ങളിലും താങ്ങും സംരക്ഷകയുമായി ഈ പ്രദേശത്തെ നയിച്ച പരിശുദ്ധ അമ്മയുടെ പിറവിതിരുനാൾ റീജിയണിലെ എല്ലാ പള്ളികളിലും സാഘോഷം കൊണ്ടാടി. 8-ാം തീയതി ചെറുപുഷ്പ ദേവാലയത്തിൽ നടന്ന വിപുലമായ തിരുനാൾ ആഘോഷങ്ങളിൽ ആയിരക്കണക്കിനാളുകൾ പങ്കെടുത്തു. റവ.ഫാ. പോളി കണ്ണൂക്കാടൻ വി. ബലിയ്ക്ക് നേതൃത്വം നൽകി തിരുവചനം പങ്കുവച്ചു. നോമ്പുനോക്കി, തലമുണ്ഡനം ചെയ്ത്, നേർച്ചകാഴ്ചകൾ സമർപ്പിച്ച് പരിശുദ്ധ അമ്മയുടെ പാദങ്ങളിൽ പ്രണാമമർപ്പിക്കുന്ന കാഴ്ച തന്നെ വളരെയേറെ അനുഗ്രഹപ്രദമായിരുന്നു.

**സി. സ്മിത നാൽപ്പാടൻ SABS**

ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ആര് നമ്മെ വേർപെടുത്തും? ക്ലേശമോ ദുരിതമോ പീഢനമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ? ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു നിന്നെപ്രതി ഞങ്ങൾ ദിവസം മുഴുവൻ വധിക്കപ്പെടുന്നു. കൊലയ്ക്കുള്ള ആടിനെപോലെ കരുതപ്പെടുകയും ചെയ്യുന്നു... ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർപ്പെടുത്തുവാൻ കഴിയുകയില്ലെന്ന് എനിക്ക് ഉറപ്പുണ്ട്. (റോമ 8/ 35 - 39)

ഒറീസ - കണ്ണീരുണങ്ങാത്ത നാട്... യേശു സ്നേഹത്താൽ പ്രേരിതരായി, നാടും വീടും വിട്ട് അങ്ങ് വിദൂരതയിലെത്തി പ്രേഷിത പ്രവർത്തനം നടത്തുന്ന മിഷനറിമാരെ കൊന്ന് കൊലവിളിച്ച് ആക്രോശം നടത്തുന്ന നരാധമന്മാരുടെ നാട്... അന്നം തന്ന യുവതിയെ ജീവനോടെ ചുട്ടെരിക്കുന്നത് കണ്ട് നിസഹായതയോടെ നിലവിളിക്കാൻ മാത്രം വിധിക്കപ്പെട്ട ഒറീസയിലെ പഥാംപൂരിലെ കുഷ്ഠരോഗികൾ ചോദിക്കുന്നു "മനുഷ്യർക്ക് ഇങ്ങനെ ചെയ്യാൻ കഴിയുമോ?" ഒറീസയിൽ, കർണ്ണാടകയിൽ, ഇങ്ങ് കേരളത്തിൽ നടന്ന് കൊണ്ടിരിക്കുന്ന ക്രൈസ്തവപീഡനങ്ങൾ ക്രിസ്തുവിന്റെ സ്നേഹത്തിൽ ആഴപ്പെടാനുള്ള അവസരമാണ്... ആദിമക്രൈസ്തവ സമൂഹം എത്രമാത്രം തീക്ഷ്ണതയോടെ, ധീരതയോടെ പീഢനങ്ങളുടെ മുമ്പിൽ ക്രിസ്തുവിന് സാക്ഷ്യം വഹിച്ചുവോ, ആ തീഷ്ണതയോടെ, പ്രതിസന്ധികളെ അതിജീവിച്ച് സുവിശേഷത്തിലെ ക്രൂശിതനായ യേശുവിന് സാക്ഷ്യം വഹിക്കുവാൻ എല്ലാ ക്രൈസ്തവരും ശക്തമാകണം. സാത്താന്റെ, തിന്മയുടെ, കുടിലതന്ത്രങ്ങളെ നിർവ്വീര്യമാക്കാൻ ശക്തമായ പ്രാർത്ഥനയും ഉപവാസവും പരിഹാര പ്രവർത്തികളും നമുക്ക

നുഷ്ടിക്കാം. കാരണം എവിടെയെല്ലാം പീഢനങ്ങളുണ്ടായിട്ടുണ്ടോ അവിടെയെല്ലാം സഭ തഴച്ച് വളർന്നിട്ടുണ്ട്... രക്തസാക്ഷികളുടെ ചുടുനിണം കൊണ്ട് വളർന്ന സഭയെ ഒരിക്കലും ഒരു ശക്തിക്കും തകർക്കാൻ സാധിക്കില്ല. കാരണം യേശുവാണ് അമരത്തുള്ളത്.. ഏത് കൊടുംകാറ്റിനെയും ശാന്തമാക്കുവാൻ ശക്തനായവൻ.. നമുക്ക് പ്രാർത്ഥിക്കാം.. അവിടുത്തെ വചനം പൂർണ്ണ ധൈര്യത്തോടെ പ്രസംഗിക്കുവാൻ ഈ ദാസരെ അനുഗ്രഹിക്കണമെ..

**വചനോത്സവ് 2008**

ഇടവകാ സമൂഹത്തെ വചനത്തിൽ ആഴപ്പെടുത്തി, ക്രിസ്തീയ ജീവിതശൈലിയുടെ തിളക്കം കൂട്ടുവാൻ വചനോത്സവ് വളരെ സഹായിക്കുന്നു. ഓരോ ഫൊറോനകളിൽ കൂടുതൽ തീഷ്ണതയോടും ഉത്സാഹത്തോടും, ക്രമീകരിക്കുകയും നടത്തുകയും ചെയ്യുന്ന എല്ലാ വികാരി അച്ചന്മാർക്കും ഒത്തിരി നന്ദി.

**ആഗസ്റ്റ് 24 കൊട്ടിയൂർ മേഖല**

കൊട്ടിയൂർ മേഖലയിൽ 9 പള്ളികളിലായി ഒരുക്കിയ വചന കൂട്ടായ്മ വളരെ ഭംഗിയായി ക്രമീകരിച്ചു. അടയ്ക്കാത്തോട്, അമ്പായത്തോട്, ചുങ്കക്കുന്ന്, കേളകം, കൊട്ടിയൂർ, ഒറ്റപ്ലാവ്, പാൽച്ചുരം, ശാന്തിഗിരി, വെള്ളൂന്നി എന്നീ ഇടവകകളിൽ നടത്തി. സെമിനാറുകൾക്ക് നേതൃത്വം നൽകിയ ബഹു. വൈദികർ റവ. ഫാ. ജോർജ് മൂലയിൽ, ഫാ. സെബാസ്റ്റ്യൻ പാറയിൽ, ഫാ. ജെയ്സൺ തുണ്ടത്തിൽ CSsr, ഫാ. ജോസഫ് കാനാട്ട് MCBS, ഫാ. ഉണ്ണി റൊഗേഷണിസ്റ്റ്, ഫാ. ജോയി തോട്ടങ്കര CSsR, ഫാ. ജോബി പയ്യമ്പള്ളി ലാസലൈറ്റ്, ഫാ. ജോളി കിഴക്കേപറമ്പിൽ (O.Pream) ഫാ. സണ്ണി കൊല്ലാർതോട്ടം എന്നിവർക്കും, അത്മായ സഹോദരങ്ങളായ ശ്രീ. ചാക്കോച്ചൻ പുത്തൻപുര, ഫ്രാൻസീസ് മാടപ്പള്ളിക്കുന്നേൽ, കുര്യൻ തോലംമാക്കൻ, ബെന്നി വെട്ടിക്കാമുകളേൽ, ജോണി കുന്നുംപുറം, ടോമി നെടുംകൊമ്പിൽ, ജോൺസൺ ചിറായിൽ, സി. മോളി SJL, സി. ജെസി പോൾ SH എന്നിവർക്കും ഹൃദ്യമായ നന്ദി. എല്ലാം ഭംഗിയായി ക്രമീകരിച്ച ബഹു. വികാരിയച്ചന്മാർക്കും ഇടവകാ ഭാരവാഹികൾക്കും വളരെ നന്ദി.

**കല്ലോടി മേഖല - സെപ്റ്റംബർ 14**

കല്ലോടി മേഖലയിലെ, തോണിച്ചാൽ, പുതിയിടംകുന്ന്, കെല്ലൂർ, കുഞ്ഞോം എന്നീ ഇടവകകളിൽ വചനോത്സവ് നടന്നു. ബഹു. ജോർജ്ജ് മൂലയിലച്ചൻ, ഫാ. സെബാസ്റ്റ്യൻ പാറയിൽ, ഫാ. ജോബി പയ്യംമ്പള്ളി, ഫാ. ജോസഫ് കാനാട്ട് എന്നീ വൈദി കരും ക്ലാസുകൾക്ക് നേതൃത്വം നൽകി. സെമിനാർ ഭംഗിയായി ക്രമീകരിച്ച എല്ലാ വികാരിയച്ചന്മാർക്കും, ഇടവകാ ഭാരവാഹി കൾക്കും നന്ദി.

**വചനോത്സവ് പട്ടാണികൂപ്പ് - സെപ്റ്റംബർ 7**

വചനവർഷം ഭംഗിയായി ആചരിക്കുന്ന പട്ടാണികൂപ്പ് ഇട വകയിൽ വചനോത്സവ് നടത്തി. ബഹു. ഫാ. സണ്ണി കൊല്ലാർതോട്ടം, ശ്രീ. ചാക്കോച്ചൻ പുത്തൻപുര എന്നിവർ ക്ലാസു കൾക്ക് നേതൃത്വം നൽകി. ഭംഗിയായി ക്രമീകരിക്കുകയും ദൈവ ജനത്തിന് വേണ്ടി നല്ല ഓണസദ്യ ഒരുക്കി വളരെ ജനകീയ കൂട്ടായ്മ വളർത്തിയ ബഹു. വികാരി ഫാ. ജോബി മുക്കാട്ടുകാ വുങ്കലിനും, സിസ്റ്റേഴ്സിനും, ദൈവജനത്തിനും വളരെ ഹൃദ്യമായ നന്ദി.

**ഫാ. സണ്ണി കൊല്ലാർതോട്ടം**
വചനവർഷസമിതി കൺവീനർ



# മതബോധനരംഗം

**രൂപതാ മതാധ്യാപക കൺവെൻഷൻ - ഒക്ടോബർ 26-27**

നമ്മുടെ രൂപതയിൽ വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ മതാധ്യാപകരുടേയും രൂപതാതല സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ ഒക്ടോബർ 27-ന് ക്രമീകരിച്ചിരിക്കുകയാണ്.

അധ്യാപക കൺവെൻഷൻ രണ്ടു ഭാഗങ്ങളായാണ് നടത്തുന്നത്.

ഒന്നാം ഭാഗം:- സമയം 26-ന് ഉച്ചകഴിഞ്ഞ് 4.00 മണിമുതൽ 27-ന് രാവിലെ വരെ.

സ്ഥലം - ദ്വാരക പാസ്റ്ററൽ സെന്ററിൽ.

പങ്കെടുക്കേണ്ടവർ - എല്ലാ പ്രധാനാധ്യാപകരും സ്റ്റാഫ് സെക്രട്ടറിമാരും.

പഠനവിഷയവും ഗ്രൂപ്പുചർച്ചയും :- നിലവിലുള്ള വിശ്വാസ പരിശീലന പ്രക്രിയയിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും, സാഹചര്യങ്ങളും, നാം സ്വീകരിക്കേണ്ട പരിശീലന മാർഗ്ഗങ്ങളും.

രണ്ടാം ഭാഗം:- സമയം 27-ന് രാവിലെ 9.00 മണിമുതൽ വൈകുന്നേരം 4.00 മണിവരെ.

സ്ഥലം - ദ്വാരക പാസ്റ്ററൽ സെന്റർ.

പങ്കെടുക്കേണ്ടവർ - രൂപതയിലെ എല്ലാ അധ്യാപകരും (പ്രധാനാധ്യാപകരും, സ്റ്റാഫ് സെക്രട്ടറിമാരും ഉൾപ്പെടെ.)

പഠനവിഷയാവതരണം :- അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ്.

റവ. ഫാ. ജോസഫ് പാംബ്ലാനി (ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്, തലശ്ശേരി അതിരൂപത.) പ്രൊഫ. ശ്രീമതി കൊച്ചുറാണി ടീച്ചർ (ഭാരത് മാതാ കോളേജ്, എറണാകുളം)

പ്രധാനാധ്യാപകർ ഒക്ടോബർ 15-ന് മുമ്പായി എല്ലാ അധ്യാപകരുടേയും പേര് രജിസ്ട്രേഷൻ ഫീസിനോടൊപ്പം രൂപതാ ഓഫീസിൽ എത്തിക്കണം.

കൺവെൻഷന് ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. സമയത്തിന് മുമ്പേ എത്തിച്ചേരണം.

**ജൂബിലേറിയൻസ്**

2008 മാർച്ചിൽ വിശ്വാസ പരിശീലനരംഗത്ത് 25-വർഷം പൂർത്തിയാക്കിയ അധ്യാപകരുടെ പേരുവിവരം ഒക്ടോബർ 15-ന് മുമ്പായി ബഹു. വികാരിയച്ചന്മാരുടെ സാക്ഷ്യത്തോടെ രൂപതാ ഓഫീസിൽ എത്തിക്കണം. അതിനുശേഷം വരുന്നത് സ്വീകരിക്കുന്നതല്ല. കൺവെൻഷൻ ദിനത്തിൽ അവരെ ആദരിക്കുന്നതാണ്.

**HDC കോൺടാക്ട് ക്ലാസ്**

HDC രണ്ടാം വർഷക്കാരുടെ കോൺടാക്ട് ക്ലാസ് ഒക്ടോബർ 8, 11 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിലും 9-ന് മണിമൂളി പാസ്റ്ററൽ സെന്ററിലും നടത്തുന്നു. കോഴ്സിലുള്ളവർ ഏത് ദിവസമാണ് പങ്കെടുക്കുന്നത് എന്ന് ഓഫീസിൽ അറിയിക്കണം.

**രൂപതാസന്ദർശനം**

കഴിഞ്ഞ ബുള്ളറ്റിനിൽ അറിയിച്ചതുപോലെ ഇടവകയിലെ മതബോധന പ്രവർത്തനങ്ങളെ സഹായിക്കുവാനായി രൂപതാ ടീം അംഗങ്ങൾ ഇടവകകളിൽ സന്ദർശനം ആരംഭിച്ചു. ഈ വർഷം അധ്യാപകർക്ക് ഒരു മണിക്കൂർ ക്ലാസുകൂടി ഇതോടനുബന്ധിച്ച് ക്രമീകരിച്ചിട്ടുണ്ട്. (എല്ലാവർക്കും ക്ലാസിനുള്ള Promted Notes നൽകുന്നതാണ്.) ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**MIRACLE**

സെപ്റ്റംബർ 21, 28, ഒക്ടോബർ 12 തീയതികളിൽ യഥാക്രമം അമ്പായത്തോട്, ജൂഡ്സ് മൗണ്ട്, മരക്കടവ് ഇടവകകളിൽ MIRACLE സംഘടിപ്പിക്കുന്നതാണ്.

**അധ്യാപക പരിശീലനം**

ആഗസ്റ്റ് 30, 31 തീയതികളിൽ XI- ാം ക്ലാസിലെ അധ്യാപകർക്ക് പാഠപുസ്തക പഠനവും വിശ്വാസ പരിശീലനവും ലക്ഷ്യ

മാക്കി ദിദിന പരിശീലനം സംഘടിപ്പിച്ചു. പങ്കെടുത്ത അധ്യാപകർക്കും അവരെ പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാർക്കും പ്രത്യേകം നന്ദി.

സെപ്റ്റംബർ 6, 7 തീയതികളിൽ I - IX വരെയുള്ള ക്ലാസിലെ അധ്യാപകർക്ക് പാഠപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ പരിശീലനം സംഘടിപ്പിച്ചു. അധ്യാപകരേയും, ബഹു. വികാരിയച്ചന്മാരേയും ഏറെ നന്ദിയോടെ സ്മരിക്കുന്നു.

രണ്ട് പരിശീലനങ്ങൾക്കും പരിശീലകരായിരുന്ന രൂപതാ ടീം അംഗങ്ങൾക്ക് പ്രത്യേകം നന്ദി അറിയിക്കുന്നു.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് പ്രവർത്തകരെ,

ചെറുപുഷ്പത്തിന്റെ സ്മരണകൾകൊണ്ട് ദീപ്തമായൊരു മാസം ഒക്ടോബർ... മിഷൻമാസമെന്ന ഓമനപ്പേര് നൽകി മിഷൻ ചൈതന്യം ഉള്ളിൽ നിറച്ച് ഓരോ കുഞ്ഞുമിഷനറിയും കർമ്മ നിരതരാകുന്ന പുണ്യമാസം... ഒരു കയ്യിൽ ജപമാലയും മറുകയ്യിൽ വചനമെന്ന ആയുധവും ധരിച്ച് നമുക്ക് അണിചേരാം. പ്രാർത്ഥന യിൽ മുഖരിതമാകുന്ന സന്ധ്യകളും സേവനത്തിന്റെ പച്ചപ്പാർന്ന ദിനങ്ങളും ഒക്ടോബറിന്റെ പ്രത്യേകതയാകട്ടെ. മിഷൻലീഗിന്റെ സഹമദ്ധ്യസ്ഥ... ഭാരതത്തിന്റെ കൊച്ചുറാണി... കേരളമണ്ണിന്റെ പുണ്യപുഷ്പം... വാഴ്ത്തപ്പെട്ട അൽഫോൻസാമ്മ... അമ്മ വിശു ദ്ധിയുടെ പൂജ്യകിരീടം ചൂടുമ്പോൾ മണ്ണിലും, വിണ്ണിലും മാലാഖ മാരുടെ കീർത്തനം മുഴങ്ങുമ്പോൾ നമുക്കും ആത്മാവിൽ ഹർഷ പുളകിതരാകാം. മിഷൻലീഗിന്റെ ആരംഭം ആ പുണ്യചരിതവഴി ആയിരുന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം.

ഭരണങ്ങാനം ക്ലാരമഠത്തിലെത്തുന്ന കൊച്ചുകൂട്ടുകാർക്ക് സുകൃതജപങ്ങൾ ഉരുവിട്ടുകൊടുത്ത് പഠിപ്പിച്ച്, മിഷന് വേണ്ടി പ്രാർത്ഥിക്കുവാനുള്ള ആദ്യപ്രചോദനം സിസ്റ്റർ അൽഫോൻസാ യിൽ നിന്നായിരുന്നു. അന്ന് കേവലം ഏഴ്പേരിൽ തുടങ്ങിയ ചെറു സംഘം ഇന്ന് വളർന്ന് ഏഷ്യയിലെ തന്നെ ഏറ്റവും വലിയ അൽമായ സംഘടനയായി തലയുയർത്തി നിൽക്കുമ്പോൾ നമു ക്കോർമ്മിക്കാം. അൽഫോൻസാമ്മയെ, ത്യാഗനിർഭരമായ പ്രാർത്ഥനയെ. ഇന്ന് മിഷൻലീഗ് ഇത്രയേറെ വളർന്നിട്ടുണ്ടെങ്കിൽ അതിന്റെ പിന്നിലെ ശക്തി വാ. അൽഫോൻസാമ്മയാണ്.

ഇന്ന് ഭാരതത്തിലെ ക്രൈസ്തവർ ആക്രമിക്കപ്പെടുമ്പോൾ

നാം ചിന്തിക്കുക ഒരു വിശുദ്ധ ഈ ഭാരതത്തിൽ നിന്നും ജന്മം കൊള്ളാൻ മാത്രം ഭാരതം ഒരുങ്ങിയിട്ടുണ്ടാവില്ല. ഗോതമ്പുമണി നിലത്തുവീണഴിഞ്ഞ് ഫലങ്ങൾ ചൂടുന്നതുപോലെ ഒരു വിശുദ്ധയെ ഉൾക്കൊള്ളാൻ ഭാരതമണ്ണ് ഇനിയും പാകമാകേണ്ടിയിരിക്കുവാനും അതുകൊണ്ടായിരിക്കും ഒരുപക്ഷേ ഈ പീഡനങ്ങൾ. പീഡനങ്ങളിൽ തളരാതെ നമുക്ക് വിശ്വാസത്തിൽ ദൃഢചിത്തരായി മാറാം. മിഷൻമാസത്തിന്റെ ചൈതന്യം ഉൾക്കൊണ്ട് നമുക്ക് കർമ്മനിരതരാകാം. വി. കൊച്ചുത്രേസ്യായും വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയും സ്വർഗ്ഗീയാരാമത്തിൽ നിന്നും അനുഗ്രഹമലരുകൾ വർഷിച്ച് ഈ മിഷൻമാസത്തിൽ നമ്മെ ധന്യരാക്കട്ടെ.

**ഫാ. ടോമി പുത്തൻപുരയ്ക്കൽ**
രൂപതാ ഡയറക്ടർ

## ശാഖാപ്രവർത്തനങ്ങൾക്ക് പുത്തൻ ഉൾക്കാഴ്ച നൽകിയ ശാഖാ പ്രസിഡണ്ട് - സെക്രട്ടറി യോഗം

ശാഖാപ്രവർത്തനങ്ങൾ കൂടുതൽ കരുത്തോടെ മുന്നോട്ടു നയിക്കുവാൻ ശാഖാപ്രസിഡണ്ടിനെയും സെക്രട്ടറിയെയും പ്രാപ്തരാക്കുന്നതിനുവേണ്ടി രൂപതാതലത്തിൽ നടത്തിയ പരിശീലനം മിഷൻലീഗ് അന്തർദേശീയ ഓർഗനൈസർ ശ്രീ.തോമസ് ഏറണാട്ട് ഉദ്ഘാടനം ചെയ്തു. രൂപത വൈസ് പ്രസിഡണ്ട് കുമാരി ജിസ്ന കറുത്തേടത്ത് അദ്ധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ, രൂപത ജോ. ഡയറക്ടർ റവ. സി. വിജയ തുടങ്ങിയവർ ആശംസകൾ നേർന്നു. വചനപ്രതിഷ്ഠയോടെ യോഗം ആരംഭിച്ചു. രൂപത എക്സിക്യൂട്ടീവ് അംഗം റവ. സി. ലിസിയ ഉദ്ഘാടന ചടങ്ങിന് നന്ദി നേർന്നു. വിവിധ ശാഖകളിൽ നിന്നായി 150ഓളം ഭാരവാഹികൾ പരിശീലനത്തിൽ പങ്കെടുത്തു. ശ്രീ. ജോൺസൺ ചിറായിൽ, ശ്രീ. ജോൺസൺ വടക്കേക്കര തുടങ്ങിയവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. യോഗത്തിൽ പങ്കെടുത്ത എല്ലാ ഭാരവാഹികൾക്കും രൂപതയുടെ ഉപഹാരം വിതരണം ചെയ്തു. പരിശീലനത്തിനാവശ്യമായ സ്ഥലസൗകര്യങ്ങൾ ഒരുക്കിത്തന്ന ദ്വാരക ശാഖാ ഡയറക്ടർ റവ. ഫാ. ജോയി തുരുത്തേലിന് രൂപതഘടകത്തിന്റെ ഹൃദ്യമായ നന്ദി അറിയിക്കുന്നു. പങ്കെടുത്ത ഭാരവാഹി

കൾക്കും നേതൃത്വം നൽകിയവർക്കും രൂപതസെക്രട്ടറി നന്ദി നേർന്നു.

**സാഹിത്യമത്സര പരിശീലനം നടത്തി**

രൂപതസാഹിത്യമത്സരത്തിൽ വിജയിച്ച് സംസ്ഥാന സാഹിത്യമത്സരത്തിന് അർഹത നേടിയവർക്കായി രൂപതാതല ത്തിൽ നടത്തിയ പരിശീലനം രൂപതഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. ഉപന്യാസം, ചെറുകഥ, ബൈബിൾവാക്യപഠനം, കവിത എന്നീ ഇനങ്ങളിൽ നടത്തിയ ശില്പശാലയ്ക്ക് റവ. ഫാ. സെബിൻ ഐക്കരതാഴത്ത്, ശ്രീ. ബാബു ചിറപ്പുറം, ശ്രീ. ജോൺസൺ വടക്കേക്കര, റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ എന്നിവർ നേതൃത്വം നൽകി.

**സംസ്ഥാന സാഹിത്യ മത്സരം**

സംസ്ഥാന സാഹിത്യമത്സരം സെപ്തംബർ 9-ന് ദ്വാരക എ. യു. പി. സ്കൂളിൽ വച്ച് നടന്നു. സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ശ്രീ. ജോർജ് പൈകയിൽ മത്സരത്തിന് നേതൃത്വം നൽകി.

**വചനമാകുവാനും വചനമേകുവാനും - ദൂത് 2008**

ബത്തേരി, മണിമൂളി, കല്ലോടി, തരിയോട് തുടങ്ങിയ മേഖ ലകളിലെ വിവിധ ശാഖകളിൽ രൂപത ടീം അംഗങ്ങളുടെ നേതൃ ത്വത്തിൽ ദൂത് 2008 നടന്നു.

**നേതൃത്വം നൽകിയവരും ശാഖകളും :** ഫാ. ടോമി പുത്തൻപുരയ്ക്കൽ - വാകേരി, കടൽമാട്, കൊമ്മയാട്, അജീഷ് എടപ്പാട്ട് - അമ്പലവയൽ, പോരൂർ, ദ്വാരക, ബിജു ചിറ്റേടം - അസംപ്ഷൻ, മോൻസി വാഴയിൽ - കല്ലുമുക്ക്, സജി വേങ്ങത്ത ടത്തിൽ - കരണി, പാലാങ്കര, ദ്വാരക, ജാസ്മിൻ ഇണ്ടിക്കുഴ - തോമാട്ടുചാൽ, സി. തെരേസ് SABS - ചുള്ളിയോട്, പുതുശ്ശേരി, അനൂപ് തെക്കേനത്ത് - മീനങ്ങാടി, സി. ലിസിയ SCV - വടക്കനാട്, ഞാറപ്പാടം, കല്ലോടി, ജോസ് മുണ്ടിയാനി - പഴൂർ, ജോൺസൺ വടക്കേക്കര - ചിത്രഗിരി, ഷാജു പാലച്ചുവട്ടിൽ - മണിമൂളി, സി. അർച്ചന CMC - മണിമൂളി, ജിസ്ന കറുത്തേടത്ത് - മണിമൂളി, തോമസ് കല്ലറയ്ക്കൽ - നരിവാലമുണ്ട, ജോൺസൺ ചിറായിൽ - തലഞ്ഞി, പുതിയിടംകുന്ന്, കല്ലോടി, സി. കാതറിൻ CMC- മരുത, സി. റ്റെയ്സി - പാലേമാട്, ജൂഡ്സ്മൗണ്ട്, കിഷോർ പന്തക്കൽ -

കൊമ്മയാട്, നിഷാന്ത് ആലുങ്കൽ - ഭൂദാനം, സെബാസ്റ്റ്യൻ മുണ്ട യ്ക്കത്തടം - കണിയാരം, ചുള്ളിയാന, കല്ലോടി, സൗമ്യ അള്ളും കണ്ടത്തിൽ - കണിയാരം, സി. സിസിലി SKD - പോരൂർ, നിത ഇടയത്ത് - ദ്വാരക, സി. വിജയ SABS- വെള്ളമുണ്ട, അസംപ്ഷൻ, എസ്സ പരിയാത്ത് - വെള്ളമുണ്ട.

**ക്രിസ്റ്റീൻ ധ്യാനം**

സെപ്തംബർ 5, 6, 7 തീയതികളിൽ കക്കാടംപൊയിൽ സെന്റ് ജെർത്രൂദ് ചിൽഡ്രൻസ് ഹോമിലും, 8, 9, 10 തിയതികളിൽ കക്കാടം പൊയിൽ ഇടവകയിലും 7, 8, 9 തീയതികളിൽ ഏലപ്പീടിക ഇടവ കയിലും, 11, 12, 13 തീയതികളിൽ തരിയോട് ഇടവകയിലും ക്രീസ്റ്റീൻ രൂപതാടീമിന്റെ നേതൃത്വത്തിൽ ധ്യാനം നടത്തി. രൂപത ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ, അസി. ഡയറക്ടർ റവ. ഫാ. സോണി വടയാപറമ്പിൽ, റവ. ഫാ. ജോർജ് പൈനുങ്കൽ, റവ. ഫാ. പ്രിൻസ് തുമ്പിയാംകുഴി, സി. മേരിനിഷ SKD, സി. മരിയ CMC, സി. ആൻമേരി SH, സി. ജെസ്സ്മേരി SABS, പ്രിയ, അനീഷ് ഉപ്പുവീട്ടിൽ, ജോസ് തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു.

**രൂപത സാഹിത്യമത്സര വിജയികൾ**

**ജൂനിയർ വിഭാഗം**

**ചെറുകഥ - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I B | ജോബിഷ് കീരംപാറ | വിളമ്പുകണ്ടം | നടവയൽ |
| II B | ജോർജ് ഇടിമണ്ണിൽ | മണിമൂളി | മണിമൂളി |
| III B | വർഗീസ് വാക്കേൽ | സീതാമൗണ്ട് | പുൽപ്പള്ളി |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I B | നീതു മേനാച്ചേരി | കൊട്ടിയൂർ | കൊട്ടിയൂർ |
| II C | ക്രിസ്റ്റീന അമ്പലത്തറ | സീതാമൗണ്ട് | പുൽപ്പള്ളി |
| III C | പൂർണ്ണിമ പ്ലാന്തോട്ടത്തിൽ | കൽപ്പറ്റ | കൽപ്പറ്റ |

**ഉപന്യാസം - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I | അമൽ തെങ്ങുംതോട്ടം | കേളകം | കൊട്ടിയൂർ |
| II | തോമസ് തെക്കേമല | ചുങ്കക്കുന്ന് | കൊട്ടിയൂർ |
| III | റോഷിൻ പാലക്കാട്ട് | ജൂഡ്സ്മൗണ്ട് | കല്ലോടി |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I | ഷെറിൻ കോളറായിൽ | മാർട്ടിൻനഗർ | പയ്യമ്പള്ളി |

| | | | |
|---|---|---|---|
| II | ജ്യോതിസ് പള്ളത്ത് | നടവയൽ | നടവയൽ |
| III | കത്രീന കുപ്പയിൽ | കൊമ്മയാട് | കല്ലോടി |

**കവിത - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | റ്റെജിൽ മുന്നൂറ്റമ്പതിൽച്ചിറ | ഏലപ്പീടിക | മാനന്തവാടി |
| II B | വർഗീസ് വാക്കേൽ | സീതാമൗണ്ട് | പുൽപ്പള്ളി |
| III B | ജിതിൻ കളമ്പുകാട്ട് | കുറ്റിമൂല | മാനന്തവാടി |
| III B | അമൽ മുട്ടം | പുതിയിടംകുന്ന് | കല്ലോടി |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | ഷെറിൻ കോളറായിൽ | മാർട്ടിൻനഗർ | പയ്യമ്പള്ളി |
| II B | ഷെല്ലി ഐക്കരമറ്റം | മക്കിയാട് | കല്ലോടി |
| III B | മനിഷ തറപ്പേൽ | തോണിച്ചാൽ | കല്ലോടി |

**ബൈബിൾവാക്യ പഠനമത്സരം - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I | സച്ചിൻ വടക്കുംകര | ബെക്കി | ഗൂഡല്ലൂർ |
| II | ഡോൺ കരിമ്പനാൽ | വെള്ളമുണ്ട | കല്ലോടി |
| III | സെബാസ്റ്റ്യൻ ചാലിൽ | പാടിച്ചിറ | പുൽപ്പള്ളി |
| III | ആൽബിൻ താന്നിക്കാലായിൽ | പറളിക്കുന്ന് | നടവയൽ |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I C | അമ്പിളി മൂലക്കര | ചെന്നലോട് | തരിയോട് |
| II | ട്രീസ വണ്ടൻമാക്കിൽ | നെടുമ്പാല | കൽപ്പറ്റ |
| III | സോണിയ കൊച്ചുകുടി | യവനാർകുളം | മാനന്തവാടി |

**സീനിയർ**

**ചെറുകഥ - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I B | സാബു ഉണ്ടുകാട്ടിൽ | നരിവാലമുണ്ട | മണിമൂളി |
| II C | ലിന്റോ പാട്ടശേരിൽ | വിമലഗിരി | ഗൂഡല്ലൂർ |
| III C | ആൽബിൻ ആക്കാന്തിരി | ദ്വാരക | കല്ലോടി |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | ഷിജി മോനിപ്പള്ളിൽ | കല്ലുവയൽ | നടവയൽ |
| II B | സ്മിൽജി അരയത്തിൻകര | ആടിക്കൊല്ലി | പുൽപ്പള്ളി |
| III B | ലിതു പുതുകുളങ്ങര | നരിവാലമുണ്ട | മണിമൂളി |

**ഉപന്യാസം - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | അജിത് കല്ലുവേലിൽ | ചെറുകാട്ടൂർ | നടവയൽ |
| II A | അനീഷ് തൊണ്ടലിൽ | പയ്യമ്പള്ളി | പയ്യമ്പള്ളി |
| III A | ജെതിഷ് കുരുവികാട്ടിൽ | മരക്കടവ് | പുൽപ്പള്ളി |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I B | ദിവ്യ കിഴക്കയിൽ | വെള്ളൂന്നി | കൊട്ടിയൂർ |
| II B | ഷിനി കണിയാപറമ്പിൽ | ഇടയൂർക്കുന്ന് | പയ്യമ്പള്ളി |
| III B | ഡോൾഫി തെറ്റിയോട്ട് പുത്തൻവീട് | കൊട്ടിയൂർ | കൊട്ടിയൂർ |

**കവിത - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | സിജേഷ് മോളത്ത് | വലിയകൊല്ലി | മാനന്തവാടി |
| II B | ബിബിൻ കുത്തുകല്ലുങ്കൽ | ചുങ്കക്കുന്ന് | കൊട്ടിയൂർ |
| III B | ജിനോ കാവുംപുറം | നെടുമ്പാല | കൽപ്പറ്റ |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I B | ജിൻസി ചാത്തംപടത്തിൽ | പാതിരിപ്പാടം | മണിമൂളി |
| II B | സ്മിൽജി അരയത്തിൻകര | ആടിക്കൊല്ലി | പുൽപ്പള്ളി |
| III B | നയന ചൂടിയാങ്കൽ | പറളിക്കുന്ന് | നടവയൽ |

**ബൈബിൾവാക്യ പഠന മത്സരം - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I C | ജോർജ് വേഴമ്പുതോട്ടത്തിൽ | ധർമ്മഗിരി | ഗൂഡല്ലൂർ |
| II C | സേവ്യർ നിരപ്പേൽ | മംഗളം | തരിയോട് |
| III | മനു മേനാച്ചേരി | പറളിക്കുന്ന് | നടവയൽ |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I C | ഐഡ നിരപ്പേൽ | പറളിക്കുന്ന് | നടവയൽ |
| II | ലിറ്റി തേക്കനാടി | തലഞ്ഞി | മണിമൂളി |
| III | അബിത പെരുകിൽ | പറളിക്കുന്ന് | നടവയൽ |

**സൂപ്പർസീനിയർ**

**ഉപന്യാസം - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | ഷാജു പാലച്ചുവട്ടിൽ | തരിയോട് | തരിയോട് |
| II A | ഷിബു വെള്ളക്കടയിൽ | മരക്കടവ് | പുൽപ്പള്ളി |
| III B | ബിജു പുത്തൻപറമ്പിൽ | കുറുമണി | തരിയോട് |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | ഡയാന മുഞ്ഞനാട്ട് | നടവയൽ | നടവയൽ |
| II A | ജെസ്ന കുറിച്യാത്ത് | നടവയൽ | നടവയൽ |
| III A | ഫിലോ ചേലയ്ക്കൽ | മാർട്ടിൻനഗർ | പയ്യമ്പള്ളി |

**ചെറുകഥ - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I B | ബിനോയ് ഐക്കരോട്ട് | പാടിച്ചിറ | പുൽപ്പള്ളി |

| | | | |
|---|---|---|---|
| II B | ഷെബിൻ തുമ്പശേരി | വഞ്ഞോട് | കല്ലോടി |
| III C | ഷിബു വെള്ളക്കടയിൽ | മരക്കടവ് | പുൽപ്പള്ളി |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | ജോഷ്ന കാരക്കാട്ട് | ശിശുമല | പുൽപ്പള്ളി |
| II B | ഫിലോ ചേലയ്ക്കൽ | മാർട്ടിൻനഗർ | പയ്യമ്പള്ളി |
| III B | ഷീല പാലത്തുംതലയ്ക്കൽ | മുതിരേരി | മാനന്തവാടി |

**കവിത – ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | റെജി കാവനമാലിൽ | ദീപ്തിഗിരി | കല്ലോടി |
| II B | ബിജു പുത്തൻപുരയ്ക്കൽ | കുറുമണി | തരിയോട് |
| III C | ജോസ് കൊളമ്പേൽ | ദ്വാരക | കല്ലോടി |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | ലിജ തൊട്ടിയിൽ | വെള്ളൂന്നി | കൊട്ടിയൂർ |
| II A | അനിത മുക്കത്ത് | പുതിയിടംകുന്ന് | കല്ലോടി |
| III B | മേരി അമ്പാട്ട് | ഇടിവണ്ണ | നിലമ്പൂർ |
| III B | എൽസമ്മ പനച്ചിയിൽ | കേളകം | കൊട്ടിയൂർ |

**ബൈബിൾവാക്യ പഠന മത്സരം – ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I | വിപിൻ മുള്ളംകുടി | പറളിക്കുന്ന് | നടവയൽ |
| II | അജീഷ് കാരിയ്ക്കൽ | ചാരിറ്റി | കൽപ്പറ്റ |
| III | റോബിൻ അറയ്ക്കൽ | ചാരിറ്റി | കൽപ്പറ്റ |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I B | ബിൻസി പട്ടർമഠത്തിൽ | പുതിയിടംകുന്ന് | കല്ലോടി |
| II | മിനി പുതുവേലിൽ | പാൽച്ചുരം | കൊട്ടിയൂർ |
| III | ലിജ തൊട്ടിയിൽ | വെള്ളൂന്നി | കൊട്ടിയൂർ |

**രൂപത കലാമത്സരം – ഒക്ടോബർ 9**

ചെറുപുഷ്പ മിഷൻലീഗ് രൂപത കലാമത്സരം ഒക്ടോബർ 9-ന് വ്യാഴാഴ്ച രാവിലെ 9.30 മുതൽ ദ്വാരക സേക്രട്ട് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ചു നടക്കും. മേഖലാമത്സരത്തിൽ പങ്കെടുത്ത് രൂപതാകലാമത്സരത്തിന് അർഹത നേടിയവർ കലാമത്സരത്തിന് കൃത്യസമയത്ത് എത്തിച്ചേരേണ്ടതാണ്.

**ലോഗോസ് ബൈബിൾ ക്വിസ് – ഒക്ടോബർ 5**

ബൈബിൾ പഠനത്തിനും വിചിന്തനത്തിനും ലോഗോസ് ബൈബിൾ ക്വിസ് ഒക്ടോബർ 5-ന്. 1.30 p.m. മുതൽ 3.00 p.m വരെ എല്ലാ ശാഖകളും നടത്താനാവശ്യമായ ക്രമീകരണം

നടത്തേണ്ടതാണ്. ലോഗോസ് ഉത്തരപേപ്പർ ഒക്ടോബർ 7-ാം തീയതിക്കുള്ളിൽ രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്.

**ധന്യതയുടെ നിറവിൽ ഒക്ടോബർ - ഇത് മിഷൻമാസം**

***ഒരുങ്ങാം - ആഘോഷിക്കാം - ധന്യരാകാം***

| | | |
|---|---|---|
| 01 ബുധൻ | - | വി. കൊച്ചുത്രേസ്യായുടെ തിരുനാൾ<br>പൊതുദിവ്യകാരുണ്യ സ്വീകരണം, പതാക ഉയർത്തൽ |
| 02 വ്യാഴം | - | കാവൽ മാലാഖയുടെ തിരുനാൾ |
| 03 വെള്ളി | - | ചെറുപുഷ്പ മിഷൻലീഗ് സ്ഥാപകദിനം |
| 04 ശനി | - | വി. ഫ്രാൻസീസ് അസ്സീസ്സിയുടെ തിരുനാൾ |
| 05 ഞായർ | - | അംഗത്വ സ്വീകരണം |
| 12 ഞായർ | - | അൽഫോൻസാമ്മയുടെ വിശുദ്ധനാമകരണം<br>പൊതുദിവ്യകാരുണ്യ സ്വീകരണം<br>അസാധാരണ സമ്മേളനം |
| 19 ഞായർ | - | മിഷൻ ഞായർ - അസാധാരണ സമ്മേളനം<br>പൊതുദിവ്യകാരുണ്യ സ്വീകരണം,<br>പ്രേഷിത റാലി, സ്നേഹവിരുന്ന് |

**വചനോപാസന തുടരുന്നു**

വചനവർഷത്തിൽ ഓരോ ഇടവകയെയും വചനത്താൽ ബന്ധിപ്പിക്കുന്ന വചനോപാസന ഓരോ ശാഖയും വളരെ ആത്മാർത്ഥമായി സഹകരിക്കുന്നതിൽ രൂപതാഘടകത്തിന്റെ ഹൃദ്യമായ നന്ദി അറിയിക്കുന്നു.

08 ബുധൻ - ബത്തേരി മേഖലയിലെ ശാഖകളിൽ ആരംഭിക്കുന്നു, 20 തിങ്കൾ - പുൽപ്പള്ളി മേഖലയിൽ ആരംഭിക്കുന്നു.

**ഗ്ലോറിയ വോയ്സ് - ടെലി ബൈബിൾ ക്വിസ്**

രൂപതാതലത്തിൽ നടക്കുന്ന ടെലി ബൈബിൾ ക്വിസ് നവംബർ മാസം ആരംഭിക്കുന്നു. നവംബർ മാസത്തിലെ എല്ലാ ഞായറാഴ്ചയും വൈകുന്നേരം 4 മണി മുതൽ 5 മണി വരെയാണ് ഗ്ലോറിയ വോയ്സിന്റെ സമയം. ടെലി ബൈബിൾ ക്വിസ്സിൽ പങ്കെടുക്കുവാൻ ആഗ്രഹക്കുന്നവർ 04935 - 241017 എന്ന രൂപത ഓഫീസിലെ ഫോൺ നമ്പറിലേക്ക് നവംബർ മാസത്തിലെ ഞായറാഴ്ചകളിൽ വൈകുന്നേരം 4 മുതൽ 5 വരെ വിളിക്കുക.

**തിരുശേഷിപ്പ് പ്രയാണം**

അൽഫോൻസാമ്മയുടെ വിശുദ്ധ നാമകരണത്തോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗ് രൂപത തലത്തിൽ നടത്തുന്ന തിരുശേഷിപ്പ് പ്രയാണറാലി ഒക്ടോബർ 11, 12 തീയതികളിലായി നടക്കും. രൂപതയുടെ വിവിധ ഫൊറോന കേന്ദ്രങ്ങളിലൂടെ തിരുശേഷിപ്പ് പ്രയാണം കടന്നുപോകും. മേഖല ഭാരവാഹികളും ശാഖാ ഭാരവാഹികളും പ്രയാണത്തിനാവശ്യമായ സഹകരണം ചെയ്യുമല്ലോ.

**ശാഖാ വാർത്തകൾ**

പാൽച്ചുരം :- രോഗിസന്ദർശനം നടത്തി, പാൽച്ചുരം ശാഖയിലെ കുട്ടികൾ കണിച്ചാർ ബാലമന്ദിരം സന്ദർശിച്ചു.

അമ്പായത്തോട് :- പ്രാർത്ഥനാദിനം ആചരിച്ചു

മരക്കടവ് :- ബൈബിൾ ക്വിസ് നടത്തി

അമരക്കുനി :- ദേശഭക്തിഗാനമത്സരം നടത്തി

പട്ടാണിക്കൂപ്പ് :- ഭക്ഷണവിതരണം നടത്തി. പ്രസംഗപരിശീലനം നടത്തി.

ചോക്കാട് :- എല്ലാ മാതാക്കളെയും ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.

ഒലിവുമല :- സാധുജനസഹായം നൽകി, കൽപ്പറ്റ സ്നേഹസദൻ സന്ദർശിച്ചു. ബൈബിൾ ക്വിസ് നടത്തി.

നെടുമ്പാല :- മേരിലാന്റ് അഗതിമന്ദിരം സന്ദർശിച്ചു. ബൈബിൾ ക്വിസ് നടത്തി.

വെള്ളമുണ്ട :- 'വചനം ജീവദായകം' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി. രക്തസാക്ഷിയായ ഫാ. തോമസ് പാണ്ടിപ്പള്ളിയെക്കുറിച്ചുള്ള വാർത്തകൾ പ്രദർശിപ്പിച്ചു.

തോണിച്ചാൽ :- ബൈബിൾ ക്വിസ് നടത്തി. തിരുബാലസഖ്യം കുട്ടികൾക്കായി പരിശീലനം നടത്തുന്നു.

ദീപ്തിഗിരി :- സ്കോളർഷിപ്പ് നൽകി. ബൈബിൾ ക്വിസ് നടത്തി.

പുതുശ്ശേരി :- ബെഡ്ഷീറ്റ് കുറി നടത്തുന്നു. സംഘടനയെക്കുറിച്ചുള്ള ക്ലാസ്സുകൾ കൊടുക്കുന്നു.

കണിയാമ്പറ്റ :- ബൈബിൾ ക്വിസ് നടത്തി.

മംഗളം :- അൾത്താരബാലസംഗമം നടത്തി.

തരിയോട് :- സംഗീതമത്സരം, ബൈബിൾക്വിസ് നടത്തി.

മുണ്ടേരി :- CML അംഗങ്ങൾക്ക് ഗ്രാമർ ട്യൂഷൻ നൽകുന്നു. രോഗി സന്ദർശനം നടത്തി.

ഭൂദാനം :- ബൈബിൾ ക്വിസ് നടത്തി.

ഞാറപ്പാടം :- ഭവനസന്ദർശനം നടത്തി.

ബത്തേരി :- വചനപോസ്റ്റർ സ്ഥാപിക്കുന്നു, ബൈബിൾ ക്വിസ് നടത്തുന്നു.

വാകേരി :- കമ്യൂണിസത്തിന്റെ ദോഷഫലങ്ങളെക്കുറിച്ചുള്ള പത്ര റിപ്പോർട്ടുകൾ ശേഖരിച്ച് കുട്ടികളെ അറിയിക്കുന്നു. സ്വാതന്ത്ര്യ ദിന ക്വിസ് മത്സരം നടത്തി.

മുതിരേരി :- പൊതുവിജ്ഞാന പരിശീലനം നടത്തി.

പോരൂർ :- കാട്ടിമൂല ടൗൺ വൃത്തിയാക്കി.

മാർട്ടിൻനഗർ :- ഫാ. തോമസ് പാണ്ടിപ്പള്ളിക്ക് ആദരാഞ്ജലി കൾ അർപ്പിച്ച് പ്രാർത്ഥന നടത്തി. രാജ്യത്തിനുവേണ്ടി ജപമാല അർപ്പിച്ചു.

പനവല്ലി, കാട്ടിക്കുളം :- കരുണാഭവൻ സന്ദർശിച്ചു.

ഇടയൂർക്കുന്ന് :- ഭവനസന്ദർശനം നടത്തി. പൊതുപ്പണി നടത്തി

ചിത്രഗിരി :- വിശുദ്ധരുടെ ജീവചരിത്രവായന മാസമായി ആച രിക്കുകയും വി.സംക്ഷിപ്ത ഗ്രന്ഥങ്ങൾ തയ്യാറാക്കുകയും ചെയ്തു.

**മേഖലാ വാർത്തകൾ**

പുൽപ്പള്ളി, മാനന്തവാടി, കൊട്ടിയൂർ, കൽപ്പറ്റ, തരിയോട്, ഗൂഡല്ലൂർ, മണിമൂളി, ബത്തേരി എന്നിവിടങ്ങളിൽ മേഖലാ കലാ മത്സരങ്ങൾ നടത്തി.

പ്രേഷിതാശംസകളോടെ,

**സജി തറപ്പുതൊട്ടിയിൽ**

രൂപത സെക്രട്ടറി

## കെ. സി. വൈ. എം.

**പ്രിയ യുവജനസുഹൃത്തുക്കളെ,**

**ഒറീസ്സ** ! മനുഷ്യക്രൂരതയുടെ വികൃതമുഖം.. മതേതരത്വം ധ്വംസിക്കപ്പെട്ട കിരാതനാട്.. വർഗ്ഗീയ, ജാതി, മത വിദ്വേഷത്തിന്റെ വിത്തുകൾ വിതച്ച്, ഒരു പറ്റം ക്രൈസ്തവ ജനതയുടെമേൽ സംഹാരതാണ്ഡവമാടുകയാണ് ആ കാട്ടാളന്മാർ. സ്വാമി ലക്ഷ്മ ണാനന്ദ സരസ്വതിയെ വധിച്ചതിന്റെ പേരും പറഞ്ഞ്, അതിന്റെ കുറ്റം മാവോയിസ്റ്റുകൾ ഏറ്റെടുത്തിട്ടും, ഒറീസ്സയിൽ മിഷൻ പ്രവർത്തനം നടത്തുന്ന മിഷനറിമാരെ ക്രൂരമായി മർദ്ദിച്ച്, വധിച്ച് – ഒരു സമൂഹത്തെ സമൂലം ഇല്ലായ്മ ചെയ്യുന്ന വംശഹത്യ ചെയ്യുന്ന പ്രാകൃതമായ സംസ്കാരം ഭാരതത്തിന്റെ മതേതര സങ്കല്പത്തിന് തീരാക്കളങ്കമായി മാറി. ഏറ്റവും വലിയ ജനാധി പത്യ രാജ്യമായ ഭാരതത്തിന്റെ സംസ്കാരത്തെ വെട്ടിമുറി വേൽപ്പിച്ച്, ആ അമ്മയുടെ ശരീരത്തിൽ നിന്നും ഇറ്റിറ്റ് വീഴുന്ന ചോരതുള്ളികൾ നക്കികുടിച്ച് തഴച്ച് വളരാൻ ശ്രമിക്കുകയാണ് മതവിദ്വേഷത്തിന്റെ മൂടുപടമണിഞ്ഞ ആ കാട്ടാളന്മാർ.

ഭാരതത്തിന്റെ ആത്മാവാണ് മതേതരത്വം. എല്ലാ മതങ്ങ ളെയും ഒരുപോലെ സ്നേഹിക്കാനും ആദരിക്കാനും പഠിപ്പിക്കുന്ന ആർഷഭാരതസംസ്കാരത്തിന് കോടാലി വയ്ക്കപ്പെട്ടിരിക്കുന്നു. വർഗ്ഗീയതയുടെ, അന്ധമായ പ്രാദേശിക ഭാവത്തിന്റെ, മത നിരാ സത്തിന്റെ, രാഷ്ട്രീയപകപോക്കലിന്റെ ദുർദേവതകൾ ചന്ദ്രഹാ സമിളക്കി ഉറഞ്ഞ് തുള്ളുകയാണിവിടെ. ചിന്നിചിതറികിടക്കുന്ന മാംസകഷ്ണങ്ങൾ, തളംകെട്ടികിടക്കുന്ന ചോരതുള്ളികൾ, തല്ലി തകർക്കപ്പെട്ട ദേവാലയങ്ങൾ, വിശുദ്ധരൂപങ്ങൾ, അനാഥമാക്ക പ്പെട്ട ജീവിതങ്ങൾ – എല്ലാം ഒരു വലിയ ദുരന്തത്തിന്റെ ഞടുക്ക

മാണ് ഓർമ്മിപ്പിക്കുക.. അതെ മനസ്സാക്ഷിയുള്ളവൻ മാറത്തടിച്ച് കരയട്ടെ!!

വനാന്തരങ്ങളിൽ പാർത്തിരുന്ന നരഭോജികളെപോലും ലജ്ജിപ്പിക്കുന്ന നരനായാട്ട് എന്തിനാണ്? കുഷ്ഠരോഗികളുടെയിടയിൽ സാന്ത്വനമായി കടന്ന് വന്നതിനോ? നൂറ്റാണ്ടുകളായി പട്ടിണിയിലും അടിമത്വത്തിലും കഴിഞ്ഞ കാർഡമൽ ജില്ലയിലെ ആദിവാസികൾക്ക് അറിവും അന്നവും കൊടുത്തതോ ക്രൈസ്തവ മിഷനറിമാർ ചെയ്ത തെറ്റ്? ചൂഷണത്തിനിരയായ ആദിവാസികൾക്ക് സമൂഹത്തിന്റെ മധ്യത്തിലേക്ക്, വളർച്ചയുടെ പാതയിലേക്ക് കൊണ്ടുവന്നതാണോ തെറ്റ്... പക്ഷെ... ക്രിസ്ത്യൻ മിഷനറിമാരെ തുരത്താൻ വർഗ്ഗീയ വാദികൾ അഴിച്ചുവിട്ട വിഷക്കാറ്റായി വർഗ്ഗീയത.. എരിഞ്ഞ് ചാമ്പലായ ആരാധാനാലയങ്ങളും മതഗ്രന്ഥങ്ങളും, തല്ലിതകർക്കപ്പെട്ട തിരുസ്വരൂപങ്ങൾ, കുരിശുകൾ, ഭവനങ്ങൾ എന്തിനേറെ ഒരുപറ്റം ജനം മുഴുവൻ ഉടുതുണി മാത്രം സ്വന്തമാക്കി വിശപ്പും ദാഹവും മൂലം തളർന്ന് വനാന്തരങ്ങളിൽ കഴിയുന്നു.

യുവാക്കളെ ഉണരൂ... യുവസമൂഹമെ കരുത്താർജിക്കൂ... ഒറീസ്സയിലെ വിഷക്കാറ്റ് കർണ്ണാടകത്തിലൂടെ കടന്ന് കേരളത്തിലേക്ക് ആഞ്ഞടിക്കാൻ വെമ്പൽ കൊള്ളുന്നു...സഭയെ തകർക്കാൻ, വിശ്വാസത്തെ അധിക്ഷേപിക്കുവാൻ, സഭാനൗകയെ തല്ലിതകർക്കാൻ നാം അനുവദിച്ച് കൂടാ... വിധ്വംസക പ്രവർത്തനങ്ങളെ തിരിച്ചറിഞ്ഞ് സഭയുടെ, സഭാസ്ഥാപനങ്ങളുടെ, ആരാധനാലയങ്ങളുടെ സംരക്ഷകരായി, സൂക്ഷിപ്പുകാരായി സധൈര്യം, ജാഗ്രതയോടെ - യുവജനസുഹൃത്തുക്കളെ - നമുക്ക് ഉണർന്നിരിക്കാം... സഭയുടെ കാവലാളായ്, ക്രിസ്തുവിന്റെ പോരാളിയായ്.

സ്നേഹപൂർവ്വം,
**സണ്ണിയച്ചൻ**

**പേൾ - 2008**

ഈ വർഷത്തെ രൂപതാ സാഹിത്യമത്സരം സെപ്റ്റംബർ 21-ന് അതാത് മേഖലാ കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും, പ്രത്യേകിച്ച് അവരെ പറഞ്ഞ് വിട്ട വികാരിയച്ചന്മാർക്കും, ആനിമേറ്റർമാർക്കും, മേഖലാ ഡയറക്ടർമാർക്കും, ആനിമേറ്റർമാർക്കും ഹൃദ്യമായ നന്ദി. മത്സരങ്ങൾക്ക്

മേൽനോട്ടം വഹിച്ച രൂപതാ സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റ് അംഗങ്ങളായ ജോജിൻ ടി ജോയി, ഷിബു പുതിയവീട്ടിൽ, ഷംജിത്ത് ചേലയ്ക്കൽ, ലിറ്റി വെണ്ടർമ്യാലിൽ, സജിൻ ചാലിൽ, സന്തോഷ് ഞാറക്കളം, അനീഷ് ഓമക്കര, വിനു വാണിയപ്പിള്ളി എന്നിവർക്ക് പ്രത്യേകം നന്ദി.

**ഡയറക്ടറച്ചന്റെ സന്ദർശനം**

പട്ടാണിക്കൂപ്പ്:- സെപ്റ്റംബർ 7 ഞായറാഴ്ച യൂണിറ്റ് സന്ദർശിക്കുകയും യുവജനദിന സന്ദേശം നൽകി. വി. ബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. ഓണാഘോഷത്തോടനുബന്ധിച്ച് ഓണസദ്യയും നടത്തി. നേതൃത്വം നൽകിയ വികാരി ഫാ. ജോബി മുക്കാട്ടുകാവിങ്കലിനും ആനിമേറ്റർ സി. ജസ്സി SKD ഭാരവാഹികൾക്കും പ്രത്യേകം നന്ദി.

പോരൂർ :- കെ. സി. വൈ. എം പുനക്രമീകരിച്ചു (7.9.08). യുവജനങ്ങൾക്ക് മൂല്യാധിഷ്ഠിത യുവത്വം സമൂഹനന്മയ്ക്ക് എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിക്കുകയും ചർച്ചകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. തുടർന്ന് പൊതുയോഗത്തിൽ വച്ച് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. നേതൃത്വം നൽകിയ വികാരി റവ. ഫാ. തോമസ് മണക്കുന്നേലിനും, അസി. വികാരി റവ. ഫാ. ജോജോ കുടക്കച്ചിറയ്ക്കും, ആനിമേറ്റർ സി. ജിൻസി SH-നും പ്രത്യേകം നന്ദി.

**കൊട്ടിയൂർ മേഖല: വചസ് - ജാഗരണ പ്രാർത്ഥന**

വചസ് 2008 കൊട്ടിയൂർ മേഖലയിലെ അമ്പായത്തോട് യൂണിറ്റിൽ വച്ച് നടത്തി. വിവിധ യൂണിറ്റുകളിൽ നിന്നും 80 ഓളം യുവജനങ്ങൾ പങ്കെടുത്തു. റവ. ഫാ. ജോസ് കുളിരാനി ഉദ്ഘാടനം ചെയ്തു. ഫാ. സിജോ പാലാത്ത്, ലിറ്റി വെണ്ടർമ്യാലിൽ ഫാ. സണ്ണി കൊല്ലാർതോട്ടം എന്നിവർ ആശംസകൾ നേർന്നു. പ്രാർത്ഥനയ്ക്ക് റവ. ഫാ. ജയ്സൺ തുണ്ടത്തിൽ CSsR, ഫാ. സണ്ണി കൊല്ലാർതോട്ടം, ലിറ്റി വെണ്ടർമ്യാലിൽ ജയ്സൺ എന്നിവർ നേതൃത്വം നൽകി. ഭംഗിയായി ക്രമീകരിച്ച മേഖലാ നേതൃത്വത്തിനും യൂണിറ്റ് ഭാരവാഹികൾക്കും നന്ദി.

**കായികോത്സവ് 2008 നടവയലിൽ ഒക്ടോബർ 27-ന്**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ

യുവജനങ്ങൾക്കായി കായികമത്സരങ്ങൾ നടത്തുന്നു. ഇതിന് മുൻപായി, യൂണിറ്റ്, മേഖലാ മത്സരങ്ങൾ പൂർത്തിയാക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. രൂപതാ കായികോത്സവ് - നടവയലിൽ സെന്റ് തോമസ് സ്കൂളിൽ വച്ച് 2008 ഒക്ടോബർ 27 തിങ്കളാഴ്ച നടത്തപ്പെടുന്നു. മത്സരഇനങ്ങൾ താഴെ ചേർക്കുന്നു. പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ഒക്ടോബർ 24 ന് മുമ്പായി രൂപതാ ഓഫീസിൽ ഏൽപ്പിക്കണം എന്ന് ഓർമ്മിപ്പിക്കുന്നു. ഓട്ടം 100, 200, 400, 1500, ലോങ്ങ് ജംമ്പ്, ഹൈജംമ്പ്, ട്രിപ്പിൾ ജംമ്പ്, ഡിസ്കസ് ത്രോ, ജാവലിൻ, ഷോട്ട്പുട്ട്, 4 x100 റിലെ എന്നീ ഇനങ്ങൾ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ നടത്തപ്പെടുന്നു. മത്സരാർത്ഥികൾക്ക് അംഗത്വകാർഡ് ഉണ്ടായിരിക്കണം. റജി. ഫീസ് ഒരാൾക്ക് 15 രൂപയായിരിക്കും. ഒരാൾക്ക് വ്യക്തിഗത ഇനങ്ങളിൽ മൂന്ന് ഇനങ്ങളിൽ പങ്കെടുക്കാം.

**സിൻഡിക്കേറ്റ്**

ആഗസ്റ്റ് 26-ന് പാസ്റ്ററൽ സെന്ററിൽ ചേർന്ന സിൻഡിക്കേറ്റിൽ ക്രൈസ്തവ മിഷനറിമാരെ പീഡിപ്പിക്കുന്ന സംഭവത്തിൽ മരണമടഞ്ഞവർക്ക് അനുശോചനം അറിയിക്കുകയും 29-ാം തീയതി മാനന്തവാടി ടൗണിൽ പ്രതിഷേധറാലി നടത്തുന്നതിനും തീരുമാനിച്ചു.

**ജന്മദിനാശംസകൾ**

ആഗസ്റ്റ് 23-ന് ജന്മദിനം ആഘോഷിച്ച രൂപത ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടത്തിന് പാസ്റ്ററൽ സെന്ററിൽ ചേർന്ന സെക്രട്ടറിയേറ്റിൽ ശ്രീ. ഷിബു പുതിയവീട്ടിൽ, ശ്രീ. അനീഷ് ഓമക്കര, ശ്രീ. ഷംജിത്ത് ചേലയ്ക്കൽ, സി. മോളി SJL സി. എൽസി എന്നിവർ ആശംസകൾ അറിയിച്ചു.

**പ്രതിഷേധറാലി**

ഒറീസയിലെ ക്രൈസ്തവർക്കും ആരാധനാലയങ്ങൾക്കും നേരെ നടക്കുന്ന അക്രമങ്ങൾക്കെതിരെ രൂപതാസമിതിയുടെ നേതൃത്വത്തിൽ പ്രതിഷേധറാലിയും പൊതുസമ്മേളനവും നടത്തി. പ്രതിഷേധറാലി വികാരി ജനറാൾ മോൺ. ജോർജ് മൂലയിൽ ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. പതാക പ്രസിഡന്റ് ജോജിൻ റ്റി. ജോയിയും പേപ്പൽ പതാക ജനറൽ സെക്രട്ടറി

ഷിബു പുതിയവീട്ടിലും ഏറ്റുവാങ്ങി. വായമൂടിക്കെട്ടിയുള്ള റാലി ടൗൺ ചർച്ചിൽ നിന്നാരംഭിച്ച് മാനന്തവാടി ടൗൺ ചുറ്റി ഗവൺമെന്റ് ഹോസ്പിറ്റൽ ജംഗ്ഷനിൽ സമാപിച്ചു. ആയിരത്തി അഞ്ഞൂറോളം വിശ്വാസികൾ പങ്കെടുത്തു. ശ്രീ. ജോസ് പള്ളത്ത്, ഫാ. സണ്ണി കൊല്ലാർതോട്ടം, ശ്രീ. ജോജിൻ റ്റി. ജോയി എന്നിവർ പ്രസംഗിച്ചു. സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾ നേതൃത്വം നൽകി. റാലി യുടെ വിജയത്തിനായി പ്രവർത്തിച്ച ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും യൂണിറ്റ് മേഖലാ ഭാരവാഹികൾക്കും നന്ദി.

**അധ്യാപക ദിനാശംസകൾ**

സെപ്റ്റംബർ 5-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേർന്ന സിൻഡിക്കേറ്റിൽ അധ്യാപകരായ ശ്രീ. ജോസ് പള്ളത്ത്, സി. മോളി SJL, ശ്രീ. ബിജു മാത്യു അരീക്കാട്ട് എന്നിവർക്ക് പ്രസിഡന്റ് ശ്രീ. ജോജിൻ റ്റി ജോയി, റവ. ഫാ. സണ്ണി കൊല്ലാർതോട്ടം, ഷിബു പുതിയവീട്ടിൽ, മാത്യു തറയിൽ എന്നിവർ അധ്യാപക ദിനത്തിന്റെ ആശംസകൾ അറിയിച്ചു.

**സാഹോദര്യ സംരക്ഷണയാത്ര**

ഒറീസയിലെ ക്രൈസ്തവർക്കെതിരെ നടക്കുന്ന മതരാഷ്ട്രീയ സംഘട്ടനങ്ങൾക്കെതിരെയും സംസ്ഥാനത്ത് നട ക്കുന്ന വിലക്കയറ്റത്തിനും ഹർത്താലിനും മതനിഷേധപാഠ പുസ്തകങ്ങൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും സെപ്റ്റംബർ 14, 15 തീയതികളിൽ കണ്ണൂർ, വയനാട് ജില്ലകളിലെ വിവിധ ടൗൺ കേന്ദ്രങ്ങളിൽ സാഹോദര്യ സംരക്ഷണയാത്ര നടത്തി. രൂപതാ വികാരി ജനറാൾ മോൺ. ജോർജ് മൂലയിൽ പ്രസിഡന്റ് ജോജിൻ റ്റി. ജോയിക്ക് പതാക നൽകി പര്യടനം ഉൽഘാടനം ചെയ്തു. കണ്ണൂർ ജില്ലയിൽ നടത്തിയ പര്യടനം ചുങ്കക്കുന്ന് ഫൊറോന വികാരി റവ. ഫാ. തോമസ് ചേറ്റാനി ഉൽഘാടനം ചെയ്തു. കേളകം, ചുങ്കക്കുന്ന്, കൊട്ടിയൂർ, പുൽപ്പള്ളി, ബത്തേരി, മീനങ്ങാടി, കൽപ്പറ്റ, കമ്പളക്കാട്, പനമരം, ദ്വാരക, മാനന്തവാടി, എന്നീ ടൗണുകളിൽ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം, ശ്രീ. ജോസ് പള്ളത്ത്, റവ. ഫാ. ബാബു മാപ്ലശേരി, റജിമോൻ പുന്നോലിൽ, ജോജിൻ റ്റി. ജോയി, ഷിബു പുതിയവീട്ടിൽ, മാത്യു തറയിൽ, അനീഷ് ഓമക്കര, സി. മോളി

SJL, ശ്രീ. ബിനോയി പാനികുളം, നിഷിത പുതിയകുന്നത്ത്, ലിറ്റി വെണ്ടർമാലിൽ എന്നിവർ വിവിധ ടൗണുകളിൽ പ്രസംഗിച്ചു. വിവിധ ടൗണുകളിൽ സ്വീകരണം നൽകിയ ബഹുമാനപ്പെട്ട വൈദികർക്കും യൂണിറ്റ് മേഖലാ ഭാരവാഹികൾക്കും രൂപതാ സമിതിയുടെ നന്ദി.

**ദിശ 2008**

സെപ്റ്റംബർ 13, 14 തീയതികളിൽ ബോയിസ് ടൗണിൽ വച്ച് നടന്ന ദിശ 2008 നേതൃത്വ പരിശീലനക്കളരി പ്രസിഡന്റ് ജോജിൻ റ്റി. ജോയിയുടെ അധ്യക്ഷതയിൽ രൂപതാ ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം ഉൽഘാടനം ചെയ്തു. ശ്രീ. ഷിബു പുതിയവീട്ടിൽ, ലിറ്റി വെണ്ടർമാലിൽ, സി. മോളി SJL, ഷംജിത്ത് ചേലയ്ക്കൽ എന്നിവർ പ്രസംഗിച്ചു. ശ്രീ. ജോസ് പള്ളത്ത്, റവ. ഫാ. സെബാസ്റ്റ്യൻ പുത്തേൻ, സി. ആൻസി പോൾ എന്നിവർ ക്ലാസുകൾ നയിച്ചു. രൂപതാ സെക്രട്ടറിയേറ്റ് നേതൃത്വം നൽകി. ദിശയിൽ പങ്കെടുത്ത എല്ലാ യുവജനങ്ങൾക്കും നന്ദി.

**മേഖലാ സന്ദർശനം**

യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുന്നതിന് വേണ്ടി കൊട്ടിയൂർ മേഖലയിലെ 10 ഇടവകകൾ സന്ദർശിച്ചു. കേളകം, വെള്ളൂന്നി - അനീഷ് ഓമക്കര, ഷിബു പുതിയവീട്ടിൽ, അടയ്ക്കാത്തോട്, ശാന്തിഗിരി - ജോജിൻ റ്റി. ജോയി, ബിനോയി പാനികുളം, ചുങ്കക്കുന്ന്, ഒറ്റപ്ലാവ് - മാത്യു തറയിൽ, ഷിന്റൊ കൊട്ടിയൂർ, നെല്ലിയോടി - സജിൻ ജോസ് ചാലിൽ, അമ്പായത്തോട്, പാൽച്ചുരം - സന്തോഷ് ഞാറക്കുളം, ഷംജിത്ത് ചേലയ്ക്കൽ എന്നിവർ സന്ദർശിച്ചു. സന്ദർശന സമയത്ത് നൽകിയ സ്വീകരണത്തിന് ബഹുമാനപ്പെട്ട വികാരിയച്ചൻമാർക്കും യൂണിറ്റ് ഡയറക്ടേഴ്സിനും, യൂണിറ്റ് ഭാരവാഹികൾക്കും രൂപതാ സമിതിയുടെ പ്രത്യേക നന്ദി.

**ജാഗരണ പ്രാർത്ഥന**

വചനവർഷത്തോടനുബന്ധിച്ച് മേഖലകളിൽ നടത്തുന്ന ജാഗരണപ്രാർത്ഥന വചസ് തുറന്നുവരുന്നു. ഇനിയും ജാഗരണ പ്രാർത്ഥന നടത്താത്ത മേഖലകൾ വേണ്ട ക്രമീകരണങ്ങൾ നടത്തി രൂപത ഓഫീസിൽ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**യുവദർശൻ**

യൂണിറ്റുകളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന യൂണിറ്റ് ഏകദിന കൺവെൻഷൻ 'യുവദർശൻ' നടത്താത്ത യൂണിറ്റുകൾ എത്രയും പെട്ടെന്ന് വേണ്ട ക്രമീകരണങ്ങൾ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

**മേഖല ക്യാമ്പ്**

മേഖലകളിൽ നടത്തേണ്ട 'ധർമ്മായൻ' ക്യാമ്പുകൾ നടത്തേണ്ട സമയമായിരിക്കുന്നു. എല്ലാ മേഖലകളിലും ക്യാമ്പ് നടത്തേണ്ടതാണ്. ഇതിനാവശ്യമായ കാര്യങ്ങൾ ചെയ്ത് രൂപതാ ഓഫീസിൽ അറിയിക്കണമെന്ന് അറിയിക്കുന്നു.

**ജാഗരണപ്രാർത്ഥന**

വചനവർഷത്തോടനുബന്ധിച്ച് രൂപത സമിതി മേഖലകളിൽ നടത്തുന്ന ജാഗരണപ്രാർത്ഥന മേഖലയിൽ ഇരുളം യൂണിറ്റിൽ വച്ച് ആഗസ്റ്റ് 29-ന് നടത്തി. മേഖല ഡയറക്ടർ ഫാ. അലക്സ് കളപ്പുര ഉദ്ഘാടനം ചെയ്തു. ഫാ. സണ്ണി കൊല്ലാർതോട്ടം, സി. മോളി, ബിനോയി, ഷംജിത്ത്, അനീഷ് എന്നിവർ നേതൃത്വം നൽകി.

**നിലമ്പൂർ മേഖല**

പ്രതിഷേധ റാലി കറുത്തബാഡ്ജും ധരിച്ച് ജോസ്ഗിരി പള്ളിയിൽ നിന്നും ആരംഭിച്ച് നിലമ്പൂർ ടൗണിലൂടെ നടന്ന് ലിറ്റിൽ ഫ്ളവർ സ്കൂളിൽ സമാപിച്ചു. കെ.സി.വൈ.എം. മേഖലാ ഡയറക്ടർ റവ. ഫാ. അനിൽ മാങ്ങാട്ട്, ആനിമേറ്റർ സി. ലീല SKD, പ്രിൻസ് പിട്ടാപ്പള്ളി, റോബിൻ തുണ്ടിയിൽ, ജോബി കൊച്ചുപറമ്പിൽ, സിംപോൾ പൊട്ടയ്ക്കൽ, ജോബി ചേറ്റുകഴി എന്നിവർ റാലിക്ക് നേതൃത്വം നൽകി. റാലിയിൽ 200 ഓളം യുവതീ യുവാക്കൾ പങ്കെടുത്തു.

സ്നേഹാദരവോടെ,

**ഷിബു പുതിയവീട്ടിൽ**

ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ആഗസ്റ്റ് 23 മുതൽ 26 വരെ നടന്ന കോഴ്സിൽ 88 പേർ പങ്കെടുത്തു. ആദ്യാവസാനം വരെ കോഴ്സിന്റെ വിജയത്തിനായി ക്ലാസുകളിലൂടെയും വി. കുർബാനയിലൂടെയും അനുരഞ്ജന ശുശ്രൂഷയിലൂടെയും മറ്റും സഹായിച്ച എല്ലാ വൈദികരെയും കുടുംബ പ്രേഷിതത്വ ടീമംഗ ങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | |
|---|---|
| ഒക്ടോബർ 4-8 | ദ്വാരക പാസ്റ്ററൽ സെന്റർ |
| ഒക്ടോബർ 28- 31 | ദ്വാരക പാസ്റ്ററൽ സെന്റർ |
| നവംബർ 6-10 | ദ്വാരക പാസ്റ്ററൽ സെന്റർ |
| നവംബർ 27 - 30 | ദ്വാരക പാസ്റ്ററൽ സെന്റർ |

**കത്തോലിക്കാ മാതൃസംഘടന**

**രൂപതാ എക്സിക്യൂട്ടീവ്**

20 -ാം തീയതി രൂപതാ ഡയറക്ടർ ബഹു. മാത്യു മാടപ്പ ള്ളിക്കുന്നേലച്ചന്റെ നേതൃത്വത്തിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ എക്സിക്യൂട്ടീവ് ചേർന്ന് ഡയറക്ടറിന്റെയും അസി. ഡയറക്ടറിന്റെയും ഫീസ്റ്റ് സംയുക്തമായി ആഘോഷിച്ചു. രൂപതാ ഭാരവാഹികൾ ആശംസകളർപ്പിക്കുകയും സ്നേഹവിരുന്ന് പങ്കു വെക്കുകയും ചെയ്തു. ഒക്ടോബർ 1, 2 തീയതികളിൽ വി. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിക്കുവാൻ തീർത്ഥ യാത്ര പോകുവാൻ തീരുമാനിച്ചു.

**മാനന്തവാടി മേഖല**

മാനന്തവാടി മേഖലയിലെ മുതിരേരി ഇടവകയിൽ മാതൃ സംഘടനയുടെ പുതിയ യൂണിറ്റ് ആരംഭിക്കാൻ ബഹു. സജി കോട്ടായിലച്ചന്റെ നേതൃത്വത്തിൽ യോഗം ചേരുകയുണ്ടായി. 170 ഓളം അമ്മമാർ പങ്കെടുത്തു.

**ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടവർ**

| | | |
|---|---|---|
| പ്രസിഡണ്ട് | - | മേഴ്സി അരഞ്ഞാണിയിൽ |
| വൈസ് പ്രസിഡണ്ട് | - | മോളി ചെറുവള്ളിക്കുടിയിൽ |
| സെക്രട്ടറി | - | ഫിലോമിന ആത്രശ്ശേരി |
| ജോയിന്റ് സെക്രട്ടറി | - | എത്സി കുന്നത്തുമറ്റം |
| ട്രഷറർ | - | ഫിലോമിന മണിമലപറമ്പിൽ |
| ആനിമേറ്റർ | - | സി. സുജാത SIC |

**കല്ലോടി മേഖല**

കല്ലോടി മേഖലയിലെ ദീപ്തിഗിരി ഇടവകയിൽ ബഹു. ജസ്റ്റിനച്ചന്റെ നേതൃത്വത്തിൽ യോഗം ചേരുകയുണ്ടായി. അച്ചൻ എല്ലാവർക്കും സ്വാഗതമാശംസിച്ചു. ഈ യോഗത്തിൽ 110 ഓളം അമ്മമാർ പങ്കെടുത്തു.

ബഹു. തോമസ് ഏറനാട്ട് സാർ ക്ലാസ് നടത്തി. "അമ്മ മാരും വചനാധിഷ്ഠിത ജീവിതവും" എന്ന വിഷയത്തെ കുറിച്ച് ക്ലാസ് എടുത്തു. എല്ലാവർക്കും നന്ദിപറഞ്ഞുകൊണ്ട് അവസാ നിപ്പിച്ചു.

**നിലമ്പൂർമേഖല**

നിലമ്പൂർ മേഖലയിലെ മുട്ടിയേൽ ഇടവകയിലെ അമ്മമാർ 9-8-08 ശനിയാഴ്ച 2 മണിയോടെ ബഹു. സജി അച്ചന്റെ നേതൃ ത്വത്തിൽ ഒന്നിച്ചുകൂടി. ബഹു. സജിയച്ചൻ അമ്മമാർക്കുവേണ്ടി ക്ലാസ്സെടുത്തു. ഈ യോഗത്തിൽ 30 ഓളം അമ്മമാർ പങ്കെടുത്തു. 4 മണിക്ക് വി. കുർബാനയോടുകൂടി മീറ്റിംഗ് അവസാനിച്ചു. എല്ലാ രണ്ടാം ശനിയാഴ്ചയും അമ്മമാർ ഒരുമിച്ച് കൂടാമെന്നുള്ള തീരു മാനമുണ്ടായി.

വീണ്ടും 20-8-08-ന് 10 മണിയോടുകൂടി ഒരു സെമിനാർ സംഘടിപ്പിച്ചു. 35 ഓളം അമ്മമാർ പങ്കെടുത്തു. കല്പറ്റ ഫാത്തിമ ഹോസ്പിറ്റലിലെ ഗൈനക്കോളജിസ്റ്റ് സി. സ്റ്റെഫിന ക്ലാസ്സുകൾക്ക്

നേതൃത്വം നൽകി. ഓരോ മാതാപിതാക്കളും തങ്ങളുടെ കഴിവനുസരിച്ച് മക്കൾക്ക് ജന്മം നൽകാൻ ബാധ്യസ്തരാണെന്നും അത് അവരുടെ കടമയാണെന്നും സിസ്റ്റർ എടുത്തു പറയുകയുണ്ടായി. വി. കുർബ്ബാനയോടും അതിനുശേഷം ചായ സൽക്കാരത്തോടും കൂടി സെമിനാർ അവസാനിപ്പിച്ചു. ജോളി ടീച്ചർ എല്ലാവർക്കും നന്ദി അർപ്പിച്ചു.

ശാഖാ ഭാരവാഹികളായി താഴെ പറയുന്നവർ തെരഞ്ഞെടുക്കപ്പെട്ടു

| | | |
|---|---|---|
| പ്രസിഡണ്ട് | - | ജെസി പയറ്റാട്ട് |
| വൈസ് പ്രസിഡണ്ട് | - | മേരി കുഴികണ്ടത്തിൽ |
| സെക്രട്ടറി | - | അന്നമ്മ എളുക്കുന്നേൽ |
| ജോ. സെക്രട്ടറി | - | ലാലി പയ്യമ്പള്ളിൽ |
| ട്രഷറർ | - | റോസിലിൻ വെട്ടത്ത് |
| കമ്മറ്റി അംഗം | - | ത്രേസ്യാമ്മ കല്ലുകുളം |
| ആനിമേറ്റർ | - | സി. അനിറ്റ FCC |

**നടവയൽ മേഖല**

നടവയൽ മേഖലയുടെ ജനറൽ ബോഡി യോഗം 27-9-08-ന് ശനിയാഴ്ച 10 മണിക്ക് കൂടുവാൻ തീരുമാനിച്ചു.

നെയ്ക്കുപ്പ ശാഖയുടെ വാർഷികം 31-8-08-ന് ആഘോഷിച്ചു. ഇടവക വികാരി റവ. ഫാ. ചാക്കോച്ചൻ മുണ്ടത്താനത്ത് യോഗം ഉദ്ഘാടനം ചെയ്തു. റവ. ഫാ. രാജു ചെമ്പരത്തി ആശംസ പ്രസംഗം നടത്തി. വാർഡ് മെമ്പർ അന്നക്കുട്ടി ജോസ് പ്രസംഗിച്ചു. ഇടവകയിൽ ഏറ്റവും കൂടുതൽ മക്കളുള്ള മാതാപിതാക്കളെ ആദരിച്ചു. സ്നേഹവിരുന്നു നടത്തി.

**പയ്യമ്പള്ളി മേഖല**

16-09-08 ചൊവ്വാഴ്ച ആറാട്ടുതറ ഇടവകയിൽ വച്ച് മേഖലാ സെമിനാറും വചന വർഷ ക്ലാസ്സും നടത്തപ്പെട്ടു. 120 അംഗങ്ങൾ പങ്കെടുത്ത സെമിനാറിൽ മേഖലാ ഡയറക്ടർ റവ. ഫാ. തോമസ് ഒറ്റപ്ലാക്കിൽ ദിവ്യബലിയർപ്പിക്കുകയും ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും ചെയ്തു. തുടർന്ന് ശ്രീ. തോമസ് ഏറണാട്ട് "അമ്മയുടെ മാഹാത്മ്യവും ഉത്തരവാദിത്വങ്ങളും" എന്ന വിഷയം ആസ്പദമാക്കി 2 മണിക്കൂർ ക്ലാസ്സ് നയിച്ചു. തുടർന്ന് ദൈവവചന

പഠനഭാഗമായ എഫേസോസുകാർക്കുള്ള ലേഖനം ബൈബിൾ ക്വിസ് നടത്തി. ഒക്ടോബർ മാസം ഓരോ ശാഖയും അതാത് ശാഖകളിൽ സംഘടനയുടെ നേതൃത്വത്തിൽ ജപമാല റാലി നടത്തുവാനും ഡിസംബർ മാസം പടമല ഇടവകയിൽ വച്ച് ദൈവവചന വർഷ സമാപനവും ക്രിസ്തുമസ് ആഘോഷവും നടത്തുവാനും തീരുമാനിച്ചു. സെമിനാറിൽ ആനിമേറ്റർ സി. റ്റിൻസി SCV സ്വാഗതവും സെക്രട്ടറി ഫിലോ ചേലയ്ക്കൽ കൃതജ്ഞതയും അർപ്പിച്ചു.

**കൽപ്പറ്റ മേഖല**

കൽപ്പറ്റ മേഖലയുടെ ജനറൽബോഡിയോഗം വൈത്തിരി ശാഖയിൽ 6-9-08ന് 10.30 ന് ചേർന്നു. ബഹു. ബിനു പൈനുങ്കൽ അച്ചൻ എല്ലാവർക്കും സ്വാഗതം പറഞ്ഞു. മേഖലാ ഡയറക്ടർ ബഹു. ജോസഫ് വയലിൽ അച്ചൻ ആന്തരിക സൗഖ്യ പ്രഭാഷണം നടത്തി. മേഖലാ ആനിമേറ്റർ സി. മരിയ മലാനയും മറ്റ് ശാഖാ ആനിമേറ്റേഴ്സും പങ്കെടുത്തു. വൈത്തിരി ശാഖയിലെ മുഴുവൻ മാതൃസംഘാംഗങ്ങളും യോഗത്തിൽ പങ്കെടുത്തു. അടുത്ത യോഗം റിപ്പൺ ഇടവകയിൽ വച്ച് ചേരുവാൻ തീരുമാനിച്ചു. മേഖലാ സെക്രട്ടറി റോസമ്മ മന്ദങ്കരി നന്ദി പറഞ്ഞു. ഉച്ചഭക്ഷണത്തിനുശേഷം യോഗം അവസാനിച്ചു.

**ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

**ഒക്ടോബർ - 'ജപമാലമാസം'**

പതിമൂന്നാം നൂറ്റാണ്ടിൽ കത്തോലിക്കാ സഭയ്ക്ക് എതിരായി ശബ്ദമുയർത്തിയവരിൽ ഒരു കൂട്ടരായിരുന്നു ആൽബി ജെൻസിയൻ പാഷണ്ഡർ. ഫ്രാൻസിലെ തുളൂസ് നഗരമായിരുന്നു അവരുടെ കേന്ദ്രം. ഈ പാഷണ്ഡതയ്ക്ക് എതിരായി പോരാടിയ പുണ്യപുരുഷനാണ് വി. ഡൊമിനിക് ഗുസ്മാൻ. അദ്ദേഹത്തിന് 1206 ൽ ഫ്രാൻസിലെ പ്രോവില്ലെ എന്ന സ്ഥലത്ത് പരി. അമ്മ പ്രത്യക്ഷപ്പെട്ട് ജപമാല പ്രാർത്ഥന പഠിപ്പിക്കുകയും, പാഷണ്ഡരുടെ മാനസാന്തരത്തിനായി ജപമാല അർപ്പിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തു.

ഒറീസ്സയിൽ തുടങ്ങി, ഭാരതത്തിൽ ആകമാനം സഭ ഇന്ന് പീഡിപ്പിക്കപ്പെടുകയാണ്. "ഞാൻ നിങ്ങളോടു പറയുന്നു; ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ അങ്ങനെ, നിങ്ങൾ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും" (മത്താ. 5/44-45)

ജപമാല രാജ്ഞിക്കു പ്രതിഷ്ഠിതമായ ഈ ഒക്ടോബർ മാസത്തിൽ അമ്മയോടൊപ്പം ദൈവീക രഹസ്യങ്ങൾ ധ്യാനിച്ചും, നമ്മെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിച്ചും കൊണ്ട് നമുക്കും സ്വർഗ്ഗപിതാവിന്റെ മക്കളായിത്തീരാം.

**സിയോൻ വാർത്തകൾ**

2008 സെപ്റ്റംബർ 5 ആദ്യവെള്ളി സോണൽ മീറ്റിംഗിനായി സീയോൻ ശുശ്രൂഷകർ സീയോൻ ചാപ്പലിൽ ദിവ്യകാരുണ്യനാഥന്റെ തിരുമുമ്പിൽ ഒന്നിച്ചുചേർന്നു. 9.30 ന് ആരംഭിച്ച ആരാധന 12-ന് അവസാനിക്കുന്നതുവരെയുള്ള സമയം മുഴുവനും ഒറീസ

യിൽ വിശ്വാസത്തെപ്രതി പീഡനമേൽക്കുന്ന, ഇപ്പോഴും വനങ്ങളിലും ദുരിതാശ്വാസക്യാമ്പുകളിലും ദുരിതമനുഭവിക്കുന്ന ക്രൈസ്തവ സഹോദരങ്ങളുടെ വേദന ഹൃദയത്തിൽ ഏറ്റുവാങ്ങി അവർക്കു വേണ്ടി മാത്രമായിരുന്നു. ജപമാലയും ആരാധനയും ശ്രീ. ജോണി കുന്നുംപുറം നയിച്ചു. 12 മണിക്കു ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. പഴയനിയമത്തിൽ മക്കബായക്കാരുടെ പുസ്തകത്തിലും പുതിയ നിയമത്തിൽ അപ്പസ്തോല പ്രവർത്തനത്തിൽ വി. എസ്തപ്പാനോസിന്റെ രക്തസാക്ഷിത്വവും ഉദ്ധരിച്ച് വിശ്വാസത്തിനുവേണ്ടി ജീവൻ ത്യജിക്കുകയും പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന സഭാപാരമ്പര്യമാണ് നമുക്കുള്ളത് എന്ന് വ്യക്തമാക്കി. വി. ബലിക്കുശേഷം ശുശ്രൂഷകർക്കുള്ള നിർദ്ദേശങ്ങളും അറിയിപ്പുകളും നൽകി.

**ജാഗരണപ്രാർത്ഥന**

പതിവനുസരിച്ച് 6 p.m മുതൽ -12 മണിവരെ സിയോൻ ചാപ്പലിൽ ജാഗരണ പ്രാർത്ഥന നടത്തി. ബഹു. പാറയിൽ അച്ചൻ വി. ബലി അർപ്പിച്ചു. ആരാധന നയിച്ചത് ശ്രീ. ജോണി കുന്നുംപുറവും ശ്രീ. സിബി വട്ടമറ്റവും ആണ്.

**സെപ്തംബർ 6 - ആദ്യശനി ഏകദിന കൺവെൻഷൻ**

പ്രഭാതത്തിലുണർന്ന് ആരാധന മന്ത്രങ്ങളുമായി ശുശ്രൂഷകർ പരി. അമ്മയുടെ സവിധത്തിൽ എത്തി. പരി. അമ്മയെ പോലെ ദൈവവചനം ഹൃദയത്തിലും മനസിലും നിറച്ച്, ഇന്ന് കടന്നുവരുന്ന മക്കളുടെ വേദനകളും നിയോഗങ്ങളും ഹൃദയത്തിൽ ഏറ്റുവാങ്ങി അവരെയും ശുശ്രൂഷകരായ ഞങ്ങളെയും പരി. അമ്മയ്ക്കു സമർപ്പിച്ച് സിയോന് ചുറ്റും നടന്ന് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ബഹു. പാറയിൽ അച്ചൻ വചനസന്ദേശം നൽകി ശുശ്രൂഷകരെയും സിയോനെയും വി. ജലം തളിച്ചു വിശുദ്ധീകരിച്ചു. ദൈവസ്പർശം കാംക്ഷിച്ച് സിയോൻ എന്ന ഈ ബഥ്സയ്ദാ കുളക്കരയിലേക്ക് ദാഹാർത്തരായി കടന്നുവന്ന മക്കൾക്ക് ജപമാല, സ്തുതി ആരാധന, വചനവിരുന്ന്, വി. ബലി, ദിവ്യകാരുണ്യ വിരുന്ന്, സൗഖ്യാരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം, അനുഭവസാക്ഷ്യങ്ങൾ, കുമ്പസാരം, കൗൺസിലിംഗ് എന്നീ വിവിധ ആത്മീയ

ശുശ്രൂഷകളിലൂടെ ശാരീരിക മാനസിക, ആത്മീയ സൗഖ്യത്തിനും, ശക്തീകരണത്തിനും അവസരം ലഭിക്കുന്നു. വചനവിരുന്ന് ഒരുക്കി വിളമ്പിയത് ശ്രീ. ജോർജ് കുന്നുംപുറവും വി. ബലി അർപ്പിച്ച് സന്ദേശം നൽകിയത് ബഹു. ജോർജ് ഏഴാനിക്കാട്ട് സി.എം.ഐ. അച്ചനും ആണ്. സൗഖ്യാരാധനയും ദിവ്യകാരുണ്യ പ്രദക്ഷിണവും ബഹു. പാറയിൽ അച്ചനും ശ്രീ. ചാക്കോച്ചൻ പുത്തൻപുരയും നയിച്ചു. കുഞ്ഞുങ്ങൾക്കുവേണ്ടിയുള്ള ക്രിസ്റ്റീൻ പ്രോഗ്രാം സിയോൻ ചാപ്പലിൽ നടത്തി.

**രണ്ടാംശനി**

യുവജന കൂട്ടായ്മയും ദമ്പതീകൂട്ടായ്മയും മനോഹരമായി നയിച്ച നല്ല ദൈവത്തിന് നന്ദി. സെപ്തംബർ 7-12 വരെ നടത്തിയ ആന്തരിക സൗഖ്യധ്യാനത്തിൽ 52 പേർ പങ്കെടുത്തു. ധ്യാനം നയിച്ചത് സീയോൻ ടീം ആണ്.

**മൂന്നാംവെള്ളി സൗഖ്യദിനം**

ആരോഗ്യമുള്ളവർക്കല്ല രോഗികൾക്കാണ് വൈദ്യനെക്കൊണ്ടാവശ്യം എന്നരുളിയ സൗഖ്യദായകനായ യേശുവിന്റെ പക്കലേയ്ക്ക് തങ്ങളുടെ രോഗത്തിന്റെയും മറ്റെല്ലാ പ്രശ്നങ്ങളുടേയും നിവേദനവുമായി കടന്നുവന്ന മക്കളെ തമ്പുരാൻ തൊട്ടനുഗ്രഹിച്ച് സൗഖ്യപ്പെടുത്തി. മൂന്നാംശനി കൗൺസിലിംഗ് ശുശ്രൂഷയും നടത്തി.

**സിയോൻ ഒക്ടോബർ മാസത്തിൽ**

**ഒക്ടോബർ**

| | | |
|---|---|---|
| 3 | - | സോണൽ മീറ്റിംഗ്, ജാഗരണപ്രാർത്ഥന |
| 4 | - | ആദ്യശനി ഏകദിന കൺവെൻഷൻ |
| 4 | - | ക്രിസ്റ്റീൻ ഏകദിന കൺവെൻഷൻ |
| **8-12** | **-** | **കോളേജ് കുട്ടികൾക്കുള്ള ധ്യാനം** |
| | | ദമ്പതീകൂട്ടായ്മ |
| 17 | - | സൗഖ്യദിനം, രോഗികൾക്ക് കൗൺസിലിംഗ് |
| 19-24 | - | മരിയൻധ്യാനം |

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
സിയോൻ സി.ആർ.സി. ഡയറക്ടർ

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരീ സഹോദരന്മാരെ,

ജപമാല ഭക്തിയുടെ മാസമായ ഒക്ടോബർ പ്രാർത്ഥനാ നിർഭരമായി ആചരിക്കുവാൻ നമുക്കുശ്രമിക്കാം. ഒറീസ്സായിലും കർണാടകയിലും ആന്ധ്രയിലും മധ്യപ്രദേശിലുമൊക്കെ ക്രൈസ്തവ വിശ്വാസത്തിന്റെ പേരിൽ പീഡിപ്പിക്കപ്പെടുന്ന എല്ലാവർക്കും വേണ്ടി നമുക്കു പ്രാർത്ഥിക്കാം. ഒപ്പം ദൈവീകത നഷ്ടപ്പെടുത്തി, വർഗ്ഗീയവികാരം ആളിക്കത്തിച്ച്, അക്രമങ്ങളിൽ വ്യാപൃതരായിരിക്കുന്നവരെ ദൈവകരങ്ങളിൽ സമർപ്പിച്ച് അവരുടെ മാനസാന്തരത്തിനായും പ്രാർത്ഥിക്കാം.

**സി.സി.വിസിറ്റ് & ഓഡിറ്റ്**

സെപ്തംബർ മാസത്തിൽ മാനന്തവാടി, കല്ലോടി, പയ്യമ്പിള്ളി എന്നീ എ.സി.കളുടേയും കോൺഫ്രൻസുകളുടേയും റിക്കാർഡുകൾ പരിശോധിക്കുകയും കണക്കുകൾ ഓഡിറ്റുചെയ്യുകയും ചെയ്തു. ഒക്ടോബർ മാസത്തിൽ താഴെപ്പറയുന്ന എ.സി. കേന്ദ്രങ്ങളിൽവച്ച് ഓഡിറ്റു നടത്തുന്നതായിരിക്കും. കൃത്യസ്ഥലം എ.സി. പ്രസിഡണ്ടുമാർ കോൺഫ്രൻസുകളെ അറിയിക്കുന്നതായിരിക്കും.

| | |
|---|---|
| 13-14 തീയതികൾ | : കൊട്ടിയൂർ എ.സി. |
| 17-ാം തീയതി | : നടവയൽ എ.സി. |
| 27-ാം തീയതി | : കുറുമ്പാല എ.സി. |
| 29-ാം തീയതി | : ചുണ്ടക്കര എ.സി. |

**പരിശോധനയ്ക്കു കൊണ്ടുവരേണ്ട റിക്കാർഡുകൾ**

1. ഹാജർബുക്ക്, 2. മിനുട്ട്സ് (യോഗറിപ്പോർട്ട്), 3. കണക്കുബുക്കുകളും ബാങ്ക് പാസ്സുബുക്കും, 4. രശീതുബുക്ക്, 5. വൗച്ചർ, എ.സി.കൾ മുഴുവൻ റിക്കാർഡുകളും കൊണ്ടുവരേണ്ടതാണ്.

**ത്രൈമാസറിപ്പോർട്ടുകൾ**

കോൺഫ്രൻസുകൾ എ.സി.യ്ക്കു നൽകേണ്ട ത്രൈമാസ റിപ്പോർട്ടുകൾ, ഓരോ ത്രൈമാസാന്ത്യത്തിനുശേഷം ചേരുന്ന ആദ്യത്തെ എ.സി. മീറ്റിംഗിൽ വച്ച് നിർബന്ധമായും എ.സി. പ്രസിഡണ്ടിനെ ഏൽപ്പിക്കേണ്ടതാണ്. എ.സി.യുടെ ത്രൈമാസ റിപ്പോർട്ടു തയ്യാറാക്കേണ്ട ഫോറം ഇതിനോടകം എ.സി. പ്രസിഡണ്ടുമാർക്കു നൽകിയിട്ടുണ്ട്. അവരും ഓരോ ക്വാർട്ടറിന്റെ അവസാനത്തിനുശേഷം ആദ്യം ചേരുന്ന സി.സി. യോഗത്തിൽ റിപ്പോർട്ടു തയ്യാറാക്കി നൽകേണ്ടതാണ്.

**വിദ്യാജ്യോതി സ്കോളർഷിപ്പ്**

1000 രൂപ വീതം 17 കുട്ടികൾക്കാണ് 2008-09 വർഷത്തെ വിദ്യാജ്യോതി സ്കോളർഷിപ്പ് ലഭിക്കുക. കുട്ടികളുടെ പേരും അവരെ ദത്തെടുത്തിരിക്കുന്ന കോൺഫ്രൻസിന്റെ പേരും താഴെ ചേർക്കുന്നു.

1. ജെസ്ന ജോയി - സെന്റ് മേരി നടവയൽ, 2. അശ്വതി തോമസ് - സെ.ജോർജ് പൂളപ്പാടം, 3. നീതു തോമസ് - മേരിമാതാ കബനിഗിരി, 4. ലിനി വർഗീസ് - വിമല ചെന്നലോട്, 5. സനൽ കെ.പി. - സെ. ജോർജ് കൊളവയൽ, 6. എലിസബത്ത് - സെ. മേരി കൽപ്ര, 7. അമൽജോസ് - സെ. തോമസ് തോമാട്ടുചാൽ, 8. അജയ് എ.എൻ - സെ. മേരി, ചുണ്ടക്കര, 9. സൗമ്യ ബേബി - സെ. മേരി, ആറാട്ടുപാറ, 10. ഷിബിൻ മണ്ണാറത്ത് - ഫാത്തിമ മാത ചുങ്കക്കുന്ന്, 11. ദിവ്യ - ബ്ലസ്സഡ് മദർ തെരേസ കൊട്ടിയൂർ, 12. ബിബിൻ ബാബു - സെ. മേരി നെടുമ്പാല, 13. ജോസ്നി എസ് - ക്രൈസ്റ്റ് ദ കിംഗ് മണിമൂളി, 14. റിജോ ജോയി - ലിറ്റിൽ ഫ്ളവർ മുതിരേരി, 15. ജിജോ ജോയി - ലിറ്റിൽഫ്ളവർ മുതിരേരി, 16. തോമസ് പി. - സെ. മേരി, തരിയോട്, 17. പ്രീമാ മാത്യു - സെ. ജോസഫ്, സീതാമൗണ്ട്.

**ഓസ്സാനാം ഭവൻസന്ദർശനം**

നവംബർ മാസത്തിൽ സന്ദർശനം നടത്തേണ്ട കോൺഫ്രൻസുകൾ. നവംബർ 1-20 - തരിയോട് എ.സി.
നവംബർ 21-30 - തോണിച്ചാൽ എ.സി.

സസ്നേഹം, **ബ്ര. കെ. ജി. ജസ്റ്റിൻ**
സി.സി. പ്രസിഡണ്ട്

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**വിദ്യാർത്ഥികൾക്ക് മത്സരങ്ങൾ**

KCBC മദ്യവിരുദ്ധ കമ്മീഷന്റെ ദശവാർഷികത്തോടനുബന്ധിച്ച് സംസ്ഥാനതലത്തിൽ നടത്തുന്ന രചനാ മത്സരത്തോടനുബന്ധിച്ച് രൂപതാ മത്സരങ്ങൾ നടത്തുന്നു. രൂപതാ മത്സര വിജയികളെ രൂപതയുടെ ചിലവിൽ സംസ്ഥാന മത്സരത്തിൽ പങ്കെടുപ്പിക്കുന്നതാണ്.

1. ചിത്രരചനാ മത്സരം - ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക്
വിഷയം - ലഹരികെണികൾ

സ്കൂൾ തലത്തിൽ മത്സരം നടത്തി ഏറ്റവും മികച്ച ചിത്രം രൂപതാഓഫീസിലേക്ക് അയച്ച് തരിക

2. ലേഖന മത്സരം - +1,+2 വിദ്യാർത്ഥികൾക്ക്

വിഷയം - വിദ്യാർത്ഥികളും ലഹരി വസ്തുക്കളും

സ്കൂൾ തലത്തിൽ മത്സരം നടത്തി ഏറ്റവും നല്ല ഉപന്യാസം രൂപതാ ഓഫീസിലേക്ക് അയച്ച് തരിക.

3. പ്രസംഗമത്സരം - ഡിഗ്രി വിദ്യാർത്ഥികൾക്ക്

വിഷയം - ലഹരി വസ്തുക്കൾ ഒരു സാമൂഹ്യ തിന്മ

കോളേജ് തലത്തിൽ മത്സരം നടത്തി 2 വിദ്യാർത്ഥികളുടെ പേര് രൂപതാ ഓഫീസ്സിലേക്ക് അയച്ച് തരിക. രൂപതാ തലത്തിൽ ഒക്ടോബർ മാസത്തിൽ മത്സരം നടത്തുന്നതാണ്.

സമ്മാനങ്ങൾ (എല്ലാ വിഭാഗത്തിനും)

I$^{st}$ 501 രൂപ II$^{nd}$ 301 രൂപ III$^{rd}$ 201 രൂപ

**മോചന 2008 തുടരുന്നു**

ദ്വാരക - ദ്വാരക SWS-ന്റെ നേതൃത്വത്തിൽ ദ്വാരക A. U. P. സ്കൂളിൽ വെച്ച് മോചന 2008 സംഘടിപ്പിച്ചു. ഇടവക വികാരി

ഉദ്ഘാടനം ചെയ്തു. കോ-ഓർഡിനേറ്റർ ശ്രീ. ഒ.പി. അബ്രാഹം മുഖ്യപ്രഭാഷണം നടത്തി. രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ പരിപാടികൾക്ക് നേതൃത്വം നൽകി.

**തോമാട്ടുചാൽ**

തോമാട്ടുചാൽ സെന്റ് തോമസ് സൺഡേ സ്കൂളിലെ വിദ്യാർത്ഥികൾക്കായ് സെപ്റ്റംബർ 7-ന് ഞായർ മോചന 2008 സംഘടിപ്പിച്ചു. ഹെഡ്മാസ്റ്റർ ജോസഫ് കുഴിയാറ വികാരി റവ. ഫാ. ജോസ് കളപ്പുര എന്നിവർ നേതൃത്വം നൽകി. വിദ്യാർത്ഥികളുടെ വിവിധ പരിപാടികളും ഉണ്ടായിരുന്നു. രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ നേതൃത്വം നൽകി.

**ഒക്ടോബർ 2 ഗാന്ധി ജയന്തി ദിനം**

രാഷ്ട്രപിതാവ് മഹാത്മജിയുടെ ജന്മദിനമായ ഒക്ടോബർ 2-ാം തീയതി മാനന്തവാടി ഗാന്ധി പാർക്കിൽ മോചന 2008 ഉം പൊതുസമ്മേളനവും സംഘടിപ്പിക്കും.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

**കറവപശു - പരിശീലനം - ധനസഹായം**

WSSS ന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന വയനാട് ജില്ലയിലെ സ്വാശ്രയ സംഘാംഗങ്ങളുടെ വരുമാന വർദ്ധനവ്, ജൈവകൃഷി പ്രോത്സാഹനം എന്നിവ ലക്ഷ്യം വച്ചുകൊണ്ട് 500 ക്ഷീരകർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കി വരുകയാണ്. സോഷ്യൽ വെൽഫയർ സൊസൈറ്റികളുടെ നേതൃത്വത്തിൽ അപേക്ഷ സ്വീകരിക്കുകയും WSSS സ്റ്റാഫ് അപേക്ഷകരെ സന്ദർശിക്കുകയും അർഹതയുള്ള കുടുംബങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തു. SWS ഭാരവാഹികളുടെ ഉത്തരവാദിത്വത്തിൽ പദ്ധതി നടത്തുന്നതാണ്.

തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് മേഖലാടിസ്ഥാനത്തിൽ പരിശീലനം നൽകി. ആദ്യഘട്ടത്തിൽ 197 പേർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

ആഗസ്റ്റ് 26-ാം തീയതി പുൽപ്പള്ളി മേഖലയിലെ അംഗങ്ങൾക്ക് പട്ടാണികൂപ്പ് ഇൻഫന്റ് ജീസസ് പാരീഷ് ഹാളിൽ വച്ച് പരിശീലനം നൽകി. ഡോ. റ്റി.ഡി. ലൂക്കോസ് മൃഗചികിത്സയിൽ ഉപയോഗിക്കാവുന്ന ഹോമിയോ മരുന്നുകളെക്കുറിച്ചും വെറ്റനറി ഡോക്ടർ ഷിറോസ് അലോപ്പതി രീതിയിലുള്ള മൃഗ പരിശീലനത്തെക്കുറിച്ചും സി. ഇന്നസെന്റ് പാരമ്പര്യരീതിയിലുള്ള മൃഗ ചികിത്സയെക്കുറിച്ചും ക്ലാസ്സ് നൽകി.

ആഗസ്റ്റ് 27-ാം തീയതി കല്പറ്റ മേഖലയിലെ പദ്ധതി അംഗങ്ങൾക്ക് കൽപ്പറ്റ സെന്റ് വിൻസെന്റ് പാരീഷ് ഹാളിൽ വച്ച് പരിശീലനം നൽകി. റവ.ഫാ. ജോസ് കൊച്ചറയ്ക്കൽ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. ജില്ലാ വെറ്റനറി ഹോസ്പിറ്റലിലെ

സീനിയർ ഡോക്ടർ താര തോമസ് പശുപരിശീലനത്തെകുറിച്ച് ക്ലാസ് നൽകി. സി. ഇന്നസെന്റ് പാരമ്പര്യരീതിയിലുള്ള മൃഗ ചികിത്സയെക്കുറിച്ച് ക്ലാസ് നൽകി.

ആഗസ്റ്റ് 28, 29 തീയതികളിൽ മാനന്തവാടി കല്ലോടി മേഖലക ളിലെ പദ്ധതി അംഗങ്ങൾക്കുവേണ്ടി WSSS ഓഡിറ്റേറിയത്തിൽ വച്ച് പരിശീലനം നൽകി. പരിശീലന പരിപാടി WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ ഉദ്ഘാടനം ചെയ്തു. ശ്രീ. ബിജു കെ. ജെ, സി. ഇന്നസെന്റ് എന്നിവർ പാരമ്പര്യ മൃഗചികിത്സാ രീതിയെക്കുറിച്ചും മാനന്തവാടി വെറ്റനറി ഹോസ്പിറ്റലിലെ ഡോ. സുരേന്ദ്രൻ പശുപാലനത്തെക്കുറിച്ചും ക്ലാസ്സുകൾ നൽകി.

സെപ്റ്റംബർ 19-ാം തീയതി WSSS ഓഫീസ് ഓഡിറ്റോറിയ ത്തിൽ ചേർന്ന പൊതുസമ്മേളനത്തിൽ വച്ച് പശുപരിപാലന പദ്ധ തിയുടെ ധനസഹായം വിതരണം ചെയ്തു.

പദ്ധതിയുടെ ഉദ്ഘാടനം വടക്കേ വയനാട് നിയോജക മണ്ഡലം MLA ശ്രീ. കെ. സി. കുഞ്ഞിരാമനും ധനസഹായ വിതരണോദ്ഘാടനം മാനന്തവാടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. വർക്കി മാസ്റ്ററും നിർവ്വഹിച്ചു. അമ്പലവയൽ കാർഷിക ഗവേ ഷണ കേന്ദ്രത്തിലെ ഡയറക്ടർ ശ്രീമതി രാധമ്മപിള്ള മുഖ്യ പ്രഭാഷണം നടത്തി. റവ. ഫാ. ജോൺ ചൂരപുഴ അദ്ധ്യക്ഷത വഹിച്ചു. ശ്രീ. ഒ. പി. അബ്രാഹം സ്വാഗതവും കെ. ഒ. ജോയി നന്ദിയും രേഖപ്പെടുത്തി.

**പാർട്ടിസിപ്പേറ്ററി പ്രോജക്ട് മാനേജ്മെന്റ് ട്രെയിനിംഗ്**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ 4 നീർത്തട വികസന പദ്ധതി ഏറ്റെടുത്തു. പദ്ധതിരേഖ സമർപ്പി ക്കുകയും നബാർഡ് സാങ്കേതിക അംഗീകാരം നൽകുകയും ചെയ്തു. നീർത്തട പദ്ധതി നടപ്പാക്കുന്നതിന് WSSS ടീം അംഗ ങ്ങളെ സജ്ജമാക്കുന്നതിന്റെ ഭാഗമായി നബാർഡിന്റെ ആഭിമുഖ്യ ത്തിൽ ആഗസ്റ്റ് 19 മുതൽ 21 വരെയുള്ള തീയതികളിൽ തിപ്ത്തൂ രിലുള്ള ബെയ്ഫ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റൂറൽ ഡവലപ്മെന്റ് സെന്റ റിൽ വച്ച് പങ്കാളിത്താധിഷ്ഠിത രീതിയിൽ നീർത്തട പദ്ധതി നട പ്പാക്കുന്നതിനെക്കുറിച്ച് പരിശീലനം നൽകി. WSSS-ൽ നിന്ന് 12 പേർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

**ഓണോത്സവ് 2008**

WSSS ന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന സോഷ്യൽ വെൽഫയർ സൊസൈറ്റിയിലെ അംഗങ്ങൾക്കുവേണ്ടി ഓണാഘോഷപരിപാടികൾ മേഖലാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു. മത്സരങ്ങൾ, പൊതുസമ്മേളനങ്ങൾ ഇവ മുഖ്യ ഇനങ്ങളായിരുന്നു.

മാനന്തവാടി മേഖല ഓണാഘോഷം സെപ്റ്റംബർ 4-ാം തീയതി ചെറുകാട്ടൂർ സെന്റ് സെബാസ്റ്റ്യൻ പാരീഷ്ഹാളിൽ വച്ച് നടത്തി. പൊതുസമ്മേളനത്തിൽ റവ. ഫാ. ജോർജ് ആലുക്ക അദ്ധ്യക്ഷത വഹിച്ചു. WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ ഉദ്ഘാടനം ചെയ്തു. പനമരം ഗ്രാമ പഞ്ചായത്ത് മെമ്പർമാരായ ശ്രീ. സണ്ണി ചെറുകാട്, ശ്രീ. ഷാജി കുഴികണ്ടം എന്നിവർ ആശംസകളർപ്പിച്ചു. സമ്മാനസമർപ്പണം ശ്രീ. ആന്റണി വെള്ളാക്കുഴി നിർവ്വഹിച്ചു. ശ്രീ. ഷാജി ജോസ് (WSSS) സ്വാഗതവും ശ്രീമതി മേരി മഠത്തിക്കുന്നേൽ നന്ദിയും രേഖപ്പെടുത്തി. മാനന്തവാടി മേഖലയുടെ എവർറോളിംഗ് ട്രോഫി കുറ്റിമൂല SWS കരസ്ഥമാക്കി.

പുൽപ്പള്ളി മേഖല ഓണാഘോഷം സെപ്റ്റംബർ 6-ാം തീയതി ആടിക്കൊല്ലി സെന്റ് സെബാസ്റ്റ്യൻസ് L.P സ്കൂളിൽ വച്ച് നടത്തി. പൊതുസമ്മേളനത്തിൽ റവ. ഫാ. ടോമി കൊച്ചുപാറയ്ക്കൽ അദ്ധ്യക്ഷത വഹിക്കുകയും റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. WSSS പ്രോഗ്രാം ഓഫീസർ ഒ. പി. അബ്രാഹം മുഖ്യ സന്ദേശം നൽകി. പുൽപ്പള്ളി മേഖലയുടെ എവർറോളിംഗ് ട്രോഫി ഇരുളം SWS കരസ്ഥമാക്കി.

സെപ്റ്റംബർ 9-ാം തീയതി കല്പ്പറ്റ മേഖലയുടെ ഓണാഘോഷ പരിപാടി ചെന്നലോട് സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് അങ്കണത്തിൽ വച്ച് നടത്തി. പൊതുസമ്മേളനത്തിൽ WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു. തരിയോട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി മറിയം പത്മനാഭൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. തരിയോട് ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡണ്ട് ശ്രീ. എം. എ. ജോസഫ്, ശ്രീ. ഒ.പി. അബ്രാഹം, ശ്രീ. കെ. ഒ. ജോയി, ശ്രീ. ബിനു കുന്നത്ത് എന്നിവർ ആശംസകളർപ്പിച്ചു. റവ. ഫാ. ജയിംസ് കുന്നത്തേട്ട് സ്വാഗതവും ശ്രീ.ജോഷി. റ്റി. ജെ നന്ദിയും രേഖപ്പെടുത്തി. എവറോളിംഗ് ട്രോഫി കല്പ്പറ്റ SWS കരസ്ഥമാക്കി.

സെപ്റ്റംബർ 10-ാം തീയതി കല്ലോടി മേഖലയുടെ ഓണാഘോഷ പിപാടി കല്ലോടി സെന്റ് ജോസഫ് U.P സ്കൂളിൽ വച്ച് നടത്തി. പൊതുസമ്മേളനത്തിൽ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിക്കുകയും എടവക ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ജസ്റ്റിൻ ബേബി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ശ്രീ. ഒ.പി. അബ്രാഹം, കെ. ഒ. ജോയി എന്നിവർ ആശംസകളർപ്പിച്ചു. എവറോളിംഗ് ട്രോഫി കല്ലോടി SWS കരസ്ഥമാക്കി.

**കേന്ദ്ര തൊഴിലാളി വിദ്യാഭ്യാസ ബോർഡ് സെമിനാർ**

ആഗസ്റ്റ് 25, 26 തീയതികളിൽ പയ്യംമ്പള്ളി SWS ന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര തൊഴിലാളി വിദ്യാഭ്യാസ ബോർഡിന്റെ ദ്വിദിന സെമിനാർ സംഘടിപ്പിച്ചു. ബോർഡ് പ്രോഗ്രാം കോർഡിനേറ്റർ സോജൻ ജേക്കബ് സെമിനാറിന് നേതൃത്വം നൽകി.

**ദത്തു കുടുംബാംഗങ്ങൾക്ക് – സംരംഭക പരിശീലനം**

പുൽപ്പള്ളി മേഖലയിലുള്ള സേയ്‌വ് എ ഫാമിലി പ്ലാൻ പദ്ധതിയിൽപ്പെട്ട ദത്തു കുടുംബാംഗങ്ങൾക്ക് സംരംഭകത്വ പരിശീലനം സെപ്റ്റംബർ 17 -ാം തീയതി അമരക്കുനി സെന്റ് ജൂഡ് പാരീഷ് ഹാളിൽ വെച്ച് നൽകി. കെ.ഒ. ജോയി, എൻ. ജെ. ചാക്കോ, ജോർജ് ജോസഫ്, ജോൺസൺ, സി. ലില്ലി മാത്യു എന്നിവർ ക്ലാസ് നൽകി. റവ. ഫാ. ജോയി പുല്ലംകുന്നേൽ, SWS ഭാരവാഹികൾ പരിശീലനത്തിന് നേതൃത്വം നൽകി.

**ജൂഡ്സ് മൗണ്ട് SWS ഉദ്ഘാടനം ചെയ്തു**

സെപ്റ്റംബർ 14-ാം തീയതി ജൂഡ്സ് മൗണ്ട് SWS, WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ ഉദ്ഘാടനം ചെയ്തു. റവ. ഫാ. ബിനു വടക്കേൽ അദ്ധ്യക്ഷത വഹിച്ചു. കോർഡിനേറ്റർമാരായ കെ. ഒ. ജോയി, ജോഷി റ്റി. ജെ എന്നിവർ ആശംസകളർപ്പിച്ചു.

**സേവ് ഫാർമേഴ്സ് ക്യാമ്പയിൻ**
**വരുമാന വർദ്ധക പരിപാടി**

സേവ് ഫാർമേഴ്സ് ക്യാമ്പയിന്റെ ഒരുവർഷത്തെ പ്രവർത്തനത്തിന്റെ ഭാഗമായി സ്വാന്ത്വന സൗഹൃദ പരിപാടിയിലൂടെ WSSSന്റെ നേതൃത്വത്തിലുള്ള അഞ്ച് പഞ്ചായത്തുകളിൽ നിന്ന് 72 കുടുംബങ്ങൾക്ക് വരുമാന വർദ്ധക പരിപാടിക്കുവേണ്ടി 10,000 രൂപ

വീതം ധനസഹായം നൽകുവാൻ തീരുമാനിച്ചു. ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡമാക്കിയത് ആത്മഹത്യ ചെയ്ത കുടുംബങ്ങൾ, മാറാരോഗങ്ങളിൽ കഷ്ടതയനുഭവിക്കുന്ന കുടുംബങ്ങൾ, സാമ്പത്തിക ബുദ്ധിമുട്ട് മൂലം വിദ്യാഭ്യാസം തുടരാൻ സാധിക്കാത്ത കുട്ടികളുടെ കുടുംബങ്ങൾ എന്നിവയാണ്.

ഈ പദ്ധതിയുടെ ഭാഗമായി അഞ്ച് പഞ്ചായത്തുകളിലെ 72 കുടുംബങ്ങളെ സന്ദർശിക്കുകയും അവർക്ക് താൽപ്പര്യമുള്ള സംരംഭം തുടങ്ങുന്നതിനു വേണ്ടി പ്രോത്സാഹിപ്പിക്കുകയും അവരിൽ നിന്ന് ബിസിനസ് പ്ലാൻ തയ്യാറാക്കി വാങ്ങുകയും ചെയ്തു. കൂടാതെ വരുമാന വർദ്ധക പരിപാടിക്കുള്ള പരിശീലനം കൊടുക്കുകയും പദ്ധതി നടപ്പിലാക്കാൻ സാമ്പത്തിക സഹായവും നൽകി.

**കുറ്റിമൂല നീർത്തട വികസന പ്രവർത്തനങ്ങൾ**

WSSS ന്റെ ആഭിമുഖ്യത്തിൽ കുറ്റിമൂലയിൽ നടത്തിവരുന്ന ജലതരംഗ് നീർത്തട വികസനപ്രവർത്തനങ്ങൾ വിജയകരമായി 3-ാം ഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. സമഗ്രപങ്കാളിത്ത ഗവേഷണ സ്വഭാവമുള്ള ഈ പദ്ധതിയിലെ വിവിധ പ്രവർത്തനങ്ങൾ ഇപ്പോൾ തന്നെ വിവിധ ഗവേഷണ ഏജൻസികളെ പഠന കേന്ദ്രമാക്കി വരുന്നു.

**അഗ്രോ - ക്ലിനിക്ക്**

വെള്ളായനി കാർഷിക കോളേജിൽ നിന്നെത്തിയ പതിനഞ്ചംഗ കാർഷിക ഗവേഷകരുടെ നേതൃത്വത്തിൽ നടത്തിയ അഗ്രോ - ക്ലിനിക് ആയിരുന്നു ഈ വർഷത്തെ ആദ്യപരിപാടി. അഗ്രോ ക്ലിനിക്കിന്റെ തുടക്കത്തിൽ നീർത്തട പ്രദേശത്തെ കർഷകർക്കായി കാർഷിക ഗവേഷകർ കൃഷിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെ സംബന്ധിക്കുന്ന ക്ലാസുകൾ നടത്തി. തുടർന്ന് ഓരോ കർഷകന്റെയും കൃഷിയിടങ്ങളിൽ കണ്ടുവരുന്ന വിവിധ കാർഷിക രോഗങ്ങൾ ചർച്ച ചെയ്യുകയും അവയ്ക്ക് ശരിയായ പ്രതിവിധികൾ നിർദ്ദേശിക്കുകയും ചെയ്തു.

നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങളിലെ 3-ാം ഘട്ടത്തിലെ വിവിധ പ്രവർത്തനങ്ങൾക്കായുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന പ്രക്രിയ ഏതാണ്ട് പൂർത്തിയായി. ജലസ്രോതസു

കളുടെ സംരക്ഷണം, കാർഷിക സംരംഭങ്ങൾ, കമ്പോസ്റ്റ് നിർമ്മാണം തുടങ്ങിയ വിവിധയിനം പരിപാടികളാണ് ഈ വർഷത്തെ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിൽ നീർത്തട കമ്മറ്റിയുടെയും കുറ്റിമൂല SWS ന്റെയും ഇടപെടലുകളും നേതൃത്വവും ശ്ലാഘനീയം തന്നെ.

**ആദിവാസി വികസന പരിപാടി**

WSSS നടപ്പിലാക്കി വരുന്ന ആദിവാസി വികസന പരിപാടിയുടെ ഭാഗമായി കോളനികളിൽ ഓണാഘോഷം നടത്തി. കൊമ്മയാട്, പുതുശ്ശേരിക്കുന്ന്, പഴഞ്ചേരിക്കുന്ന്, കാരാംകോട്, കരിങ്ങാരി, തിണ്ടുമ്മേൽ, പുഴവയൽ എന്നീ കോളനികളിൽ മറ്റ് കോളനിക്കാരെയും ഉൾപ്പെടുത്തി ആഘോഷം നടത്തിയത്. കോളനി നിവാസികൾ മാത്രമല്ല രാഷ്ട്രീയ പ്രവർത്തകർ, പരിസരവാസികൾ തുടങ്ങിയവരും പങ്കെടുത്തു. ഓണാഘോഷത്തിൽ കോളനി നിവാസികൾക്കായി വിവിധയിനം മത്സരങ്ങൾ നടത്തുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. പഴഞ്ചേരിക്കുന്ന്, പുതുശ്ശേരിക്കുന്ന് കോളനികളിൽ ഓണസദ്യയും ബാക്കിയുള്ള കോളനികളിൽ പായസവിതരണവും നടത്തി.

**യാത്രയയപ്പു നൽകി**

WSSS അക്കൗണ്ട് വിഭാഗത്തിൽ ജോലി ചെയ്തിരുന്ന സിബി പെരുമ്പിൽ MBA പഠനാർത്ഥം മധുരൈ സെന്റ് മൈക്കിൾസ് കോളേജിൽ ചേരുന്നതിനായി ജോലിയിൽ നിന്നും വിടുതൽ നേടി. സിബിക്ക് ഭാവുകങ്ങളും വിജയാശംസകളും നേർന്ന് യാത്രയയപ്പ് നൽകി.

KSSF-SFC പ്രോജക്ടറ്റിന്റെ ഭാഗമായി WSSS -ൽ സേവനമനുഷ്ഠിച്ചിരുന്ന മിസ് ജിസ്സാ ജോൺ ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു സംഘടനയിൽ സന്നദ്ധ സേവനത്തിനായി WSSS-ൽ നിന്നും വിടുതൽ വാങ്ങി. ജിസ്സാ ജോണിന് യാത്രയയപ്പു നൽകി.

**റവ. ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

**പരിശീലനം : സ്മോൾ ക്രിസ്റ്റ്യൻ കമ്മ്യൂണിറ്റി ആനിമേറ്റേഴ്സ് പരിശീലനം ചുങ്കക്കുന്നിൽ നടത്തി**

കുടുംബ കൂട്ടായ്മകൾക്കു രൂപംനൽകാനും ബൈബിൾ വചനങ്ങൾ പങ്കുവെച്ച് ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ കുടുംബകൂട്ടായ്മകളിൽ വചനാധിഷ്ഠിത ജീവിതം സജീവമാക്കാനും പ്രാപ്തരാകത്തക്കവിധം ചുങ്കക്കുന്ന് ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട ആനിമേറ്റർമാർക്ക് പരിശീലനം നൽകി. 11-9-08 വ്യാഴാഴ്ച രാവിലെ 10 മണിക്ക് ചുങ്കക്കുന്ന് ഫൊറോന പള്ളിയിൽ വെച്ചു നടത്തിയ പരിശീലന പരിപാടിയിൽ താമരശ്ശേരി രൂപതാ കുടുംബകൂട്ടായ്മകളുടെ ഡയറക്ടർ റവ. ഫാ. ക്രിസ്റ്റി പള്ളിയോടി കുടുംബകൂട്ടായ്മകൾ എന്ത്, എന്തിന്, എങ്ങനെ എന്നീ വിഷയങ്ങളെക്കുറിച്ച് ബൈബിൾ വചനങ്ങളുടെയും സഭാപിതാക്കന്മാരുടെ പഠനങ്ങളുടെയും വെളിച്ചത്തിൽ വിശദീകരിച്ചു. കുടുംബകൂട്ടായ്മയ്ക്ക് ഒന്നിച്ചു കൂടുന്നവരെ കുടുംബനാഥൻ സ്വാഗതം ചെയ്തുകൊണ്ട് ബൈബിൾ പ്രതിഷ്ഠിച്ച് ഓരോരുത്തരായി ബൈബിളിനെ വന്ദിച്ചുകഴിഞ്ഞ് സപ്തതല രീതിയിൽ എപ്രകാരമാണ് ആനിമേറ്റർമാർ നേതൃത്വം കൊടുക്കേണ്ടതെന്ന് ബഹു. ക്രിസ്റ്റിയച്ചൻ നിർദ്ദേശം നൽകുകയും ഉച്ചകഴിഞ്ഞ് പങ്കെടുത്തവരെ ഏഴു ഗ്രൂപ്പുകളായി തിരിച്ച് പ്രാർത്ഥന നടത്തുകയും ചെയ്തു. പരിശീലന പരിപാടി ഫൊറോനാ വികാരി റവ. ഫാ. തോമസ് ചേറ്റാനി ഉദ്ഘാടനം ചെയ്തു. ബഹു. ജോസ് കുളിരാനി അച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ശ്രീ. ബിജു ഒള്ളാട്ടുപുറം നന്ദി പ്രകാശിപ്പിച്ചു. റവ. ഫാ. ജോജോ ചങ്ങനാംതുണ്ടത്തിലിന്റെ നേതൃത്വത്തിൽ പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും രുചികരമായ ഭക്ഷണം നൽകി.

**റവ. ഫാ. ജോസ് കുളിരാനി**



# അറിയിപ്പുകൾ

## BIBLE TOURS

### Walk the steps of Jesus Christ

**Sub: A Subsidy of Rs. 20,000/-* to visit Holy Land.**

On behalf of the management of Bible Tours - A Bethlehem based company - Specialized in pilgrimage tour operation to Holy Land. We are pleased to offer a subsidy of Rs. 20,000/-* to the Indian Clergy and religious of Catholic Faith.

We strongly believe with this special subsidized offer the Priest, Nuns, Brothers will be able to visit the Holy Land. We are proud to share that hundreds of Priests, Nuns, Bishops and Archbishops traveled to Holy Land with Bible Tours.

We are looking forward to undertake pilgrimage for Indian Clergy to Holy Land in order to rejunuvate, relive the Bible by walking the steps of Jesus Christ in Holy Land.

We humbly request Your Excellency to announce this subsidy offer to all the churches, congregations, convents, in your region along with your communique in this regard.

Peter E. Fernandez
Head - India Marketing
09940111464

NB:- Each clergy who avails this subsidy required to travel with one more lay companion.

G1, Ambrosia 29, Pycrofts Garden Road,
Nungambakkam, Chennai - 600 006.
Tel: 91-44-45038004 / 9940102616 / 9940111461
E-mail : info@bibletours.in; www.bibletours.in




## *Programme*

## PASTORAL CENTRE, DWARAKA

### *October - 2008*

| | |
|---|---|
| 01 | *Corporate Teacher's Meet* |
| | *CML : Team Meeting* |
| 03 | *Zion CRC : Night Vigil* |
| 6 | *Zion CRC : Prayer Day, Christeen Prayer Day* |
| | *CML : Mekhala Secrataries' Meeting* |
| 04-08 | *Marriage Preparation Course* |
| 08-12 | *Youth Retreat* |
| 16 | *Zion CRC : Intercessory Prayer Day* |
| 19-24 | *Zion CRC : Retreat* |
| 26 | *Catechism : Headmaster's Meeting* |
| 27 | *Convention : Catechism Teachers* |
| 28-31 | *Marriage Preparation Course* |
| 31 | *Zion CRC : Night Vigil* |

**Rev. Fr. Mathew Madapallikunnel**
Director, Pastoral Centre



## Bishop's Programme

### 2008 October

| | |
|---|---|
| 1-17 .................. | USA |
| 18 Sat 19 Sun .... | Engaged |
| 20 Mon ............. | Visitors' Day |
| 22 Wed ............. | Visitors' Day |
| 24 Fri ................ | Out of Station |
| 25 Sat ................ | Silver Jubilee of St. Camillus Seminary, Mananthavady |
| 26 Sun ................ | Muttiyel : Pastoral Visit |
| 27 Mon .............. | Dwaraka : Cathechism Teachers' Meet |
| 28 Tue 29 Wed ...... | Peruvannamuzhy |
| 30 Thu ............... | Chungakunnu : Blessing of Grotto |
| 31 Fri ................ | Out of Station |

### 2008 November

| | | |
|---|---|---|
| 1 Sat | Morning | S. Bathery: MSMI Vestition and First Profession |
| | Afternoon | Moolankavu: Blessing of Church |
| 2 Sun ................ | | Adackathode: Parish Jubilee |

| | |
|---|---|
| *3 Mon ..............* | *Out of Station* |
| *4 Tue ..............* | *Kalpetta: Jubilee of St. Vincent's Convent* |
| *5 Wed .............* | *Visitors' day* |
| *6 Thu ..............* | *Engaged* |
| *7 Fri ...............* | *Out of Station* |
| *8 Sat 10 Mon....* | *Bharananganam: Holy Mass in connection with the canonization of Bl. Alphonsa* |
| *11 Tue 12 Wed ......* | *Good Shepherd major Seminary, Kunnoth* |
| *13 Thu 18 Tue .......* | *Delhi* |
| *19 Wed ........* | *Deepthi Bhavan Mananthavady: Holy Mass in commemoration of the canonization of Bl. Alphonsa* |
| *20 Thu .........* | *Mount Mary College: benefactors' day* |
| *21Fri ...........* | *Out of Station* |
| *22 Sat ..........* | *Dwaraka: SABS Vestition and First Profession* |
| *23 Sun .........* | *Karani: Blessing of Sunday School building* |
| *24 Mon 27 Thu ......* | *Dwaraka: Course for junior priests* |
| *28 Fri ..........* | *Out of station* |
| *29 Sat ..........* | *Palankara: Blessing of chapel* |
| *30 Sun .........* | *Pookottumpadam: Pastoral Visit* |